hinduvishwa malayalam cultural magazine
2014 AUGUST - SEPTEMBER ISSUE
http://vhp.org

# ഹിന്ദുവിശ്വ

2014 ആഗസ്റ്റ്-സെപ്റ്റംബർ 1190 ചിങ്ങം ₹ 10.00



## കൃഷ്ണം വന്ദേ ജഗദ്ഗുരും

ആർ.കെ. ദാമോദരൻ

## ദൈവദശകരചനാ ശതാബ്ദി ആഘോഷം

സച്ചിദാനന്ദസ്വാമി

## ഓണം

### ചരിത്രവും സാഹിത്യവും

50 സുവർണ്ണ ജയന്തി വർഷം

## വിശ്വഹിന്ദുപരിഷത്തിന് 50 വയസ്സ്

സുവർണ്ണജയന്തിവർഷത്തിൽ കൂടുതൽ മേഖലകളിൽ പ്രവർത്തനം എത്തിക്കാനും സമാജം നേരിടുന്ന ഏതൊരു വെല്ലുവിളിയെയും ഏറ്റെടുക്കാൻ സാധ്യമാകത്തക്ക വിധത്തിൽ പ്രവർത്തനങ്ങളെ വിപുലീകരിക്കാനുമാണ് വിശ്വഹിന്ദുപരിഷത്ത് ലക്ഷ്യമിടുന്നത്. ജനജാഗരണസമ്പർക്കയജ്ഞത്തിലൂടെ കൂടുതൽ ഹിന്ദുമിഷനറിമാരെ കണ്ടെത്താനും അവരെ സജ്ജരാക്കാനുള്ള പരിശീലനകേന്ദ്രങ്ങൾ തുടങ്ങാനുമുള്ള കർമ്മപദ്ധതിക്ക് വിശ്വഹിന്ദുപരിഷത്ത് നേതൃത്വം നൽകും.

# ഹിന്ദുവിശ്വ

malayalam cultural magazine

പുസ്തകം 30, ലക്കം 4

1190 ചിങ്ങം

2014 ആഗസ്റ്റ് – സെപ്റ്റംബർ



**പ്രസാധകൻ**
പി.എസ്. കാശിവിശ്വനാഥൻ

**പത്രാധിപസമിതി**
ജസ്റ്റിസ് എം. രാമചന്ദ്രൻ (റിട്ട.)
കെ.വി. മദനൻ
കുമ്മനം രാജശേഖരൻ
വി.മോഹനൻ
കെ. സുനീഷ്
(പത്രാധിപർ)
ഫോൺ: 0484 – 4046322

**ഉപദേശകസമിതി**
മാടമ്പ് കുഞ്ഞുകുട്ടൻ
പി. നാരായണക്കുറുപ്പ്
എസ്. രമേശൻനായർ
കെ.പി. ശശികല ടീച്ചർ

കവർ & ലേഔട്ട്
രാജേഷ് ചാലോട്






**കാര്യാലയം**
ഹിന്ദുവിശ്വ
ഹിന്ദുസാംസ്കാരികകേന്ദ്രം
കലൂർ, കൊച്ചി-682 017
കേരളം
ഫോൺ : 0484-2539322
ഫാക്സ് : 0484-2539322
hinduvishwa.malayalam@gmail.com


# ഓണാശംസകൾ




05 കൃഷ്ണം വന്ദേ ജഗത്ഗുരും
ആർ.കെ. ദാമോദരൻ

08 തിരുവോണം:
ഗതകാലചരിത്രത്തിലൂടെ
ഒരു ഓട്ടപ്രദക്ഷിണം
പ്രൊഫ. സി. ഐ. ഐസക്ക്

14 വിശ്വഹിന്ദുപരിഷത്തിന്
50 വയസ്സ്
വി. മോഹനൻ

18 രണ്ടു കവിതകൾ
ചെറുകുന്നം വാസുദേവൻ

19 ദൈവദശകരചനാ
ശതാബ്ദി ആഘോഷം
സച്ചിദാനന്ദസ്വാമി,
(ശ്രീനാരായണഗുരുദേവന്റെ
ദൈവോപനിഷത്ത് തുടർച്ച..)

22 ഗ്രഹങ്ങൾ തെളിച്ച വഴിയിൽ
ടി.കെ. ശങ്കരനാരായണൻ







26 കവിമനസ്സിൽ പൊന്നോണം
പൂത്തുലയുമ്പോൾ
രാജ്മോഹൻ കൂവളശ്ശേരി

29 മാധവചൈതന്യം
മാധവദാസ്

32 സമാജത്തിനുവേണ്ടി ജീവിച്ച ഒരാൾ
പി.എസ്. കാശിവിശ്വനാഥൻ

34 നിളാതീരത്തെ ദേവീക്ഷേത്രങ്ങൾ
ഡോ. രാജൻ ചുങ്കത്ത്

36 തൃശ്ശിവപുരിയെ കാവിയണിയിച്ച്
വിശ്വഹിന്ദുപരിഷത്ത് സമ്മേളനം

38 രാവുണ്യാരുടെ ഓണങ്ങൾ
പോരൂർ ഗോപാലകൃഷ്ണൻ

42 **ജ്യോതിഷം**
നീലമന കൃഷ്ണൻ നമ്പൂതിരി






**എഡിറ്റോറിയൽ**

# ചരിത്രത്തെ അറിയുക

**എന്തായാലും ഇത്തരം നിസ്വാർത്ഥമതികളായ ദേശാഭിമാനികൾ ഇക്കാലത്തും നമുക്കിടയിലുണ്ട് എന്നത് വിശ്വഹിന്ദുപരിഷത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് തുടക്കമാകുന്ന ഈ വേളയിൽ സന്തോഷം പകരുന്നു. ജസ്റ്റിസ് എ.ആർ. ധവേക്കും ദിനനാഥ് ബത്രക്കും ഞങ്ങളുടെ കൂപ്പുകൈ.**

ഭഗവദ്ഗീതയും മഹാഭാരതവും ചെറുപ്പംമുതലേ കുട്ടികളുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന സുപ്രീംകോടതി ജഡ്ജി എ.ആർ.ധവേയുടെ പ്രസ്താവന ചില കേന്ദ്രങ്ങളിൽ അസ്വസ്ഥതയുണ്ടാക്കിയിരിക്കുകയാണ്. ഗുജറാത്ത് ലോ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ഒരു അന്താരാഷ്ട്ര സെമിനാറിൽ 'ആഗോളവൽക്കരണകാലത്തെ മനുഷ്യാവകാശപ്രശ്നങ്ങളും വെല്ലുവിളികളും' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്നത്തെ എല്ലാവിധ പ്രശ്നങ്ങൾക്കും പരിഹാരം ഗുരുശിഷ്യപരമ്പര പോലുള്ള നമ്മുടെ പാരമ്പര്യം നഷ്ടമായതാണെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. താനാണ് ഇന്ത്യയുടെ പരമാധികാരിയെങ്കിൽ ഗീതയും മഹാഭാരതവും ഒന്നാം ക്ലാസിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമായിരുന്നുവെന്നും അതാണ് എങ്ങനെ ജീവിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്നതെന്നും നല്ലതിനെ എവിടെനിന്നായാലും സ്വീകരിക്കണമെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

ഈ കാലഘട്ടത്തെ സൂക്ഷ്മമായും സജീവമായും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരാളാണ് സുപ്രീംകോടതി ജഡ്ജിയായ അദ്ദേഹമെന്നതിൽ തർക്കമില്ല. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ നിർദ്ദേശത്തിന് വളരെ പ്രസക്തിയുണ്ട്. എന്നാൽ ചില പ്രസ്താവനാ തൊഴിലാളികളായ കപടബുദ്ധിജീവികളും മാർക്സിസ്റ്റ്/ കോൺഗ്രസ് രാഷ്ട്രീയ നേതാക്കളും ഇതിനെതിരെ പതിവ് പ്രസ്താവനകളുമായി രംഗത്തുവരികയുണ്ടായി. ഇന്ത്യയുടെയോ ഇന്ത്യക്കാരന്റെയോ ഉന്നമനത്തിൽ യാതൊരു താത്പര്യവും പുലർത്താത്ത ഇവർ താത്കാലികവും അവസരവാദപരവുമായ വിജയത്തിനു വേണ്ടിയാണ് ഇത്തരം കാപട്യങ്ങൾ പുലർത്തുന്നത് എന്നത് വിവേകമുള്ളവർക്ക് അറിയാവുന്നതുമാണ്. നമ്മുടെ പാരമ്പര്യത്തെയും മൂല്യങ്ങളെയും തള്ളിപ്പറയുകയും നിഷേധിക്കുകയും ചെയ്യുക എന്നത് ഇവരുടെ വിനോദമാണ്. അതിനുവേണ്ടി അവർ ഏതറ്റംവരെ പോകാനും തയ്യാറുമാണ്. ഈ സാഹചര്യത്തിൽ, തന്നെയൊരു മതവാദിയായി കണ്ടാലും വിരോധമില്ലെന്ന് പറയാൻ അദ്ദേഹം കാണിച്ച ധൈര്യം അഭിനന്ദനാർഹം തന്നെ.

അതുപോലെ ഇന്ത്യൻ ചരിത്രഗവേഷണ കൗൺസിലിന്റെ ചെയർമാനായി യെല്ലപ്രഗഡ സുദർശൻ റാവുവിനെ നിയമിച്ചതിനെതിരെ റോമിലാ ഥാപ്പർ തുടങ്ങിയ ചരിത്രകാരന്മാർ രംഗത്തുവന്നതിലും സ്ഥാപിതതാത്പര്യങ്ങൾ തന്നെയാണ്. കാകതീയ സർവകലാശാലയിലെ ചരിത്രവിഭാഗം തലവനായിരുന്ന അദ്ദേഹത്തിന്റെ അക്കാദമിക് യോഗ്യതകളും ചിലർ ചോദ്യം ചെയ്തിരിക്കുന്നു. വാസ്തവത്തിൽ രാമായണത്തിന്റെയും മഹാഭാരതത്തിന്റെയും ചരിത്രപരമായ സാധുതയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനമാണ് ഇവരെയെല്ലാം വിറളിപിടിപ്പിച്ചിരിക്കുന്നത്. ഭാരതീയ ഇതിഹാസങ്ങൾക്ക് ചരിത്രപരമായ സാംഗത്യമുണ്ടെന്ന് മനസ്സിലാക്കാൻ വലിയ ചരിത്രാവബോധമൊന്നും ആവശ്യമില്ല. സൂക്ഷ്മമായി അതിലൂടെ കടന്നുപോകുന്ന ഏതൊരാൾക്കും അറിയാവുന്നതാണ് ഇക്കാര്യം. മഹാഭാരതത്തെ കുറിച്ച് പറയുമ്പോൾ അതിലില്ലാത്തതൊന്നും വേറെയെവിടെയുമില്ലെന്ന് പറഞ്ഞുകേൾക്കാറുണ്ട്. കേവലം അതിശയോക്തിയോടെ കാണേണ്ടതല്ല ഇത്. ജർമ്മനി അടക്കമുള്ള രാഷ്ട്രങ്ങളുടെ വികസനത്തെ കുറിച്ചും പുരോഗതിയെ കുറിച്ചും അതിശയം കൂറുന്നവർ ഓർക്കേണ്ടതായ ഒരു കാര്യം ഈ രാഷ്ട്രങ്ങളെല്ലാം തങ്ങളുടെ പൗരാണികസംസ്കൃതിക്ക് കൊടുക്കുന്ന പ്രാധാന്യവും പ്രസക്തിയുമാണ്.

മഹാഭാരതത്തെയും രാമായണത്തെയും ആധാരമാക്കിയും ഉപജീവിച്ചും എത്ര കൃതികളാണ് ലോകത്തെങ്ങും ഉണ്ടായിട്ടുള്ളത്. സാഹിത്യകൃതികളും മാനവികപഠനങ്ങളുമെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇതിൽ വിദേശികളായ ഒന്നാംകിട പണ്ഡിതന്മാരും ഉണ്ടെന്നത് അവഗണിക്കാനാവില്ല.

ഈ പശ്ചാത്തലത്തിൽ നമ്മുടെ സാംസ്കാരിക നായകന്മാർ ദിനനാഥ് ബത്രയെ പോലുള്ള വിദ്യാഭ്യാസവിചക്ഷണന്മാർ നടത്തിവരുന്ന സേവനങ്ങളെ അപഹസിക്കുന്നത് എത്രമാത്രം ദേശദ്രോഹപരമാണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. വിവിധ വൈദേശിക കേന്ദ്രങ്ങളുടെ അജണ്ടയുടെ ഭാഗമായ മാനദണ്ഡങ്ങൾ അടിച്ചേല്പിച്ച് നമ്മുടെ പാഠ്യപദ്ധതിയെ വികലമാക്കിയ സമകാലികപ്രവണതകൾക്കെതിരെ സമാന്തര പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ് അദ്ദേഹം. നമ്മുടെ രാഷ്ട്രത്തിലും സംസ്കാരത്തിലും അഭിമാനമുള്ള ഒരു ജനതതിയെ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ഒരു പദ്ധതിയാണ് അദ്ദേഹം വിഭാവനം ചെയ്യുന്നത്. വിദഗ്ധരടങ്ങുന്ന ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ അതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. പൂർത്തിയാകുന്ന മുറക്ക് അത് സർക്കാരിന് സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. യാതൊരുവിധത്തിലുള്ള സർക്കാർ സഹായവും ഇല്ലാതെയാണ് ഇതെന്നതും എടുത്തുപറയേണ്ടതുണ്ട്. എന്തായാലും ഇത്തരം നിസ്വാർത്ഥമതികളായ ദേശാഭിമാനികൾ ഇക്കാലത്തും നമുക്കിടയിലുണ്ട് എന്നത് വിശ്വഹിന്ദുപരിഷത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് തുടക്കമാകുന്ന ഈ വേളയിൽ സന്തോഷം പകരുന്നു. ജസ്റ്റിസ് എ.ആർ. ധവേക്കും ദിനനാഥ് ബത്രക്കും ഞങ്ങളുടെ കൂപ്പുകൈ.

# കൃഷ്ണം വന്ദേ ജഗത്ഗുരും

**ആർ.കെ. ദാമോദരൻ** (കവി, ചലച്ചിത്രഗാനരചയിതാവ്)



*വസുദേവസുതം ദേവം*
*കംസചാണൂര മർദ്ദനം*
*ദേവകീ പരമാനന്ദം*
*കൃഷ്ണം വന്ദേ ജഗത്ഗുരും*

*ഹരേ രാമ, ഹരേ രാമ*
*രാമ രാമ ഹരേ ഹരേ!*
*ഹരേ കൃഷ്ണ, ഹരേ കൃഷ്ണ*
*കൃഷ്ണ കൃഷ്ണ ഹരേ ഹരേ!*

ജഗത്ഗുരുവായ കൃഷ്ണഭഗവാന് നമസ്കാരം. കൃഷ്ണൻ ദേവകീപരമാനന്ദം മാത്രമല്ല, ത്രിലോകീ പരമാനന്ദവുമാണ്. 'ഹരേ രാമ' മന്ത്രത്തിൽ നാം ആദ്യം രാമനേയും പിന്നീട് കൃഷ്ണനേയും സ്തുതിക്കുന്നു. എന്താണിങ്ങനെ? വാല്മീകിയുടെ രാമൻ മനുഷ്യനാണ്. സർവ്വഗുണസമ്പന്നനായ ഒരു വ്യക്തിയെപ്പറ്റി വാല്മീകി-നാരദ സംവാദം നടന്നപ്പോഴാണ് രാമൻ ജനിക്കുന്നത്. മനുഷ്യൻ മനുഷ്യനെതന്നെയാണ് - അവനവനെത്തന്നെയാണ് ആദ്യം കാണുക. അവനിലെ ഭൗതികനായ മര്യാദാപുരുഷോത്തമനെ - ഹരേ രാമ.. - അവൻ ആദ്യം അങ്ങനെ രാമനെ കണ്ടു. അതുകൊണ്ടുതന്നെയാണ് 'ഗൃഹസ്ഥാശ്രമജീവിതത്തിന്റെ യഥാതഥവും വികാരഭരിതവുമായ ചിത്രണമാണ് രാമായണ'മെന്ന് മഹാകവി ടാഗോർ ദർശിച്ചത്.

ഇനി കൃഷ്ണനിലേക്കു വരാം. കൃഷ്ണൻ പൂർണാവതാരമാണ്.

**ഒരു ജന്മാഷ്ടമി കൂടി വന്നണയുമ്പോൾ ഹിംസയുടെ കംസനെ വധിക്കാൻ നമ്മളിലെ ക്രിയാത്മകതയുടെയും സർഗ്ഗാത്മകതയുടെയും കൃഷ്ണൻ ജനിക്കുമാറാകട്ടെ..**



വിഷ്ണുഭഗവാന്റെ ഒമ്പതാം അവതാരം. ചിങ്ങമാസത്തിൽ ബ്രഹ്മനക്ഷത്രസംയോഗത്തിൽ – അഷ്ടമിരോഹിണി – ശംഖചക്രഗദാപദ്മനായി ജനിച്ച ഭഗവാൻ.

*അച്യുതം കേശവം*
*––––––––––––––––*
*––––––––––––––––*
*കൃഷ്ണദാമോദരം*
*വാസുദേവം ഭജേ.*

കൃഷ്ണശബ്ദത്തോട് ചേർന്നു നിൽക്കുന്നതാണ് എന്റെ പേര് – ദാമോദരൻ – (ദാമോദരം).

ഞാൻ, ദാമോദരസങ്കല്പത്തിൽ കൃഷ്ണനെ ദർശിച്ചപ്പോൾ എനിക്ക് ഇങ്ങനെ ഒരു തത്ത്വദർശനം ഉണ്ടായി. അത് ഒരു കൃഷ്ണകഥയിൽനിന്നു കൈവന്ന ദർശനമാണ്. അമ്പാടി – യശോദ, കൃഷ്ണനെ മുലയൂട്ടുന്നു. അടുക്കളയിൽ പാൽ തിളച്ചുമറിയുന്നതു കണ്ട് അവർ കൃഷ്ണനെ നിലത്തു കിടത്തി അടുക്കളയിലേക്കു പോയി. ദേഷ്യത്തിൽ കൃഷ്ണൻ അമ്മിക്കല്ലെടുത്തെറിഞ്ഞ് പാൽക്കലമുടച്ചു. വികൃതിക്കണ്ടപ്പനായ ഉണ്ണികൃഷ്ണനെ തായയായ യശോദ ഉരലിൽ കെട്ടിയിട്ടു. കൃഷ്ണൻ ഉരൽ വലിച്ചുകൊണ്ടോടി. ഉരൽ, മരുത്‌വൃക്ഷങ്ങളിൽ തടഞ്ഞു. കൃഷ്ണൻ ആഞ്ഞ് കയർ പൊട്ടിച്ചോടി. ഓട്ടംകണ്ട് അന്തംവിട്ട് യശോദ, 'ദാമോദരാ' എന്ന് ഉറക്കെ വിളിച്ചു. ദാമം (കയർ) ഉദരത്തിൽ (വയർ) ഉള്ളവനേ എന്നർത്ഥം. 'കയറുവയറൻ' എന്ന പേരും അന്വർത്ഥമായിരുന്നു. ഇന്നത്തെപ്പോലെ 'നിഷാദ്' (നിഷാദൻ = കാട്ടാളൻ) എന്നൊന്നും അനർത്ഥത്തിൽ അന്ന് പേരിടുകയില്ലായിരുന്നു! യശോദ വിളിച്ചിട്ടും ദാമോദരകൃഷ്ണൻ നിൽക്കാതെ ഓടി. ഇവിടെയാണ് തത്ത്വദർശനം വരുന്നത്. നാം ഏത് ആശാപാശം (ആഗ്രഹത്തിന്റെ കയർ) കൊണ്ട് കെട്ടിയിട്ടാലും ഏതു വിലപ്പെട്ടതും നമ്മെ കൈവിട്ടുപോകും! അതുകൊണ്ട് Attachment (ആസക്തി) യല്ല Detachment (വിരക്തി)യാണ് നമ്മളെ സന്തോഷിപ്പിക്കുക എന്ന് അറിയുക. ഭഗവദ്ഗീതയിൽ 'അനാസക്തിയോഗം' എന്ന് പറയുന്നത് ഈ 'ദാമോദരഭാവനം' തന്നെയാണ്.

ഇനി ശ്രീകൃഷ്ണന്റെ പ്രകൃതം നോക്കാം. ഓടക്കുഴൽ, മയിൽപ്പീലി, പീതാംബരം...അങ്ങനെയങ്ങനെ.....

ഒമ്പതാം അവതാരമാണ് ശ്രീകൃഷ്ണൻ. ഓടക്കുഴലിന് നവദ്വാരങ്ങൾ. വനത്തിലെ വണ്ടു തുളച്ച ഓടത്തണ്ടിൽ പ്രകൃതിയുടെ നിശ്വാസമായ കാറ്റ് കടന്നുകയറുമ്പോഴാണ് പാട്ടുണ്ടാകുന്നത്. 'മലയമാരുതം' എന്ന രാഗംതന്നെ അതിന്റെ ജൈവഭാവം തെളിയിക്കുന്നു. 'ബൃന്ദാവനസാരംഗ'യും 'യമുനാകല്യാണി'യും ഒക്കെ കൃഷ്ണാർപ്പണമായ ജൈവരാഗങ്ങൾതന്നെ.



കൃഷ്ണന്റെ കൈയിലെ, അതായത് ഭഗവാന്റെ കൈയിലെ ഉപകരണമാണ് നവദ്വാരമുള്ള പുല്ലാങ്കുഴൽ. ഒരർത്ഥത്തിൽ, നവദ്വാരമുള്ള മനുഷ്യന്റെ പ്രതീകം തന്നെയല്ലേ ഈ ഓടക്കുഴൽ. അതിൽ, ഭഗവത്‌ചൈതന്യമായ വായു നിലച്ചാൽ മനുഷ്യനിൽ ജീവസംഗീതമില്ല, ജീവരാഗമില്ല. എത്ര സരളസങ്കീർണ്ണമായ ജീവിതസാരമാണത്. മനുഷ്യൻ ഭഗവാന്റെ കൈയിലെ ഒരു ഉപകരണം മാത്രം!

**ആ പീലിക്കണ്ണും ആ വേണുനാദവും ആ പീതാംബരവും ആ പ്രണയവും ആ ആകർഷണീയതയും അമ്പാടിയും ദ്വാരകയും ആ കുറുമ്പും കുന്നിക്കുരുവും കുരുക്ഷേത്രവും എന്തിനേറെ ഭഗവാന്റെ പതിനാറായിരത്തെട്ട് ഭാവഭംഗികളും നിത്യം കണികാണുമാറാകട്ടെ. അമ്മമാർ യശോദമാരും അച്ഛന്മാർ വസുദേവർമാരും സ്വപ്നങ്ങൾ ഗോപികമാരും സ്വർഗ്ഗങ്ങൾ അമ്പാടികളുമൊക്കെയായിത്തീരട്ടെ. ജന്മം ജന്മാഷ്ടമീ സാഫല്യമാകട്ടെ. കർമ്മം ദ്വാപരദ്വാരക തീർക്കട്ടെ.**

പീതാംബരം – മഞ്ഞപ്പട്ട്. മഞ്ഞനിറം പ്രസാദാത്മകതയാണ്. കണിക്കൊന്നയുടെ പ്രസാദാത്മകത്വം കണ്ണിലും കരളിലും പൂത്തുലയുന്ന മഞ്ഞതന്നെ. ജീവിതം പ്രസാദാത്മകമാക്കാൻ കൃഷ്ണസങ്കല്പം മനസ്സിൽ കരുതുക. വിഷാദാത്മകത മാറി വിഷുപ്പുലരിയെത്തും.

മയിൽപ്പീലി, തൃതീയ പുരുഷാർത്ഥമാകുന്ന കാമമാണ്. ആഗ്രഹങ്ങളിൽ നിന്നാണ് ആസക്തിയുണ്ടാകുക. നയനേന്ദ്രിയമാണ് ബാഹ്യലോകത്തിലേക്കും ഭൗതികത്തിലേക്കും നമ്മെ ഭോഗാസക്തരാക്കുന്നത്. പുറംകണ്ണ് പൂട്ടി അകക്കണ്ണാൽ അമ്പാടിക്കണ്ണനെ കാണണം. അന്തർമുഖനായി (Introvert) ആദ്ധ്യാത്മികജീവിതം നയിക്കണമെന്നർത്ഥം. അതാണ് മയിൽപ്പീലിക്കണ്ണന്റെ രൂപസന്ദേശം. വെണ്ണയാണ് ഭക്ഷണം – എന്തിൽനിന്നും അതിന്റെ ധവളസാരാംശം കടഞ്ഞെടുത്ത് കഴിക്കുക, ഗ്രഹിക്കുക. ജീവിതം, ശ്രുതിചേർന്ന രാഗരാധയോടൊപ്പം, പ്രേമമായി കൊണ്ടാടുക.

*'കാമനെന്നിവനെ സ്ത്രീകൾ*
*കാലനെന്നോർത്തു വൈരികൾ!'*

എന്ന മട്ടിൽ കർമ്മകാണ്ഡത്തിലെ കംസനെ ഹിംസിക്കുക.

കൃഷ്ണകഥകൾ രസകരങ്ങളും രതിദീപകങ്ങളുമാണെന്ന് സാധാരണ മനുഷ്യന് തോന്നാമെങ്കിലും അവയിലെ



ഗുണപാഠങ്ങളും തത്ത്വചിന്തനങ്ങളും അത്യുദാത്തങ്ങളാണ്.

കാളിന്ദിയിലെ ഗോപസ്ത്രീസ്നാനം തന്നെ നോക്കാം. കരയിലെ, പെണ്ണുടയാടകൾ കവർന്ന് കടമ്പിൻകൊമ്പിൽ കയറിയിരുന്ന് വേണുഗാനം ചെയ്ത് കൃഷ്ണൻ പെൺകുളി കണ്ടിരുന്നുവെന്നും വെള്ളത്തിൽ നഗ്നത മറച്ചുനിന്ന ഗോപികമാർ വസ്ത്രം യാചിച്ചിട്ടും ഭഗവാൻ നൽകിയില്ലെന്നും, കരയിൽ കയറിനിന്ന് ചോദിച്ചാൽ വസ്ത്രങ്ങൾ തരാമെന്ന് പറഞ്ഞത് കൃഷ്ണന് ഗോപസ്ത്രീകളുടെ പൂർണ്ണനഗ്നത ആസ്വദിക്കാനുമാണെന്ന് 'ഭാഗവതം ദശമസ്കന്ധം' വായിച്ചുകേട്ട ഒരു സാധാരണ 'വിഭക്തൻ' സംശയമുന്നയിച്ചേക്കാം. ഈ കഥ, കൃഷ്ണസങ്കല്പസാരമാകുന്നതിങ്ങനെയാണ് - നീ നിന്റെ ശരീരത്തെ മറന്ന് ആത്മാവിനെ ആരാധിക്കുക. അതാണ് ഈശ്വരസാക്ഷാത്കാരം. ശരീരമെന്ന അമിതബോധം ആത്മാവെന്ന ആത്യന്തികബോധം കെടുത്തുന്നു!

ഗോവർദ്ധനോദ്ധാരണം എന്താണ്? പ്രകൃതിയാണ് കുലദൈവതം. അതിനെ ത്യജിക്കാതെ യജിക്കുക. ഗോവർദ്ധന പർവ്വതത്തെ പൂജിക്കുക. അമ്പാടിവാസികളായ അധുനാതനർക്കും അതിവൃഷ്ടിയിൽ കുടയാകാനും അനാവൃഷ്ടിയിൽ നദി പെയ്യാനുമുള്ള മഹാപരിസ്ഥിതിപാഠമാകുന്നു അത്.



ദർപ്പസർപ്പമാകുന്ന കാളിയനെ മർദ്ദിക്കുന്ന ഭാഗവതഭാഗം അഹങ്കാരവിഷം ചീറ്റുന്ന അഞ്ചിന്ദ്രിയങ്ങളുടെയും (പഞ്ചഫണങ്ങൾ) പത്തിമടക്കിക്കുന്ന ആത്മീയബോധനമാണ്. കാളിന്ദിയിൽ വിഷം കലക്കുന്ന ആധുനിക പരിസ്ഥിതിമലിനീകരണ കാളിയന്മാരെ, പത്തിയൊടിച്ച് രക്തം ഛർദ്ദിപ്പിച്ച് രമണകദ്വീപിലേക്ക് പായിക്കേണ്ട ഉദ്ബോധനം ഭാഗവതം എന്നേ നമുക്ക് നൽകിയിട്ടുണ്ട്.

ദ്വാരകയിലെത്തിയ സപ്തർഷികളെ, സാംബനെ ഗർഭിണിവേഷം കെട്ടിച്ച്, ഇരുമ്പുലക്കയെന്ന് ഉത്തരം മേടിച്ച യാദവരിൽ കലഹം പ്രതീക്ഷിച്ച് ആദ്യമായി 'മദ്യനിരോധനം' പ്രഖ്യാപിച്ച ഭഗവാൻ, ഭാഗവതം ഒക്കെ ഇന്നും ഇവിടെ പ്രസക്തമാകുകയാണ്.

കൗരവസദസ്സിൽ, ദുശ്ശാസനനാൽ വസ്ത്രാക്ഷേപിതയായ പാഞ്ചാലി 'ഹേ, ദ്വാരകാനാഥാ...' എന്ന് വിളിച്ച് വിലപിച്ച്, ഏറെ വൈകിവന്ന കൃഷ്ണഭഗവാനോട്, 'എന്തേ ഇങ്ങനെ പരീക്ഷണം' എന്ന് പരിഭവിച്ചപ്പോൾ, കൃഷ്ണേ, നീ നിന്റെയുള്ളിലെ എന്നെ കാണാഞ്ഞ് ദ്വാരകയിൽ എന്നെ തിരഞ്ഞതിനാലാണ് ഞാൻ മനഃപൂർവ്വം വൈകിവന്നത്' എന്നായിരുന്നുവത്രെ ഭഗവാന്റെ മറുപടി. നിന്റെ ഉള്ളിൽതന്നെയാണ് ഞാനെന്ന ഭഗവാൻ. ഞാൻതന്നെയാണ് ബ്രഹ്മം (അഹം ബ്രഹ്മാസ്മി). അതു നീതന്നെയാണ് (തത് ത്വം അസി). ഇതാണ് പരമാർത്ഥം.

കൃഷ്ണകഥയാണ് ഭാഗവതം. അതുതന്നെയാണ് ഭാരതത്തിൽ ആദ്യമുണ്ടായതും. കൃഷ്ണഗാഥയാണ് ചെറുശ്ശേരി 16-ാം നൂറ്റാണ്ടിൽ ആദ്യമായി മലയാളത്തിൽ പാടിത്തന്നതും. എഴുത്തച്ഛനാണ് ഭാഷാപിതാവെങ്കിലും തുഞ്ചത്താചാര്യന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന് മുമ്പേ ചെറുശ്ശേരി നമ്മെ കൃഷ്ണഗാഥ കേൾപ്പിച്ചു. ഒരു ജന്മാഷ്ടമി കൂടി വന്നണയുമ്പോൾ ഹിംസയുടെ കംസനെ വധിക്കാൻ നമ്മളിലെ ക്രിയാത്മകതയുടെയും സർഗ്ഗാത്മകതയുടെയും കൃഷ്ണൻ ജനിക്കുമാറാകട്ടെ.

ആ പീലിക്കണ്ണും ആ വേണുനാദവും ആ പീതാംബരവും ആ പ്രണയവും ആ ആകർഷണീയതയും അമ്പാടിയും ദ്വാരകയും ആ കുറുമ്പും കുന്നിക്കുരുവും കുരുക്ഷേത്രവും എന്തിനേറെ ഭഗവാന്റെ പതിനാറായിരത്തെട്ട് ഭാവഭംഗികളും നിത്യം കണികാണുമാറാകട്ടെ. അമ്മമാർ യശോദമാരും അച്ഛന്മാർ വസുദേവർമാരും സ്വപ്നങ്ങൾ ഗോപികമാരും സ്വർഗ്ഗങ്ങൾ അമ്പാടികളുമൊക്കെയായിത്തീരട്ടെ. ജന്മം ജന്മാഷ്ടമീ സാഫല്യമാകട്ടെ. കർമ്മം ദ്വാപരദ്വാരക തീർക്കട്ടെ.



പ്രൊഫ. സി. ഐ. ഐസക്ക്

# തിരുവോണം: ഗതകാലചരിത്രത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണം



ഒരു ഗതകാലവസന്തത്തിന്റെ ഓർമ്മകളെ പുനർസൃഷ്ടിച്ചുകൊണ്ടാണ് ഓരോ ഓണവും നമ്മെ തേടിയെത്തുന്നത്. പ്രകൃതിയുടെ നിറവാണ് ഓണത്തെ അനന്യമാക്കുന്നത്. എന്തുകൊണ്ട് മാറിക്കൊണ്ടിരിക്കുന്ന മലയാളി ഓണത്തനിമയുടെ ആദ്ധ്യാത്മീക ഭൗതികത്തനിമകൾ ചോരാതെയിന്നും ചുമലിലേറ്റുന്നു? യുക്തിയും ശാസ്ത്രചിന്തയും മേൽക്കൈ നേടിയ മലയാളത്തിൽ എന്തുകൊണ്ട് ഐതിഹ്യങ്ങളുടെ നിറവിലാചരിക്കപ്പെടുന്ന ആഘോഷത്തിന്റെ ചാരുത ഇന്നും ക്ഷയിക്കുന്നില്ല? അന്വേഷിക്കേണ്ടിയിരിക്കുന്നു. ഏതൊരു ഉത്സവത്തിനും എന്നപോലെ ഓണത്തിനുമുണ്ട് ഒരു ചരിത്രം; ഒരു അലിഖിത ചരിത്രം അഥവാ ഐതിഹ്യം. അതേ, ഒരു വാങ്മൂലചരിത്രം. ഈ ഐതിഹ്യത്തിന്റെ അവ്യക്തതക്കു വിരാമമിടാൻ ഒരുപാടു ചരിത്ര/ഭാഷാ പണ്ഡിതന്മാർ ശ്രമിച്ചിട്ടുമുണ്ട്. അതിനെയൊന്നും നിഷേധിക്കുവാനല്ല ശ്രമിക്കേണ്ടത്, മറിച്ച് അതിലന്തർലീനമായിരിക്കുന്ന ആദ്ധ്യാത്മീക സ്വാധീനത്തെ കണ്ടെത്തുകയാണ്. ഓണംപോലെയുള്ള ഉത്സവങ്ങൾ ആദ്ധ്യാത്മീകതക്കൊപ്പം ചരിത്രാരംഭം മുതൽ തന്നെ വ്യാപാര വ്യവസായരംഗത്തിനും കരുത്തേകിയിരുന്നതായി ശ്രീധരമേനോൻ പറയുന്നുണ്ട്. (ഏ. ശ്രീധരമേനോൻ, ഏ സർവ്വേ ഓഫ് കേ



**നമ്മുടെ പ്രാക്ചരിത്രം നിരവധി ഐതിഹ്യങ്ങളുടെ ആകെത്തുകയാണ്. നമ്മുടെ ചരിത്രകാലത്തെ നിരവധി സംഭവങ്ങൾ വായ്മൊഴിയായ് തലമുറകൾ കടന്ന് ഐതിഹ്യം പോലെ നമ്മുടെ വ്യാവഹാരികജീവിതത്തിൽ ഇപ്പോഴും സജീവമാണെന്ന വസ്തുത വിസ്മരിച്ചിട്ടു കാര്യമില്ല. നമ്മുടെ ഓരോ ഗ്രാമങ്ങൾക്കും, ക്ഷേത്രങ്ങൾക്കും ഇത്തരം ഐതിഹ്യത്തിലധിഷ്ഠിതമായ ഒരു ചരിത്രമുണ്ട്. ഏതു ഗ്രാമത്തിൽ ചെന്നാലും നമുക്കു കേൾക്കാൻ കഴിയുന്നത് ആ നാടിന്റെ പൂർവ്വകാലത്തിന്റേതായ ഒരു ഐതിഹ്യമായിരിക്കും.**

രളാ ഹിസ്റ്ററി, കോട്ടയം, 1970, പുറം 152). അതേപോലെ തന്നെ ഗൃഹാതുരതയാർന്ന മനസ്സോടെയാണ് മലയാളി ഇന്നും തിരുവോണത്തെ ലോകത്തെവിടെയും വരവേല്ക്കുന്നത് എന്ന യാഥാർത്ഥ്യത്തെ കൂടി മുഖവിലക്കെടുത്തുകൊണ്ട് നമ്മുടെ ഗതകാലചരിത്രത്തിന്റെ ഏടുകളിലൂടെ ഒരു ഓട്ടപ്രദക്ഷിണമാണ് ഇവിടെ നടത്തുവാനാഗ്രഹിക്കുന്നത്.

ഏതൊരു പുരാതന സംസ്കാരത്തിന്റെയും ചരിത്രം ഐതിഹ്യങ്ങളിൽനിന്നാണ് തുടങ്ങുന്നത്. ചിലപ്പോൾ അതിനു മതപരമായ പരിവേഷവും ഉണ്ടായേക്കാം. ഉണ്ടാവാതെ വാങ്മൂല ചരിത്രത്തിന് നിലനില്പില്ലല്ലോ. സംസ്കാരത്തിന്റെ ജനനം പ്രാക്ചരിത്രകാലത്തെവിടെയോ ആയിരുന്നതുകൊണ്ടാവാം ഇങ്ങനെ സംഭവിക്കുന്നത്. ഒരുപക്ഷെ ഇത്തരം സമൂഹങ്ങൾ അവരുടെ കഴിഞ്ഞ കാലങ്ങൾ ആദ്ധ്യാത്മികതയുടെ നിറവിൽ ഹൃദിസ്ഥമാക്കിയതുകൊണ്ടാകാം അവരുടെയൊക്കെ ചരിത്രത്തിന് കാല്പനികതയുടെ തിളക്കം വന്നുപെടുന്നത്. അതുകൊണ്ട് നമ്മൾ അവരുടെ ചരിത്രത്തെ ഐതിഹ്യം (ലെജണ്ട്) എന്നു വിളിക്കുന്നു. എന്നാൽ ഐതിഹ്യങ്ങളിലെ ചരിത്രാംശത്തെ തള്ളിക്കളയാനാകുമോ? പാശ്ചാത്യലോകം അവരുടെ ചരിത്രനിർമ്മിതിക്കുവേണ്ടി ബൈബിളിലെ ഐതിഹ്യസമങ്ങളായ കഥകളെ ആശ്രയിച്ചപ്പോൾ അതിന് ചരിത്രപരിവേഷം നൽകാൻ മടിച്ചില്ല. പക്ഷേ കേരളത്തിന്റെ കാര്യത്തിൽ അതേ ചരിത്രരചനാസമ്പ്രദായം തികച്ചും ഭിന്നമായ ഒരു സമീപനമല്ലേ ഇന്നും തുടരുന്നത്? ഭാരതത്തിന്റെ പൈതൃക ഗുണമായ ആദ്ധ്യാത്മികതയെ കണക്കിലെടുക്കാതിരുന്നതുകൊണ്ടാകാം നമ്മുടെ പ്രാക്ചരിത്രം ഉൾക്കൊള്ളുന്ന ഐതിഹ്യങ്ങൾ ഒട്ടും ചരിത്രാംശമില്ലാത്ത കെട്ടുകഥകളെന്ന അർത്ഥം വരുന്ന ലജണ്ടുകളുടെ നിലവാരത്തിലേക്കു താഴ്ത്തപ്പെടാനിടവന്നത്. ലജണ്ടുകൾക്ക് ഒരിക്കലും സമാനമല്ല നമ്മുടെ ഐതിഹ്യങ്ങൾ. ഇതിഹത്തിൽ ഭവിച്ചത് ഐതിഹ്യം എന്നാണ് നമ്മുടെ നിഘണ്ടുകാരന്മാർ ഐതിഹ്യത്തിനു നൽകുന്ന അർത്ഥം. ചരിത്രം നമുക്ക് ഇതിഹാസമാണ്. ആയത് നമുക്ക്:

> ‘ധർമ്മാർത്ഥ കാമമോക്ഷാണാം
> ഉപദേശസമന്വിതം
> പൂർവ്വവൃത്തം കഥായുക്തം

ഇതിഹാസം പ്രചക്ഷ്യതേ ആണ്, അല്ലാതെ കേവലം എപ്പിക്കുകളല്ല (epic). അതായത് ചരിത്രംതന്നെ. ഇവിടെ നിന്നുകൊണ്ട് നമുക്ക് തിരുവോണത്തിന്റെ ചരിത്രം പരിശോധിക്കാം. ഇവിടെ നമുക്കാവശ്യം ഇത്തരം ഐതിഹ്യങ്ങളുടെ വെളിച്ചത്തിൽ നാം നമ്മുടെ ചരിത്രത്തെ പുനർവിചിന്തനത്തിനു വിധേയപ്പെടുത്തുവാനുള്ള ശ്രമങ്ങളാണ്. അല്ലാതെ പാശ്ചാത്യമായ ലജണ്ടിനെ ഭാഷാന്തരം ചെയ്യിച്ച് ഐതിഹ്യമാക്കി നമ്മുടെ ചരിത്രത്തിന്റെ സൗന്ദര്യം നശിപ്പിക്കലല്ല. പഴഞ്ചൊല്ലിൽ പതിരില്ല എന്നു പറയുന്നതുപോലെ ഐതിഹ്യങ്ങളിൽ അസത്യങ്ങളില്ല എന്നു പറയുന്നതാകും ഏറെ ശരി. കേരളത്തിന്റെ



ചരിത്രം പേറുന്ന എല്ലാ ഐതിഹ്യങ്ങളും ഇവിടെ പരാമർശിക്കുന്നത് ദുഷ്കരമാണ്. അതുകൊണ്ട് ഉദാഹരണമായി പ്രാതിനിധ്യസ്വഭാവമുള്ള ഓണത്തിന്റെയും, പരശുരാമന്റെയും, പറയിപെറ്റ പന്തിരുകുലത്തിന്റെയും ഐതിഹ്യങ്ങളിലെ ചരിത്രാംശങ്ങളിലേക്ക് ഒന്നു കണ്ണോടിക്കാം.

നമ്മുടെ പ്രാക്ചരിത്രം നിരവധി ഐതിഹ്യങ്ങളുടെ ആകെത്തുകയാണ്. നമ്മുടെ ചരിത്രകാലത്തെ നിരവധി സംഭവങ്ങൾ വായ്മൊഴിയായ് തലമുറകൾ കടന്ന് ഐതിഹ്യംപോലെ നമ്മുടെ വ്യാവഹാരികജീവിതത്തിൽ ഇപ്പോഴും സജീവമാണെന്ന വസ്തുത വിസ്മരിച്ചിട്ടു കാര്യമില്ല. നമ്മുടെ ഓരോ ഗ്രാമങ്ങൾക്കും, ക്ഷേത്രങ്ങൾക്കും ഇത്തരം ഐതിഹ്യത്തിലധിഷ്ഠിതമായ ഒരു ചരിത്രമുണ്ട്. ഏതു ഗ്രാമത്തിൽ ചെന്നാലും നമുക്കു കേൾക്കാൻ കഴിയുന്നത് ആ നാടിന്റെ പൂർവ്വകാലത്തിന്റേതായ ഒരു ഐതിഹ്യമായിരിക്കും. ഇതിൽ രാമനും, പരശുരാമനും, വാമനനും, കൃഷ്ണനും, പാണ്ഡവരും ഒക്കെയുണ്ടാകും. ഇത്തരം ഐതിഹ്യങ്ങളൊക്കെത്തന്നെ ആ നാടിനെ ദേശീയ മുഖ്യധാരയുമായി ബന്ധിപ്പിക്കുന്നതുമാകും. എന്തിനധികം പറയണം പില്ക്കാലത്ത് ഇവിടെ എത്തിയ ക്രൈസ്തവ ഇസ്‌ളാം മതങ്ങളുടെ ചില ആരാധനാലയങ്ങളും ഇത്തരം ഐതിഹ്യങ്ങളെ ആവോളം പേറുവാനുള്ള ശ്രമങ്ങളും നടത്തിയിട്ടുണ്ട്.

ഓണം ഇപ്പോൾ മലയാളിയുടെ ആഘോഷമായി ചുരുങ്ങിയിരിക്കുന്നു. ഒരുകാലത്ത് ഓണം തമിഴകത്തും ആഘോഷിച്ചിരുന്നതായി ചരിത്രം സൂചിപ്പിക്കുന്നുണ്ട്. അന്നത്തെ തമിഴകത്തെ ഓണാഘോഷത്തെയും മഹാബലിയുടെ കഥയുമായി തന്നെയാണ് ബന്ധിപ്പിച്ചിരിക്കുന്നത്. മാങ്കുടി മരുതനാരുടെ മധുരൈക്കാഞ്ചി എന്ന തമിഴ്കൃതിയിൽ പുരാതന തമിഴ്നാട്ടിൽ അതായത് നെടുംചെഴിയൻ എന്ന പാണ്ടിയ രാജാവിന്റെ കാലത്ത് (സംഘകാലം) ഓണം ആഘോഷിച്ചിരുന്നതായി സൂചിപ്പിക്കുന്നുണ്ട്. മാങ്കുടി മരുതനാരുടെ മധുരൈക്കാഞ്ചിയിൽ പാടുന്നത്:

''കണങ്കൊൾ അവുണർ
കടന്തപൊലം താൻ
മായോൻ മേയവോണനന്നാൾ"

മായോൻ അഥവാ മഹാവിഷ്ണുവിന്റെ ജന്മദിനം എന്ന നിലയിൽ ആയിരുന്നു അന്ന് (സംഘകാലം) ഓണം ആഘോഷിച്ചിരുന്നത്. അസുരനെ വധിച്ച മായോന്റെ പ്രീതിയായിരുന്നു ഓണാഘോഷമെന്നു മധുരൈക്കാഞ്ചി പരാമർശിക്കുന്നുണ്ട്. (എസ്സ്. കെ. വസന്തൻ, കേരള ചരിത്ര നിഘണ്ടു, കോട്ടയം, 1983, പുറം 80). എന്നാൽ മഹാബലിയെ സംബന്ധിപ്പിച്ച സമാനമായ കഥ ഉത്തർപ്രദേശിലും മഹാരാഷ്ട്രത്തിലും ശൈവ വിഭാഗങ്ങളുടെ ഇടയിൽ പ്രചാരത്തിലുണ്ട്. പക്ഷേ അവരീ ചരിത്രസംഭവത്തെ



ഓണവുമായല്ല ദീപാവലിയുമായിട്ടാണ് ബന്ധിപ്പിച്ചിരിക്കുന്നത്. മഹാബലിയെ വാമനമൂർത്തി പാതാളത്തിലേക്കു പറഞ്ഞയച്ചത് ദീപാവലി ദിനത്തിലാണെന്നാണിവരുടെ വിശ്വാസം. (പ്രൊഫ. പി. എസ്സ്. വേലായുധൻ, മുഖ്യസംയോജകൻ, കേരളചരിത്രം, വാല്യം-2, കേരള ഹിസ്റ്ററി അസോസിയേഷൻ, എറണാകുളം, 1974, പുറം 1148). പൊ.വ. പതിന്നാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഉണ്ണുനീലിസന്ദേശത്തിൽ ഓണത്തെക്കുറിച്ചും പൂവിടലിനെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. കോകിലസന്ദേശ കർത്താവായ ചോളദേശക്കാരനും (1466–1471 ചിങ്കൽപേട്ട് ജില്ലയിലെ തൊണ്ടൈമണ്ഡലം ലാടപുരം) ആയ ഉദ്ദണ്ഡശാസ്ത്രികളും ഓണത്തെക്കുറിച്ചും പൂവിടലിനെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. മലബാർ മാന്വലിന്റെ കർത്താവായ വില്യം ലോഗൻ പൊ.വ. 825 ലാണ് ഓണം ആരംഭിക്കുന്നത് എന്നു പറയുന്നത് കൊല്ലവർഷം ആരംഭിക്കുന്നത് അക്കാലത്തായതു കൊണ്ടായിരുന്നു. പക്ഷേ സംഘകാലം മുതൽക്കേ ഓണം ദക്ഷിണഭാരതത്തിൽ ആഘോഷിച്ചിരുന്നതിനു വ്യക്തമായ തെളിവുകളുണ്ടെന്ന് ഏ. ശ്രീധരമേനോൻ പറയുന്നു (ഏ. ശ്രീധരമേനോൻ, ഏ സർവ്വേ ഓഫ് കേരളാ ഹിസ്റ്ററി, കോട്ടയം, 1970, പുറം 120). ആറ്റൂർ കൃഷ്ണപിഷാരടി പറയുന്നത് പൊ. വ 620 നും 670 നും ഇടയിലാണ് ഓണാഘോഷം തുടങ്ങിയതെന്നാണ്. കേരളം ഭരിച്ച 36-ാമത്തെ പെരുമാളായിരുന്ന ഭാസ്കരരവിവർമ്മയാണ് ഓണാഘോഷത്തിനു തുടക്കംകുറിച്ചതെന്നു പറയുന്നു. ഈ അഭിപ്രായത്തോട് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും യോജിക്കുന്നുണ്ട്. പൊ.വ ഒമ്പതാം ശതകത്തിൽ ജീവിച്ചിരുന്ന പെരിയാഴ്വാർ രചിച്ച തിരുമൊഴിയിലും ഓണത്തെക്കു റിച്ചുള്ള പരാമർശങ്ങളുണ്ട്. ചുരുക്കത്തിൽ ഓണാഘോഷത്തിനു രണ്ടായിരത്തിലധികം വർഷത്തെ വ്യക്തതയാർന്ന ചരിത്രമുണ്ട്. (പ്രൊഫ. പി. എസ്സ്. വേലായുധൻ, മുഖ്യസംയോജകൻ, കേരളചരിത്രം, വാല്യം 2, പുറങ്ങൾ 1148 മുതൽ). പെരിയ ആഴ്വാരുടെ തിരുപല്ലാണ്ട് എന്ന ഗാനത്തിൽ ഏഴുനാളുകളായി മധുരയിൽ നടന്നിരുന്ന ഓണാഘോഷം വർണ്ണിക്കുന്നുണ്ട്. അതുകൊണ്ട് പൊ. വ. പത്താം ശതകം വരെയെങ്കിലും തമിഴകത്തും ഓണം ആഘോഷിച്ചിരുന്നതായി കണക്കാക്കാം. എൻ. വി. കൃഷ്ണവാരിയരുടെ അഭിപ്രായത്തിൽ ഓണാഘോഷം അസ്സീറിയിൽ നിന്നുമാണ് ആരംഭിച്ചത്. (എൻ. വി. കൃഷ്ണവാരിയർ, കലോത്സവം, മഹാബലി എന്ന അസ്സുര (അസീറിയൻ) രാജാവ്, പുറം 18). അതുകൊണ്ട് ഒരു പക്ഷേ ഓണാഘോഷം ഒരുകാലത്ത് ഏഷ്യൻ വൻകരയുടെതന്നെ വലിയ ഒരു ഭാഗത്തെ സാമൂഹ്യജീവിതത്തിന്റെ അവിഭാജ്യഘടകം തന്നെ ആയിരുന്നിരിക്കാം. അബ്രഹാമികമതങ്ങളുടെ കടന്നുകയറ്റത്തിൽ അവിടങ്ങളിൽ നിന്നൊക്കെ ഓണത്തേയും മായിച്ചിട്ടുള്ളതുമാകാം. ഉദയംപേരൂർ സുനഹദോസ്സിന്റെ ചരിത്രം ഈ സംശയത്തെ പൂർണ്ണമായും സാധൂകരിക്കുന്നുണ്ട്.



**ഓണസംബന്ധിയായി നിലവിൽ മൂന്നു പ്രബലങ്ങളായ ഐതിഹ്യങ്ങളുണ്ട്. ഓണാഘോഷത്തെ സംബന്ധിച്ച് തെക്കൻ കേരളവും വടക്കൻ കേരളവും തമ്മിൽ കുറേയൊക്കെ ഭേദങ്ങളും ഉണ്ട്.**

ചേരരാജാവായിരുന്ന സ്ഥാണുരവിയുടെ പൊ. വ. 861 ലെ തിരുവൊററിയൂർ ശാസനത്തിൽ ഓണാഘോഷത്തിലെ ഭോജനാവശ്യത്തിനു വേണ്ടി ചേന്ദൻ ശങ്കരൻ എന്നയാൾ ചെയ്ത ഇടപാടുകൾ വിവരിക്കുന്നുണ്ട്. (ഡോ. രാജൻ ഗുരുക്കൾ, ദി കേരളാ ടെമ്പിൾ ആണ്ട് ഏർലി മിഡീവൽ അഗ്രേറിയൻ സിസ്റ്റം, ശുകപുരം, 1992, പുറം 10). ഓണം നൂറ്റാണ്ടുകളായി മലയാളിക്ക് ഒരുഹരവും ആഘോഷവും തന്നെയായിരുന്നു. തിരുവല്ല ശ്രീവല്ലഭക്ഷേത്രത്തിൽ ഓണാഘോഷ നടത്തിപ്പിലേക്കായി തിരുവോണക്കാണം എന്നൊരു ട്രസ്റ്റു തന്നെ ഉണ്ടായിരുന്നതായി ഡോ. രാജൻ ഗുരുക്കൾ സൂചിപ്പിക്കുന്നു. (പുറം 51). ഓണത്തിനു ക്ഷേത്രജീവനക്കാർക്കും അവിടുത്തെതന്നെ ആതുരശാലാ ജീവനക്കാർക്കും എല്ലാം പ്രത്യേക ആനുകൂല്യങ്ങൾ കൊടുത്തിരുന്നതായി കാണുന്നുണ്ട്. ഓണം ഇക്കാലത്ത് ശ്രീവല്ലഭക്ഷേത്രത്തിലെ ഏറ്റവും പ്രധാന ഉത്സവമായി മാറിയിരുന്നു. ക്ഷേത്രത്തിന്റെ ഓണാവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിലേക്കായി തിരുവോണക്കരിയെന്നു വേർതിരിച്ച പുഞ്ചപ്പാടം തിരുവോണക്കാണം എന്ന ട്രസ്റ്റിനെ ഏൽപ്പിച്ചിട്ടുള്ളതായി തിരുവല്ലാ ശാസനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ഡോ. രാജൻ ഗുരുക്കൾ, പുറം 63, 64 & 65). തിരു ആറൻമുള ഓണത്തോണിയും പള്ളിയോട ഘോഷയാത്രയുമൊക്കെ ഒരു ജനതയുടെ സാംസ്കാരികത്തനിമയിലുള്ള



വാമനാവതാരത്തിന്റെ സ്വാധീനത്തിലേക്കു തന്നെയാണ് വിരൽചൂണ്ടുന്നത്. ക്ഷേത്രത്തിൽ അസുരപൂജ നടത്തുക എന്നത് യുക്തിസഹമല്ലല്ലോ.

തൃക്കാക്കര വാമനമൂർത്തി ക്ഷേത്രം പൊ. വ. എട്ടാം നൂറ്റാണ്ടിനുമുമ്പ് സ്ഥാപിച്ചിട്ടുള്ളതായിരിക്കാം. ഇവിടുത്തെ ഓണാഘോഷത്തിന്റെ ആവശ്യത്തിലേക്കായി ഭൂമി ദാനം ചെയ്തിരിക്കുന്നതായി കാണാം. (ടി. ഏ. എസ്സ്. വാല്യം രണ്ട്, പുറം 86). പൊ. വ. 1004 ലെ തൃക്കാക്കര ശിലാശാസനത്തിലൂടെ ഭാസ്കര രവി തൃക്കാക്കരക്ഷേത്രത്തിൽ ബ്രാഹ്മണർക്ക് ഓണസദ്യ കൊടുക്കേണ്ട ആവശ്യത്തിലേക്ക് ഭൂമി ദാനം ചെയ്തു. ചുരുക്കത്തിൽ ഒരുഭാഗത്ത് ഓണാഘോഷം കേരളത്തിന്റെ കാർഷികവ്യവസ്ഥയുടെ ഉത്തേജകശക്തി ആകുന്നതോടൊപ്പംതന്നെ വൈഷ്ണവക്ഷേത്രങ്ങളിൽ ഇത് വാമനാവതാരത്തിന്റെ ജന്മനക്ഷത്ര ആഘോഷവുമായതിലൂടെ ആദ്ധ്യാത്മികവും, സമഗ്രവും, സമൂലവുമായ ഒരു സാമൂഹ്യവ്യവസ്ഥയുടെ രൂപപ്പെടലുണ്ടായി എന്നത് അനിഷേധ്യമായ ചരിത്രസത്യം തന്നെയാണ്. കമ്പോളവ്യവസ്ഥ അജ്ഞാതമായിരുന്ന സമൂഹത്തിലേക്ക് വിഭവങ്ങളുടെ പരസ്പര പൂരകവും (reciprocal) ഒപ്പം അനുഷ്ഠാനപരമായ ഒരു പങ്കുവെക്കലിന്റേതും (ritualistic sharing) കൂടി ആയ ഒരു സംസ്കാരത്തിന്റെ ജന്മം കൂടിയായിരുന്നു ഓണാഘോഷങ്ങളോടൊപ്പം മലയാളക്കരയിലേക്ക് വന്നുചേർന്നത്.

ഓണസംബന്ധിയായി നിലവിൽ മൂന്നു പ്രബലങ്ങളായ ഐതിഹ്യങ്ങളുണ്ട്. ഓണാഘോഷത്തെ സംബന്ധിച്ച് തെക്കൻ കേരളവും വടക്കൻ കേരളവും തമ്മിൽ കുറേയൊക്കെ ഭേദങ്ങളും ഉണ്ട്. കാരണമാകട്ടെ അടിസ്ഥാന സങ്കൽപങ്ങളിൽതന്നെ വന്നിട്ടുള്ള വ്യത്യാസങ്ങളാണ്. (ഡോ. കെ. എം. ജോർജ്ജ്, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, കോട്ടയം, 1973, പുറം. 86). ദൈത്യരാജാവായ മഹാബലി പാതാളത്തിൽനിന്നും ഭൂമി സന്ദർശിക്കാനെത്തുന്നു എന്നതാണിന്നു തെക്കൻകേരളത്തിലും മദ്ധ്യകേരളത്തിലും പ്രചുരപ്രചാരത്തിലിരിക്കുന്ന ഐതിഹ്യം. എന്നാൽ പഴയ വടക്കേ മലബാറിൽ നിലവിലുള്ള ഐതിഹ്യം ഓണത്തെ മാമാങ്കവുമായി ബന്ധിപ്പിച്ചുള്ളതാണെന്ന് പ്രമുഖ ചരിത്രകാരൻ ശ്രീധരമേനോൻ പറയുന്നു. (ഏ. ശ്രീധരമേനോൻ, കൾച്ചറൽ ഹെറിറ്റേജ് ഓഫ് കേരളാ, മദ്രാസ്, 1996, പുറം 65). വടക്കേ മലബാറിൽ ഓണത്തിനു പൂവിളിയില്ല. അവിടെ ഇക്കാലത്ത് പല വീടുകളിലും കൃഷ്ണപ്പാട്ട് വായിച്ചിരുന്നു. പൂവിടുന്നത് ശ്രീഭഗവതിയെ ഉദ്ദേശിച്ചായിരുന്നു; തൃക്കാക്കരപ്പനെയോ, മഹാബലിയെയോ സ്മരിച്ചില്ല. (എസ്സ്. കെ. വസന്തൻ, കേരള ചരിത്ര നിഘണ്ടു, കോട്ടയം, 1983, പുറം 80). വടക്കേ മലബാറിൽ പൂവിടുന്നത് മാവേലിക്കു വേണ്ടിയല്ല. അവിടെ ഉത്രാടവും തിരുവോണവും മാത്രമേ ഓണം ഉള്ളൂ എന്ന് ഡോ. കെ. എം. ജോർജ്ജ് സൂചിപ്പിക്കുന്നു. (ഡോ. കെ. എം. ജോർജ്ജ്, അതേ ഗ്രന്ഥം, പുറം. 86). പരശുരാമൻ താൻ സമുദ്രത്തിൽ നിന്നും വീണ്ടെടുത്ത ഭൂവിഭാഗം അഥവാ കേരളം സന്ദർശിക്കുവാൻ വരുന്ന ദിനമാണ് തിരുവോണം എന്ന് പൈലോ പോൾ 1899 ൽ രചിച്ച പുരാണ കഥാ നിഘണ്ടുവിൽ സൂചിപ്പിച്ചിരിക്കുന്നു. (പൈലോ പോൾ, പുരാണ കഥാനിഘണ്ടു, കോട്ടയം, 1899, പുനർ പ്രസിദ്ധീകരണം 1973, പുറം 78, 79). ഇത്തരമൊരു വിശ്വാസം വടക്കേ മലബാറിൽ നിലവിലുള്ളതായി വില്യം ലോഗനും പ്രൊഫ. പി. എസ്സ്. വേലായുധനും രേഖപ്പെടുത്തിയിരിക്കുന്നു. (വില്യം ലോഗൻ, മലബാർ മാന്വൽ, 1887, മലയാള പരിഭാഷ, 1985, കോഴിക്കോട്, പുറം 167 & പ്രൊഫ. പി. എസ്സ്. വേലായുധൻ, അതേ ഗ്രന്ഥം, പുറം. 1147).

മഹാബലി എന്ന അസുരചക്രവർത്തി ത്രിലോകങ്ങളും അടക്കിവാണിരുന്നു എന്നത് ഒരു കാവ്യഭാവന എന്നതിനുമപ്പുറമായി ചരിത്രദൃഷ്ടിയിലോ ആദ്ധ്യാത്മികതലത്തിലോ കാണാനാകുമെന്നു തോന്നുന്നില്ല. ഈ ഐതിഹ്യത്തിൽ ധർമ്മസംരക്ഷണത്തിനുവേണ്ടിയുള്ള മഹാവിഷ്ണുവിന്റെ അവതാരം ആദ്ധ്യാത്മികതലത്തിൽ സാധുവാണെങ്കിലും രാജനൈതികതലത്തിൽ മഹാബലിയുടെ പാത്രധർമ്മം ഏറെ ദുർബ്ബലമാണ്. മഹാബലി തന്റെ നാടുകാണാൻവരുന്ന ദിവസമാണ് ചിങ്ങമാസത്തിലെ തിരുവോണമെന്ന് കേരളത്തിൽ ഐതിഹ്യം ഉണ്ടെങ്കിലും അദ്ദേഹം കേരളരാജാവായിരുന്നുവെന്ന് ആരും തെറ്റിദ്ധരിക്കരുതെന്നാണ് മഹാകവി ഉള്ളൂർ പറയുന്നത്. (ഉള്ളൂർ എസ്സ്. പരമേശ്വര അയ്യർ, കേരള സാഹിത്യചരിത്രം, വാല്യം മൂന്ന്, 1955, പുനർപ്രസിദ്ധീകരണം, തിരുവനന്തപുരം, 1972, പുറം 221). വാസ്തവത്തിൽ തിരുവോണം എന്നത് മഹാബലിയെ വാമനമൂർത്തി ജയിച്ച ദിവസമാണ് എന്നത്രെ മഹാകവി ഉള്ളൂർ പറയുന്നത്. (ഉള്ളൂർ എസ്സ്. പരമേശ്വര അയ്യർ, പുറം 221). മഹാബലി നാടുവാണു എന്നത് കേവലമായ കവിഭാവന മാത്രമാണ്. അജ്ഞാതനായ ഏതോ കവി രചിച്ച ഓണപ്പാട്ട് മഹാബലിചരിതം എന്ന കാവ്യത്തിലാണ് മാവേലി നാടു വാണീടും കാലം മാനുഷരെല്ലാം ഒന്നുപോലെ എന്ന ഗാനം കാണുന്നത്. ഈ കാവ്യം ഒൻപതോ പത്തോ നൂറ്റാണ്ടിൽ വിരചിതമായതാണന്നത്രെ മഹാകവി ഉള്ളൂരിന്റെ അഭിമതം. (ഉള്ളൂർ എസ്സ്. പരമേശ്വര അയ്യർ, പുറം 219).

ഒരു ചരിത്രാന്വേഷിയുടെ കാഴ്ചപ്പാടിൽ ഓണം കേവലമായ ഒരു ആഘോഷമായി ചുരുങ്ങുന്നില്ല. അതിനുമപ്പുറം ഇത് ഒരു രാഷ്ട്രരൂപീകരണ പ്രക്രിയയുമായി ഇഴപിരിഞ്ഞു കിടക്കുന്ന ചരിത്രസംഭവത്തിന്റെ വാങ്മൂല (oral history) ചരിത്രാവിഷ്കാരമാണ്. വാങ്



മൂല ചരിത്രത്തിൽ കാലദേശ സ്വാധീനം സാർവ്വത്രീകമത്രേ. ഓണം ഒരു ഭൂവിഭാഗത്തിന്റെ (കേരളത്തിന്റെ) സംസ്കാരത്തെയും ജീവിതരീതിയെയും ഭാവനകളേയും ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഉദയംപേരൂർ സുനഹദോസ് (1599) ക്രൈസ്തവർക്ക് ഓണം ആഘോഷിക്കുന്നതിന് വിലക്കേർപ്പെടുത്തിയിരുന്നത് ശക്തമായിരുന്ന ഹൈന്ദവസാംസ്കാരിക സ്വാധീനത്തിന്റെ വലയത്തിൽ നിന്നും മാർഗ്ഗവാസികളെ പുറത്താക്കുന്നതിനും മോചിപ്പിക്കുന്നതിനും വേണ്ടിയായിരുന്നു. പക്ഷേ കാലം അത്തരം തീട്ടൂരങ്ങളെ തിരസ്കരിക്കുക തന്നെ ചെയ്തു.

ഭാരതത്തിലെല്ലായിടത്തും വാമന അവതാരത്തിന്റെ മുമ്പിൽ ധർമ്മശാലിയായ ദൈത്യരാജാവായിരുന്ന മഹാബലിയുടെ കീഴടങ്ങൽ വിവിധ ആഘോഷങ്ങളുടെ ഭാഗമായി സ്മരിക്കപ്പെടുന്നുണ്ടെങ്കിലും കേരളത്തിൽ മാത്രമാണ് സമത്വസുന്ദരമായ ഇന്നലെകളുടെ ഓർമ്മകളെ അയവിറക്കിക്കൊണ്ടുള്ള കാർഷികസമൃദ്ധിയുടെ ആഘോഷമാക്കിയിരിക്കുന്നത്. നൂറ്റാണ്ടുകളിലൂടെ കേരളത്തിൽ നിലനിന്നുപോരുന്ന അസമത്വബന്ധിതമായ സാമൂഹ്യവ്യവസ്ഥകളോടുള്ള നീതിനിഷേധിക്കപ്പെട്ട ഒരു പൊതുസമൂഹത്തിന്റെ പ്രതിഷേധം കൂടി ഐതിഹ്യത്തോടൊപ്പം കൂട്ടിച്ചേർത്തു വായിക്കുമ്പോഴാണ് ഓണം ചരിത്രത്തിൽ നിന്നും മാറി ഐതിഹ്യപരിവേഷമാർജ്ജിക്കുന്നത്. എങ്കിലും വാങ്മൂല ചരിത്രത്തിന്റെ പരിമിതികളൊരുപാടുള്ള ഓണത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഒരു കാര്യം സുവ്യക്തമാണ്; ഓണാഘോഷം ഇപ്പോഴും സനാതനധർമ്മവുമായി അതിന്റെ നാഭീനാളബന്ധം പരിരക്ഷിക്കുന്നു എന്ന സത്യം.



**കേരളത്തിന്റെ കാർഷികവ്യവസ്ഥയുടെ വ്യവസ്ഥാപനത്തിൽ ബ്രാഹ്മണർക്കുള്ള പങ്ക് നിഷേധിക്കാനാവില്ല. കേരളത്തിലെ ചതുപ്പു കൃഷിയുടെ ആരംഭം ബ്രാഹ്മണ കുടിയേറ്റത്തോടെയാണ് ആരംഭിച്ചത്. സൗരപഞ്ചാംഗവും, ഉയർന്ന കാർഷിക സാങ്കേതികവിദ്യയും ബ്രാഹ്മണർക്ക് വശമുണ്ടായിരുന്നതായി ആർ.എസ്. ശർമ്മ ഇന്ത്യൻ ഫ്യൂഡലിസിൽ (പുറം 1-3) പറയുന്നു.**

പരശുരാമനെ വെറുമൊരു സാങ്കല്പിക കഥാപാത്രമായി തള്ളിക്കളയാനാവില്ല. പല ചരിത്രകാരന്മാരും അദ്ദേഹത്തെ ബ്രാഹ്മണരുടെ കേരളത്തിലേക്കുള്ള കുടിയേറ്റവുമായി ബന്ധപ്പെടുത്തി കാണാൻ ശ്രമിക്കുന്നുണ്ട് (രാധാകമൽ മുഖർജി, കൾച്ചർ ആന്റ് ആർട്ട് ഓഫ് ഇന്ത്യ, പുറം 64). കേരളത്തിന്റെ കാർഷികവ്യവസ്ഥയുടെ വ്യവസ്ഥാപനത്തിൽ ബ്രാഹ്മണർക്കുള്ള പങ്ക് നിഷേധിക്കാനാവില്ല. കേരളത്തിലെ ചതുപ്പുകൃഷിയുടെ ആരംഭം ബ്രാഹ്മണ കുടിയേറ്റത്തോടെയാണ് ആരംഭിച്ചത്. സൗരപഞ്ചാംഗവും, ഉയർന്ന കാർഷിക സാങ്കേതികവിദ്യയും ബ്രാഹ്മണർക്ക് വശമുണ്ടായിരുന്നതായി ആർ.എസ്. ശർമ്മ ഇന്ത്യൻ ഫ്യൂഡലിസത്തിൽ (പുറം 1-3) പറയുന്നു.

തീർച്ചയായും കേരളത്തിലെ കാർഷികാധിഷ്ഠിതമായ ഒരു സാമ്പത്തിക ക്രമത്തിന്റെ ഉത്ഭവത്തിനു വഴിവെച്ച സ്ഥിരവാസ കൃഷിയുടെ ആരംഭത്തിന്റെയുംകൂടി ചരിത്രമാണ് പരശുരാമ ഐതിഹ്യത്തിൽ കുടികൊള്ളുന്നത്. ചതുപ്പുനിലങ്ങളും കാടുകളും നിറഞ്ഞ കേരളത്തിലെ ആദിമനിവാസികൾ കൃഷിക്കാരേക്കാൾ അധികം ഫലമൂലങ്ങൾ ശേഖരിക്കുന്നവരും സ്ഥിരവാസ സ്വഭാവം ഉള്ളവരുമായിരുന്നില്ല. കേരളത്തിൽ മനുഷ്യർ സ്ഥിരവാസമാരംഭിക്കുന്നത് ആയസ കാലഘട്ടത്തിലാണ് എന്നുകൂടി പറയുമ്പോഴേ മഴുവേന്തിയ (പരശു) രാമ ഐതിഹ്യത്തിൽ ഉൾക്കൊണ്ടിരിക്കുന്ന ചരിത്രസ്പന്ദനം വ്യക്തമാകൂ.

പരശുരാമന്റെ കേരള സൃഷ്ടിയെപ്പറ്റിയുള്ള ഏറെ പഴക്കംചെന്ന പരാമർശം കാളിദാസന്റെ രഘുവംശത്തിലാണ് കാണാൻ കഴിയുന്നത്. (അദ്ധ്യായം 4 ശ്ലോകം 53). പൊതുവർഷം നാല്, അഞ്ച് നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന പ്രതിഭയായിരുന്നു കാളിദാസൻ. കേരളത്തിന്റെ ബുദ്ധപ്രഭാവകാലം എന്നു വിളിക്കാവുന്ന പൊ.വ 4, 5, 6 നൂറ്റാണ്ടുകളിൽ ബ്രാഹ്മണർക്ക് കേരളീയ ജീവിതത്തിൽ ഗണ്യമായ സ്വാധീനശക്തി നേടുവാൻ കഴിഞ്ഞിരുന്നില്ല. (പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരികചരിത്രം, പുറം 211) എന്ന വസ്തുത കൂടി കണക്കിലെടുത്താലെ പരശുരാമ ഐതിഹ്യത്തിലെ ചരിത്രാംശം മനസ്സിലാക്കാനാകൂ. പില്ക്കാലത്ത് പരശുരാമ ഐതിഹ്യത്തിൽ വെള്ളം ചേർത്തിരിക്കാമെങ്കിലും ഈ ഐതിഹ്യം വെറും ബ്രാഹ്മണസൃഷ്ടിയായ ലജണ്ടല്ല എന്നു വ്യക്തം. ഒപ്പം കേരളത്തിന്റെ തീരസമതലങ്ങൾ പിൽക്കാലത്ത് കരയായിത്തീർന്നതാണെന്ന ഭൗമശാസ്ത്രകാരന്മാരുടെ മതം കൂടി കണക്കിലെടുത്താലേ ഈ ഐതിഹ്യം പൂർണ്ണമായി മനസ്സിലാക്കാനാകൂ.

'പറയിപെറ്റ പന്തിരുകുല'ത്തിൽ പറയൻ മുതൽ അഗ്നിഹോത്രിവരെയുള്ളവരും പില്ക്കാലത്ത് (പൊ.വ.8-ാം നൂറ്റാണ്ടിൽ) കേരളതീരത്തെത്തിച്ചേർന്ന ക്രൈസ്തവരെ (ഉപ്പുകൊറ്റൻ) വരെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. അയിത്തവും, അസ്പൃശ്യതയും ഉടലെടുക്കുന്നതിനു മുൻപ് കേരളത്തിൽ നിലനിന്നുപോരുന്ന സാമൂഹ്യ സാമഞ്ജസ്യത്തിന്റെ ചരിത്രമല്ലേ ഈ ഐതിഹ്യത്തിൽ കുടികൊള്ളുന്നത്. തത്വജ്ഞാനിയായ നാറാണത്തു ഭ്രാന്തനും, തച്ചുശാസ്ത്രകാരനായ ഉളിയനൂർ തച്ചനും, രസികനായ പാക്കനാരുമൊക്കെ പ്രതിനിധാനം ചെയ്തിരുന്ന വിവിധ ജാതികൾ തമ്മിലുള്ള സഹവർത്തിത്വത്തിന്റേതായ ഒരു പോയ കാലഘട്ടത്തെ ഭാവാത്മകമായി വരച്ചു കാണിക്കുന്ന ചരിത്രമാണ് പറയിപെറ്റ പന്തിരുകുലത്തിന്റേത്. ഒപ്പം ദർശനം, സാങ്കേതികവിദ്യ, ആദ്ധ്യാത്മികത, വിദേശ വ്യാപാരം തുടങ്ങിയ രംഗങ്ങളിൽ കേരളം സജീവമായിരുന്ന ഒരു കാലഘട്ടത്തിന്റെ ചരിത്രസ്മരണകളേയും ഉൾക്കൊണ്ടിട്ടുണ്ട് ഈ ഐതിഹ്യത്തിൽ. ഇനിയും ഇതുപോലെ ചരിത്രസ്പന്ദനങ്ങളുള്ള എത്രയെത്ര ഐതിഹ്യങ്ങൾ നമുക്കുണ്ട്.

# വിശ്വഹിന്ദു പരിഷത്തിന് 50 വയസ്സ്

**വി. മോഹനൻ**



**പാശ്ചാത്യ ചിന്തകളെ ആശ്ലേഷിക്കുകയും പൗരാണികസംസ്കാരത്തിന്റെ അന്തസ്സത്തയെ നിഷേധിക്കുകയും ചെയ്യുന്ന തരത്തിലേക്ക് ഹൈന്ദവസമൂഹത്തിന്റെ മനസ്സ് പറിച്ചുനടപ്പെട്ടു. സമന്വയത്തിന്റെ വേദമന്ത്രത്തെ പാശ്ചാത്യരുടെ സംഘർഷാത്മക വിചാരധാര കീഴടക്കി. അന്യോന്യം സഹായിക്കാനും ആദരിനാനും സഹവർത്തിത്വം പുലർത്താനും ലോകത്തെ പഠിപ്പിച്ച ജനത പരസ്പരം കലഹിക്കുന്ന ദുരവസ്ഥ സംജാതമായി.**

ലോകം ഇരുളിലാണ്ടുകിടന്ന ഒരു കാലഘട്ടത്തിൽ വെളിച്ചത്തിന്റെ ഉറവ ഒരു നീർച്ചാലായി ഒഴുകി ലോകത്തെ ആശ്ലേഷിച്ചു. അതാണ് സനാതന ധർമ്മം. ലോകാ സമസ്താ സുഖിനോ ഭവന്തു; അസതോമാ സദ്ഗമയ – തമസോമാ ജ്യോതിർഗമയ തുടങ്ങിയ മാനവസന്ദേശം ലോകം ശ്രവിച്ചു. ആദ്ധ്യാത്മികതയുടെ പുതിയ ചക്രവാളം രൂപംകൊണ്ടു. അവിടെ വേദങ്ങൾ, ഉപനിഷത്തുകൾ,പുരാണങ്ങൾ,ശാസ്ത്രങ്ങൾ,കലകൾ തുടങ്ങിയതെല്ലാം ഉയിർക്കൊണ്ടു, പ്രത്യാശയുടെ നാമ്പുകൾ മുളച്ചു. ജനത മനസ്സുകൊണ്ടെഴുതി "ശ്ൃണ്വന്തു വിശ്വേ അമൃതസ്യ പുത്രാഃ". യാതൊന്നും പകരമിച്ഛിക്കാതെ നാം ലോകത്തിലേക്കയച്ച ഓരോ മംഗളവിചാരവും അന്തകാരനിബിഢമായ ജനമനസ്സിന്റെ ചങ്ങലക്കണ്ണികൾ ഓരോന്നായി പൊട്ടിച്ച് നമ്മെ പവിത്രാത്മാക്കളാക്കി. ഇതാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

എന്നാൽ കഴിഞ്ഞ ആയിരത്താണ്ടു വർഷത്തെ ചരിത്രം നമുക്കത്ര ശുഭകരമായിരുന്നില്ല. വൈദേശികഭരണം സനാതനമൂല്യങ്ങളെയും ധർമ്മബോധത്തെയും തകർത്തു. മനുഷ്യജീവിതത്തിന്റെ സൗന്ദര്യം ചവിട്ടിമെതിക്കപ്പെട്ടു. ആത്മവിശ്വാസവും, ആത്മബോധവും നഷ്ടപ്പെട്ടു. ഐക്യത്തിന്റെ താരകമന്ത്രം ഉരുവിട്ട ജനത അനൈക്യത്തിന്റെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടു. ഹൈന്ദവജനതയുടെ മാനസികാവസ്ഥ അന്ധവിശ്വാസവും അനാചാരങ്ങളും കൊണ്ട് കലുഷിതമായി."എല്ലാ മനുഷ്യർക്കും രണ്ടുതരം രക്താണുക്കളാണുള്ളത്. ഭാരതീയന് മൂന്നാമതൊരു രക്താണു കൂടിയുണ്ട്. അതാണ് അടിമത്തം" – സ്വാമി രംഗനാഥാനന്ദ.

പാശ്ചാത്യചിന്തകളെ ആശ്ലേഷിക്കുകയും പൗരാണികസംസ്കാരത്തിന്റെ അന്തസ്സത്തയെ നിഷേധിക്കുകയും ചെയ്യുന്ന തരത്തിലേക്ക് ഹൈന്ദവസമൂഹത്തിന്റെ മനസ്സ് പറിച്ചുനടപ്പെട്ടു. സമന്വയത്തിന്റെ വേദമന്ത്രത്തെ പാശ്ചാത്യരുടെ സംഘർഷാത്മക വിചാരധാര കീഴടക്കി. അന്യോന്യം സഹായിക്കാനും ആദരിക്കാനും സഹവർത്തിത്വം പുലർത്താനും ലോകത്തെ പഠിപ്പിച്ച ജനത പരസ്പരം കലഹിക്കുന്ന ദുരവസ്ഥ സംജാതമായി. ഈ സാഹചര്യം നിരവധി മഹാത്മാക്കളുടെ മനസ്സിനെ വേദനിപ്പിച്ചു. രാമാനുജാചാര്യരെപ്പോലെയുള്ള മഹാത്മാക്കൾ ഈ കാലഘട്ടത്തിൽ പ്രത്യാശ നൽകി കടന്നുവന്നവരാണ്.

ഇതേസമയം കേരളത്തിൽ ധാരാളം സാമൂഹ്യപരിഷ്കർത്താക്കളും ആദ്ധ്യാത്മികാചാര്യന്മാരും ജന്മമെടുത്തു. അയ്യാ വൈകുണ്ഠസ്വാമി, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരുദേവൻ, ശുഭാനന്ദ ഗുരുദേവൻ, അയ്യങ്കാളി, മന്നത്തു പത്മനാഭൻ, കേളപ്പജി, ടി.കെ. മാധവൻ, പണ്ഡിറ്റ് കറുപ്പൻ, സുബ്രഹ്മണ്യം തിരുമുമ്പ്, കുമാരനാശാൻ തുടങ്ങി നിരവധി പേരുടെ പ്രവർത്തനങ്ങൾ സ്മരണീയമാണ്.

ഇത്തരം ചരിത്രയാഥാർത്ഥ്യങ്ങളെ മഥനംചെയ്ത ഒരു വ്യക്തി നാഗപ്പൂരിൽ ജനിച്ചു. പരമപൂജനീയ ഡോക്ടർ കേശവബലിറാം ഹെഡ്ഗേവാർ. 1925 -ൽ രാഷ്ട്രീയ സ്വയംസേവകസംഘം അദ്ദേഹത്താൽ സ്ഥാപിതമായി.

"നമ്മുടെ വിശാലവും പൗരാണികവുമായ സമാജത്തിന്റെ പ്രശ്നങ്ങൾ നിരവധിയാണ്. അതുകൊണ്ട് ജനമനസ്സിൽ വേദന ഉളവാകുന്നത് സ്വാഭാവികമാണ്. പ്രശ്നത്തിന് താൽക്കാലിക കുറുക്കുവഴികളില്ല". ഈ യാഥാർത്ഥ്യത്തെ തിരിച്ചറിഞ്ഞ മഹാത്മാവായിരുന്നു ഡോക്ടർജി എന്നു ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന ആ ദേശാഭിമാനി. 1940-ൽ അദ്ദേഹം ദിവംഗതനായി. മാധവസദാശിവഗോൾവൽക്കർ അഥവാ പൂജനീയ ഗുരുജി ആർ എസ് എസ്സെന്ന ആ ബോധിവൃക്ഷത്തെ കൂടുതൽ കരുത്തുറ്റതാക്കി. ഭാരതം മരിച്ചാൽ ആദ്ധ്യാത്മികതയുടെ തിരി കെടും. വിശ്വശാന്തിയുടെ പ്രാർത്ഥന ഇവിടെയാണ് ഉണർന്നത്. ആദ്ധ്യാത്മികത കൊണ്ട് നാം ലോകത്തെ കീഴടക്കണം എന്ന വിവേകാനന്ദന്റെ ആഹ്വാനവും അഖണ്ഡാനന്ദസ്വാമിയുടെ ശിഷ്യനായിരുന്ന ഗുരുജിയെ സ്വാധീനിച്ചിട്ടുണ്ടാവണം.

**1965-ലാണ് കേരളത്തിൽ വിശ്വഹിന്ദുപരിഷത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ഗുരുവായൂരിൽ വെച്ച് നടന്ന ആദ്യയോഗത്തിൽ ഭാരതകേസരി മന്നത്തു പത്മനാഭൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു ചരിത്ര നിയോഗമാണ്.**

സുവർണ്ണജയന്തിയുടെ നിറവിൽ വിസ്മരിക്കാൻ സാദ്ധ്യമല്ല.

1966 ജനുവരി 22, 23, 24 തീയതികളിൽ പ്രയാഗ കുംഭമേളയിൽ ഒന്നാമത്തെ വിശ്വഹിന്ദുസമ്മേളനം നടന്നു. ഈ യോഗത്തിൽ 22 രാജ്യങ്ങളിൽനിന്നായി 25,000 പ്രതിനിധികളും മുന്നൂറിലധികം സന്യാസിശ്രേഷ്ഠന്മാരും ആറു ലക്ഷം ശ്രോതാക്കളും പങ്കെടുത്തു. കേരളത്തിൽനിന്നും മാന: പരമേശ്വർജിയും സന്നിഹിതനായിരുന്നു. വിശ്വഹിന്ദുപരിഷത്തിന്റെ പ്രബന്ധക് സമിതി രൂപീകരിക്കപ്പെട്ടു. മൈസൂർ രാജാവായിരുന്ന മാന: ചാമരാജാവാഡിയാർ അദ്ധ്യക്ഷനായും, സംഘപ്രചാരകനും ഹിന്ദുസ്ഥാൻ സമാചാറിന്റെ സ്ഥാപകനുമായ ദാദാസാഹബ് ആപ്തേ ജനറൽസെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. മതംമാറിപ്പോയവരുടെ തിരിച്ചുവരവിന് അംഗീകാരം നൽകി. (അതിനു മുമ്പുവരെ തിരിച്ചുവന്നാൽ


*സ്വാമി ചിന്മയാനന്ദൻ*


*മന്നത്തു പത്മനാഭൻ*


*അയ്യങ്കാളി*


*രാജാ ജയചാമ രാജവാഡിയാർ*


*ഗുരുജി*

ഭാരതത്തിന്റെ ജീവാത്മാവ് ആദ്ധ്യാത്മികതയാണ് എന്ന സത്യത്തെ ആവിഷ്ക്കരിക്കാൻ ജനതയെ സജ്ജരാക്കാൻ ഒരു സംഘടനയുടെ അനിവാര്യത മനസ്സിലാക്കിയ ഗുരുജി സമൂഹത്തിലെ ഉന്നതരായ സന്യാസിശ്രേഷ്ഠന്മാരും വ്യക്തികളുമായി സംവദിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തു. അങ്ങനെ ഗുരുജി നടത്തിയ നിരന്തര തപസ്സിന്റെ ഫലമായി ആദ്ധ്യാത്മിക ഗംഗ ഒഴുകാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടു. പുതിയ സൂര്യോദയം ദൃശ്യമായി. 1964 ആഗസ്റ്റ് 29-ാം തീയതി ജന്മാഷ്ടമിദിനത്തിൽ ബോംബെയിലെ സാന്ദീപനി സാധനാലയത്തിൽ പൂജ്യ ചിന്മയാനന്ദജിയുടെ അദ്ധ്യക്ഷതയിൽ ഡോ. കെ.എം. മുൻഷി, ഗുരുജി, സി.പി. രാമസ്വാമി അയ്യർ, മാസ്റ്റർ താരാസിംഗ്, മൈസൂർ മഹാരാജാ ജയചാമരാജവാഡിയാർ, ജെയിൻ മുനി, സുശീൽകുമാർ, ദലൈലാമ, പുരി-ശൃംഗേരി-ബദരി-ദ്വാരക കാമകോടി പീഠങ്ങളിലെ ശങ്കരാചാര്യന്മാർ, എസ്.എസ്. ആപ്തേജി, രാഷ്ട്ര സന്ത് തുകഡോജി മഹാരാജ് തുടങ്ങിയ മഹാത്മാക്കളുടെ സാന്നിദ്ധ്യത്തിൽ വിശ്വഹിന്ദുപരിഷത്ത് എന്ന ആഗോള ഹിന്ദുസംഘടന രൂപമെടുത്തു.

(1) ഹിന്ദുസമൂഹത്തെ സംഘടിപ്പിക്കുക, ജാഗരൂകരാക്കുക.

(2) ഹൈന്ദവ ജീവിതമൂല്യങ്ങളുടെ രക്ഷയും വികാസവും.

(3) വിദേശഹിന്ദുക്കളുമായി ബന്ധപ്പെടുകയും അവരെ സഹായിക്കുകയും ചെയ്യുക.

ഇതായിരുന്നു പ്രധാന ലക്ഷ്യം.

1965-ലാണ് കേരളത്തിൽ വിശ്വഹിന്ദുപരിഷത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ഗുരുവായൂരിൽ വെച്ച് നടന്ന ആദ്യയോഗത്തിൽ ഭാരതകേസരി മന്നത്തു പത്മനാഭൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു ചരിത്രനിയോഗമാണ്. മരണംവരെ അദ്ദേഹം വിശ്വഹിന്ദുപരിഷത്തിന്റെ അടുത്ത ബന്ധുവും സഹായിയും സഹകാരിയുമായിരുന്നു എന്നത്

സ്വീകരിക്കുമായിരുന്നില്ല). വിശ്വഹിന്ദുപരിഷത്തിന്റെ ബോധവാക്യം "ധർമ്മോ രക്ഷതി രക്ഷിതഃ" (ധർമ്മത്തെ രക്ഷിച്ചാൽ ധർമ്മം നമ്മെയും രക്ഷിക്കും) എന്നും ബോധചിഹ്നം അക്ഷയ വടവൃക്ഷം എന്നും നിശ്ചയിക്കപ്പെട്ടു. പിന്നീട് ഹൈന്ദവസമാജത്തിന്റെ ജീർണ്ണത പരിഹരിക്കപ്പെടാൻ ഉതകുന്ന താഴെപ്പറയുന്ന സന്ദേശങ്ങൾ സമൂഹത്തിനു നൽകി.

(1) ഹൈന്ദവാ സോദരാ സർവ്വേ (ഹിന്ദുക്കൾ എല്ലാവരും സഹോദരന്മാരാണ്).

(2) ന ഹിന്ദുഃ പതിതോ ഭവേത് (ഹിന്ദുക്കളിൽ പതിതരായി ആരുമില്ല).

(3) മമ മന്ത്രഃ സമാനതാ (സമഭാവനയാണ് എന്റെ മന്ത്രം).

(4) ഹിന്ദുരക്ഷാ മമ ദീക്ഷാ (ഹിന്ദുധർമ്മത്തിന്റെ രക്ഷയാണ് എന്റെ വ്രതം.

(5) സംഘശക്തി കലൗയുഗേ (സംഘടനാശക്തിയാണ് കലിയുഗത്തിനാവശ്യം).


ഹെഡ്ഗേവാർ


സി.പി. രാമസ്വാമി അയ്യർ


കെ.എം. മുൻഷി


ദലൈലാമ


പി. പരമേശ്വരൻ

ജാതി ചോദിക്കരുത്, പറയരുത്, ചിന്തിക്കരുത്. സംഘടിച്ചു ശക്തരാകുവിൻ, വിദ്യകൊണ്ടു പ്രബുദ്ധരാകുവിൻ എന്നീ ശ്രീനാരായണഗുരുദേവചിന്തകളുടെ അന്തസ്സത്തയെയും മന്നത്തു പത്മനാഭൻ ആദ്യം സ്ഥാപിച്ച ചങ്ങനാശ്ശേരി എൻ.എസ്.എസ് കോളേജിന് എൻ.എസ്.എസ് ഹിന്ദുകോളേജ് എന്നു നാമകരണം ചെയ്തതിലൂടെ അദ്ദേഹം ഉയർത്തിവിട്ട ഹൈന്ദവ ഏകീകരണം എന്ന ഭാവനയെയും സാക്ഷാത്കരിക്കാൻ ഉതകുന്ന ആശയങ്ങളാണ് വിശ്വഹിന്ദുപരിഷത്ത് ഈ ഉദ്ബോധനവാക്യത്തിലൂടെ സമാജത്തിനു നൽകിയത്. ഈ ആശയപൂർത്തീകരണത്തിനു തകുന്ന കർമ്മപദ്ധതികൾക്ക് വിശ്വഹിന്ദുപരിഷത്ത് രൂപംനൽകി.

(1) ഹിന്ദുസമാജത്തെ സുസംഘടിതവും സുശക്തവും ആത്മാഭിമാനപ്രചോദിതവുമാക്കുക.

**സുവർണ്ണജയന്തി (50-ാം വാർഷികം) ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ, എൺപതോളം വിദേശരാജ്യങ്ങളിൽ ഹിന്ദുസമാജത്തിന് ഒരു കൈത്താങ്ങായി വിശ്വഹിന്ദുപരിഷത്ത് വളർന്നിരിക്കുന്നു. ഭാരതത്തിൽ ആർക്കും അവഗണിക്കാൻ കഴിയാത്ത തരത്തിൽ സംഘടിത സമാജശക്തിയായി അത് മാറിക്കഴിഞ്ഞു.**



(2) ഹിന്ദുധർമ്മത്തെക്കുറിച്ച് അജ്ഞരായി കഴിയുന്ന ഹിന്ദുക്കളെ സനാതനധർമ്മ മൂല്യങ്ങളിൽ അവബോധമുള്ളവരാക്കുക.

(3) ജാതിചിന്ത, അസ്പൃശ്യത, ഉച്ചനീചത്വം, അന്ധവിശ്വാസം, അനാചാരം എന്നിവ തുടച്ചുനീക്കുക.

(4) സനാതനധർമ്മത്തെ സംരക്ഷിക്കുക, പ്രചരിപ്പിക്കുക.

(5) ഹിന്ദുധർമ്മത്തിൽനിന്നും വിട്ടുപോയവരെ തിരിച്ചുകൊണ്ടുവരിക.

(6) നിർദ്ധനരും നിരാലംബരുമായവർക്ക് ആശ്വാസവും സഹായവും നൽകാൻ ജീവകാര്യണ്യപ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

(7) അനാചാരങ്ങൾ നീക്കുന്നതോടൊപ്പം കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ സമൂഹത്തെ തയ്യാറാക്കുക.

തുടങ്ങിയ ലക്ഷ്യങ്ങൾ സാർത്ഥകമാക്കാനുള്ള നിസ്വാർത്ഥ പരിശ്രമമാണ് ഇക്കാലമത്രയും വിശ്വഹിന്ദുപരിഷത്ത് ചെയ്തുപോരുന്നത്.

സുവർണ്ണജയന്തി (50-ാം വാർഷികം) ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ, എൺപതോളം വിദേശരാജ്യങ്ങളിൽ ഹിന്ദുസമാജത്തിന് ഒരു കൈത്താങ്ങായി വിശ്വഹിന്ദുപരിഷത്ത് വളർന്നിരിക്കുന്നു. ഭാരതത്തിൽ ആർക്കും അവഗണിക്കാൻ കഴിയാത്ത തരത്തിൽ സംഘടിത സമാജശക്തിയായി അത് മാറിക്കഴിഞ്ഞു. 1979-ൽ പ്രയാഗയിൽവെച്ചു നടന്ന രണ്ടാംലോക ഹൈന്ദവസമ്മേളനത്തിൽ ഒരുലക്ഷം പ്രതിനിധികളാണ് പങ്കെടുത്തത്. ഭാരതത്തിലെ ഹൈന്ദവരിൽ പുത്തൻപ്രതീക്ഷയും ആത്മവിശ്വാസവും നൽകിയ ഏകാത്മതായാത്രയിലൂടെ പവിത്ര ഗംഗയെ ജനഹസ്തങ്ങളിൽ എത്തിച്ചു. കോടാനുകോടി ഹൈന്ദവജനതയുടെ ആത്മചേതനയെ തട്ടിയുണർത്താൻ ഇതിലൂടെ കഴിഞ്ഞു. കേരളത്തിൽ നടന്ന നിലയ്ക്കൽ പ്രക്ഷോഭം ഹിന്ദുക്കളിലുണ്ടാക്കിയ ആത്മവിശ്വാസത്തി

ന്റെ തിരിനാളം ഇന്നും ജ്വലിച്ചുനിൽക്കുകയാണ്. കുരിശുകൃഷിക്ക് വിരാമമിടാൻ കഴിഞ്ഞ ആ ഐതിഹാസിക സമരം നടന്നത് വിശ്വഹിന്ദുപരിഷത്തിന്റെ നേതൃത്വത്തിലാണ്. ഡൽഹിയിൽ നടന്ന വിരാട്ഹിന്ദുസമ്മേളനം, സന്യാസിമാരുടെ കൂട്ടായ്മയായ ധർമ്മസംസത്, അമേരിക്കയിൽ വെച്ചു നടന്ന ലോക ഹൈന്ദവസമ്മേളനം തുടങ്ങിയവയെല്ലാം ചരിത്രസംഭവങ്ങളാണ്. ഭാരതത്തിലെ രാഷ്ട്രീയ ഭൂപടത്തിലുണ്ടാക്കിയ അത്ഭുതകരമായ പ്രതിഭാസങ്ങൾക്കുവരെ കാരണഭൂതമായ ശ്രീരാമജന്മഭൂമി പ്രക്ഷോഭത്തിന്റെ ആണിക്കല്ല് വിശ്വഹിന്ദുപരിഷത്ത് എന്ന മഹാപ്രസ്ഥാനമാണ്. 1528 മുതൽ 1949 വരെ 76-ഓളം യുദ്ധങ്ങൾ ക്ഷേത്രവിമോചനത്തിനുവേണ്ടി നടന്നു. 1980-കളിലാണ് വിശ്വഹിന്ദുപരിഷത്ത് ഈ വിഷയം ഏറ്റെടുക്കുന്നത്. ശ്രീരാമജാനകി രഥയാത്ര, ശിലാപൂജ തുടങ്ങിയ കർമ്മപദ്ധതിയിലൂടെ ഈ പ്രക്ഷോഭത്തെ ജനകീയവൽക്കരിക്കുന്നതിൽ വിശ്വഹിന്ദുപരിഷത്ത് വിജയിച്ചു. 1989-ൽ നടന്ന ശിലാന്യാസം, “നഃ ഹിന്ദു പതിതോ ഭവേത്” എന്ന ബോധവാക്യത്തെ അന്വർത്ഥമാക്കുന്നതായിരുന്നു. അധഃസ്ഥിതസമൂഹത്തിൽ ജനിച്ച കാമേശ്വർ ചൗപാൽജിയുടെ കൈകളാൽ ആദ്യശില സ്ഥാപിച്ചു. ഹൈന്ദവസമൂഹത്തിൽ വിപ്ലവകരമായ പരിവർത്തനത്തിന് അത് സാക്ഷ്യംവഹിച്ചു.

വിശ്വഹിന്ദുപരിഷത്തിന്റെ പ്രവർത്തനം വിവിധ ആയാമുകളുടെ (വിഭാഗങ്ങൾ) പ്രവർത്തനത്തിന്റെ ആകെത്തുകയാണെന്നു കാണാം. ഭാരതത്തിലെ സന്യാസിമാരെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനഫലമായി സന്യാസിമാരുടെ കൂട്ടായ്മ രൂപപ്പെടുത്താൻ കഴിഞ്ഞു. അയോദ്ധ്യാ പ്രക്ഷോഭത്തിന്റെ ശക്തിസ്രോതസ്സും വഴികാട്ടിയും സന്യാസിമാരായിരുന്നു. എല്ലാ വിഭാഗം ജനങ്ങളെയും പൂജാരിമാരാക്കാനുള്ള ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായി അബ്രാഹ്മണരെ പൂജാവിധികൾ പഠിപ്പിക്കുകയും ഉപനയനകർമ്മത്തിലൂടെ പൂജാരിമാരായി ഉയർത്തിക്കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽതന്നെ 3000-ലധികം പേരെ ഇത്തരത്തിൽ നിരവധി ക്ഷേത്രങ്ങളിൽ പൂജാരിമാരായി അയക്കാൻ സാധിച്ചു എന്നത് ചാരിതാർത്ഥ്യജനകമാണ്. മതപരിവർത്തനത്തിന്റെ വെല്ലുവിളികളെ ചെറുക്കാനും മതംമാറിയവരെ തിരിച്ചുകൊണ്ടുവരാനും ഹിന്ദുക്കളിൽ ഹിന്ദുധാർമ്മിക അവബോധം സൃഷ്ടിക്കാനും കഴിഞ്ഞതിന്റെ ഫലമായി ലക്ഷക്കണക്കിനാളുകളെ സ്വധർമ്മത്തിലേക്കു തിരിച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

ഗോസംരക്ഷണത്തിന്റെ ഭാഗമായി 10 ലക്ഷത്തിലധികം കന്നുകാലികളെ അറവുശാലകളിൽനിന്നു മോചിപ്പിക്കാനും സംരക്ഷിക്കാനും സാധിച്ചു. പശുവളർത്തൽ ലാഭകരമാക്കുന്നതിനുവേണ്ടി ഭാരതത്തിൽ 400-ലധികം പഞ്ചഗവ്യ ഔഷധനിർമ്മാണകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ക്ഷേത്രങ്ങളെ സംരക്ഷിക്കാനും അതിലൂടെ ജനങ്ങളിൽ സാമൂഹ്യഭക്തി വളർത്തിയെടുക്കാനും, ക്ഷേത്രങ്ങൾ വിശ്വാസികളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ പുരോഗതിക്ക് ഉതകുന്നതരത്തിൽ നവീകരിക്കാനും വിശ്വഹിന്ദുപരിഷത്തിന് കഴിഞ്ഞിട്ടുണ്ട്. വനവാസി, പിന്നാക്കമേഖലകളിൽ 52000 ൽ അധികം ഏകൽവിദ്യാലയങ്ങൾ നടന്നുവരുന്നു. അവരുടെ തനതായ ആചാരാനുഷ്ഠാനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. ഇന്ന് ഈ മേഖലയിൽ അവഗണിക്കാനാവാത്ത ശക്തിയാണ് വിശ്വഹിന്ദുപരിഷത്ത്. കേരളത്തിൽ ഇടുക്കി, വയനാട് ജില്ലകളിലാണ് പ്രധാനമായും പ്രവർത്തനങ്ങൾ നടന്നുവരുന്നത്. 600 ൽ അധികം ഏകത് വിദ്യാലയങ്ങളാണ് ഇങ്ങനെ ആരംഭിച്ചിട്ടുള്ളത്.സേവനരംഗത്ത് പ്രതീക്ഷ നൽകുന്ന വിധത്തിൽ 12 ബാല-ബാലികാശ്രമങ്ങൾ നടന്നുവരുന്നുണ്ട്. നിരാലംബരും നിർദ്ധനരുമായ കുട്ടികളെ ഏറ്റെടുത്ത് അവർക്കുവേണ്ട

**സമൂഹജീവിതത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും, ഇക്കാലത്ത് പെൺകുട്ടികൾ നേരിടുന്ന വെല്ലുവിളികളെ നേരിടാൻ അവരെ സജ്ജരാക്കുകയുമാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം കുടുംബഭദ്രത ഉറപ്പുവരുത്തുകയും.**

വിദ്യാഭ്യാസം നൽകുന്ന കേന്ദ്രങ്ങളാണവ. അന്നദാനം, ചികിത്സാസഹായം, വിദ്യാഭ്യാസസഹായം, സ്കോളർഷിപ്പ് തുടങ്ങിയ നിരവധി കാര്യങ്ങൾ വിശ്വഹിന്ദുപരിഷത്ത് ചെയ്തുവരുന്നു. രക്തദാനം, അവയവദാനം എന്നിവ യുവജനസംഘടനയായ ബജ്രംഗദളിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ലോകത്തെവിടെയുമുള്ള ഹിന്ദുക്കൾക്ക് സഹായഹസ്തമായ ഹിന്ദുഹെൽപ്പ് ലൈൻ, ആരോഗ്യരംഗത്ത് പുത്തൻ പ്രതീക്ഷ നൽകുന്ന ആരോഗ്യഹെൽപ്പ് ലൈൻ എന്നിവ വിശ്വഹിന്ദുപരിഷത്ത് കഴിഞ്ഞ കുറച്ചുവർഷങ്ങൾക്കുള്ളിൽ പ്രവർത്തിപഥത്തിൽ കൊണ്ടുവന്ന പദ്ധതികളാണ്. അമ്മമാരെയും പെൺകുട്ടികളെയും സാംസ്കാരികമുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനം ദീർഘകാലമായി നടന്നുവരുന്നു. സ്ത്രീശാക്തീകരണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സമൂഹജീവിതത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും, ഇക്കാലത്ത് പെൺകുട്ടികൾ നേരിടുന്ന വെല്ലുവിളികളെ നേരിടാൻ അവരെ സജ്ജരാക്കുകയുമാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം കുടുംബഭദ്രത ഉറപ്പുവരുത്തുകയും.

സുവർണ്ണജയന്തിവർഷത്തിൽ കൂടുതൽ മേഖലകളിൽ പ്രവർത്തനം എത്തിക്കാനും സമാജം നേരിടുന്ന ഏതൊരു വെല്ലുവിളിയെയും ഏറ്റെടുക്കാൻ സാധ്യമാകത്തക്കവിധത്തിൽ പ്രവർത്തനങ്ങളെ വിപുലീകരിക്കാനുമാണ് വിശ്വഹിന്ദുപരിഷത്ത് ലക്ഷ്യമിടുന്നത്. ജനജാഗരണസമ്പർക്കയജ്ഞത്തിലൂടെ കൂടുതൽ ഹിന്ദുമിഷനറിമാരെ കണ്ടെത്താനും അവരെ സജ്ജരാക്കാനുള്ള പരിശീലനകേന്ദ്രങ്ങൾ തുടങ്ങാനുമുള്ള കർമ്മപദ്ധതിക്ക് വിശ്വഹിന്ദുപരിഷത്ത് നേതൃത്വം നൽകും. എല്ലാ ഹിന്ദുക്കളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി പ്രഖണ്ഡ് തലം മുതൽ ഘോഷയാത്രയും സമ്മേളനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഒരു വർഷം നീണ്ടുനിൽക്കുന്ന സുവർണ്ണജയന്തികാലയളവിൽ ആദ്ധ്യാത്മിക, വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹ്യ മേഖലകളിൽ സ്ഥായിയായ പരിവർത്തനം വരുത്താൻ ഉതകുന്നതും ഹിന്ദുസമാജത്തിന് ആത്മവിശ്വാസവും സുരക്ഷിതത്വവും നൽകാൻ കഴിയുന്നതുമായ ഒട്ടനവധി പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് വിശ്വഹിന്ദുപരിഷത്ത് തീരുമാനിച്ചിട്ടുള്ളത്.

*(വിശ്വഹിന്ദുപരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറിയാണ് ലേഖകൻ)*

# രണ്ടു കവിതകൾ

ചെറുകുന്നം വാസുദേവൻ

## മഹാപ്രഭു

ഒരിക്കലാ രമാകാന്തൻ
സുദാമാവിൻ ഭൃത്യതയെ
വരിക്കുവാൻ പോലും സ്വയം
മുതിർന്നോനത്രേ!

ഒരുപിടിയവൽകൂടി
വായിലെത്തുംമുമ്പേ ദേവി
തടയുവാൻ മുതിരാതെ
യിരുന്നുവെങ്കിൽ

മഹാപ്രഭുവിന്റെ കഥ
യെത്രമാത്രം മാറിയേനെ,
വൈകുണ്ഠവാസികളെല്ലാം
ദാസരായേനെ!

മഹത്തുക്കൾക്കില്ല, ഒന്നും
നഷ്ടപ്പെടുമെന്ന ഭയം;
കൊടുക്കണം വാരിക്കോരി-
യെന്നതേ ന്യായം!

## ഫലശ്രുതി

പരംജ്യോതിർസ്വരൂപനായ്
ഗുരുവായൂർ മതിലക-
ത്തൊരു ദേവനമരുന്നു
പുരുഷോത്തമൻ!

പറയേണ്ട ആരുമേതും
ധനമൊന്നും കൊടുക്കേണ്ട,
അവിടുത്തേയ്ക്കഖിലവു-
മറിവുണ്ടല്ലോ!

വിളിയ്ക്കേണം, വിളി പക്ഷെ
ചിത്തത്തിൽനിന്നുയരേണം
വിളിക്കുമ്പോൾ നിനയ്ക്കേണം
കണ്ണനെയുള്ളിൽ!

അത്രമാത്ര;-മഭയവും
സാമീപ്യവുമുറപ്പാക്കും
ഭക്തവത്സലൻ! - ഉപരി
മറ്റെന്തുവേണ്ടു!



(ശ്രീനാരായണഗുരുദേവന്റെ ദൈവോപനിഷത്ത് തുടർച്ച..)



# ദൈവദശക രചനാ ശതാബ്ദി ആഘോഷം

**സച്ചിദാനന്ദസ്വാമി**

സെക്രട്ടറി, ദൈവദശകരചനാശതാബ്ദിയാഘോഷകമ്മിറ്റി, ശിവഗിരി

മലയാളഭാഷയിലെ ലക്ഷണമൊത്ത ആദ്യ ബാലസാഹിത്യകൃതി ദൈവദശകമാണെന്ന് ശ്രീ സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നു. ദാർശനികതലത്തിൽ ഇത്രയും അർത്ഥസമ്പുഷ്ടവും സർവ്വവേദസാരസംഗ്രഹപൂർവ്വവുമായ മറ്റൊരു വേദാന്തസ്തോത്രകാവ്യം മലയാളത്തിലുണ്ടായല്ലെന്ന് അഴീക്കോടിന് അഭിപ്രായമുണ്ട്. അറിയുന്നവരെല്ലാം ഒരുപോലെ നെഞ്ചിലേറ്റി ലാളിക്കുവാൻപോന്ന ഔന്നത്യം എല്ലാതലത്തിലും ദൈവദശകത്തിൽ കാണാനാകും.

പത്ത് പദ്യങ്ങളിലായി ഗുരുദേവനാവിഷ്കരിക്കുന്ന ആശയപ്രപഞ്ചം സർവ്വാദൃതമാണ്. കേവലം ഒരു ദേവതാസ്തുതിപരമായ പ്രാർത്ഥനയല്ല ദൈവദശകം. ഭാരതീയമായ അധ്യാത്മ സാധനാമാർഗ്ഗം സഗുണമെന്നും നിർഗുണമെന്നും രണ്ടായി പിരിയുന്നു. സഗുണാരാധന പ്രസിദ്ധമാണ്. “ഈശ്വരോ രൂപകലയാ പ്രവിഷ്ഠോ ഭഗവാനിതി” - ഈശ്വരൻ നാമരൂപങ്ങളോടുകൂടിയ ഭഗവൽസ്വരൂപമായി ആരാധിക്കപ്പെടുമ്പോൾ ശിവൻ, സുബ്രഹ്മണ്യൻ, ഗണപതി, ദേവി, വിഷ്ണു തുടങ്ങിയ സഗുണസങ്കല്പമുണ്ടാകുന്നു. നാമരൂപരഹിതമായ പരബ്രഹ്മസത്യത്തെ സാക്ഷാത്കരിക്കുവാൻ സാധാരണക്കാർക്ക് ഈ സഗുണസങ്കല്പം കൂടിയേതീരൂ. ഓരോരുത്തരുടേയും സങ്കല്പം അനുസരിച്ചാണ് മൂർത്തിപൂജയിലൂടെ ഉളവാകുന്ന ഈശ്വരചൈതന്യത്തിന്റെ അനുഭവതലങ്ങൾ. ബ്രഹ്മതത്വത്തെ നാമരൂപരഹിതമായ സച്ചിദാനന്ദസ്വരൂപമായി ദർശിച്ചുകൊണ്ടുള്ള നിർഗുണോപാസന ഉത്തമാധികാരിക്കുള്ളതാണ്.



ലോകത്തിലെതന്നെ വിജ്ഞാനഭണ്ഡാകാരമാണ് ഭാരതീയമായ വേദസംഹിത. ഋക്ക്, യജുസ്, സാമം, അഥർവ്വണം എന്നീ ചതുർവിധവേദങ്ങളിൽ മന്ത്രണം, സംഹിത, ബ്രാഹ്മണം, ഉപനിഷത്ത് എന്നിങ്ങനെ നാലുഭാഗങ്ങളുണ്ട്. മന്ത്രണം, സംഹിത, ബ്രാഹ്മണം എന്നീ ഭാഗങ്ങളിൽ ദേവതാസ്തുതിപരമായ അനേകം മന്ത്രങ്ങളുണ്ട്. ഇന്ദ്രൻ, മിത്രൻ, വിഷ്ണു, രുദ്രൻ, വായു, അഗ്നി തുടങ്ങിയ ദേവതകൾ സ്തുതിക്കപ്പെടുന്നു. ഉപനിഷത്തുകളിലാകട്ടെ നാരായണൻ, കൃഷ്ണൻ തുടങ്ങിയ മൂർത്തികളിലൂടെ വേദാന്തതത്വങ്ങൾ അവതരിപ്പിക്കുന്നതായി കാണാം. നിർഗുണമായ ബ്രഹ്മതത്വം മായാശബളിതമായി ഈശ്വരതത്വമായി ആരാധിക്കപ്പെടുന്നു.

ശ്രീനാരായണഗുരുദേവന്റെ ക്ഷേത്രപ്രതിഷ്ഠകൾ മന്ദാധികാരികൾക്കും ആശ്രമാദിസ്ഥാപനങ്ങൾ മദ്ധ്യമ അധികാരികൾക്കും ഗുരുദേവകൃതികൾ - രചനകൾ ഉത്തമാധികാരികൾക്കും ഉള്ളതാണെന്ന് വിവക്ഷിക്കുന്നതിൽ അപാക

തയില്ല. ആത്മോപദേശശതകം, അറിവ്, അദ്വൈതദീപിക, വേദാന്തസൂത്രം തുടങ്ങിയ കൃതികളിലൂടെ ഉത്തമാധികാരിയായ ആത്മസാധകൻ "പരമപദം പരിചിന്ത ചെയ്ത്" പരമമായ മഹസ്സിലാണ്ട് വിഹരിക്കുന്ന അനുഭവത്തിന്റെ ആവിഷ്കാരം അവർണ്ണനീയമെന്നേ പറയേണ്ടൂ.

ദൈവത്തെ നാമരൂപരഹിതമായി പത്തു ശ്ലോകങ്ങളിലൂടെ ഗുരുദേവൻ ആവിഷ്കരിച്ചതാണ് ദൈവദശകം. പത്തു ശ്ലോകങ്ങളിൽ ഒരു സ്ഥലത്തുപോലും മൂർത്തീസങ്കല്പം കടന്നുവരുന്നില്ല. ഒന്നാം പദ്യത്തിൽ തുടങ്ങി പത്തു പദ്യം പൂർത്തിയാകുമ്പോൾ ദൈവത്തെ 'നീ' എന്നു മാത്രം സംബോധന ചെയ്ത് ദൈവസ്വരൂപം വെളിവാക്കുന്നു. അതിനാൽ ശിവൻ, വിഷ്ണു, ദേവി തുടങ്ങിയ ദേവതമാരെ സങ്കല്പിച്ച് ആരാധിക്കുന്നവർക്കും ദൈവദശകം സ്വീകാര്യമാകുന്നു. ഗുരുവായൂർ, ശബരിമല, ചോറ്റാനിക്കര, വൈക്കം തുടങ്ങി ഏതു മഹാക്ഷേത്രത്തിൽ ചെന്നും ദൈവദശകം ഒരു ഭക്തന് ആലാപനം ചെയ്യാം. ഈ കൃതിയിലൂടെ ദൈവതത്വത്തെ സഗുണമായോ നിർഗുണമായോ സങ്കല്പിക്കുകയും ചെയ്യാം. "ദൈവദശകം ശ്രീനാരായണഗുരു രചിച്ചതാണ് - അത് ശ്രീനാരായണീയക്ഷേത്രങ്ങളിൽ ചൊല്ലേണ്ടതാണ്, ശ്രീനാരായണഭക്തന്മാർക്കുള്ളതാണ്" എന്ന തെറ്റായ വിശ്വാസം വ്യാപകമായുണ്ട്. ഇപ്രകാരമുള്ള മൂഢവിശ്വാസങ്ങൾ തിരുത്താതെ - ഗുരുദേവനെയും ഗുരുദേവന്റെ കൃതികളെയും സംഭാവനകളെയും പൂർണ്ണാർത്ഥത്തിൽതന്നെ സ്വീകരിക്കാതെ, എങ്ങനെ ഹൈന്ദവ ഐക്യം സംജാതമാകും? വിശ്വഹിന്ദു പരിഷത്തും അതോടു ചേർന്നുള്ള പ്രസ്ഥാനങ്ങളും ദൈവദശകം സാർവ്വത്രികമായി ഉൾക്കൊള്ളുമ്പോഴും ഹിന്ദുസമുദായത്തിൽപ്പെട്ട വലിയൊരു ജനവിഭാഗം ദൈവദശകത്തിന് അയിത്തം കല്പിച്ച് അകറ്റിനിർത്തുന്നുണ്ട്. ഹിന്ദു ഐക്യത്തിന് തടസ്സമായി നിൽക്കുന്ന ഇത്തരം വ്യവസ്ഥിതികൾ പൂർണ്ണമായും പരിവർത്തനമാകേണ്ടതുണ്ട് എന്ന് സാദരം കുറിക്കട്ടെ.

മുൻ മുഖ്യമന്ത്രി ശ്രീ. അച്യുതമേനോൻ ഭക്തിസാഹിത്യത്തെ വിലയിരുത്തി, തികച്ചും പഠനാർഹമായ ഒരു ലേഖനം എഴുതിയിട്ടുണ്ട്. അതിൽ എഴുത്തച്ഛന്റെ ഹരിനാമകീർത്തനം, പൂന്താനത്തിന്റെ ജ്ഞാനപ്പാന, ശ്രീനാരായണ ഗുരുവിന്റെ ദൈവദശകം എന്നിവ മലയാളത്തിലെ ഏറ്റവും ഉത്കൃഷ്ടമായ മൂന്ന് പ്രാർത്ഥനകളായി വിലയിരുത്തുന്നുണ്ട്. "ഹരിനാമകീർത്തനത്തിൽ നിന്നും ദൈവദശകത്തിലേക്ക്'' എന്നാണ് അച്യുതമേനോൻ വിലയിരുത്തുന്നത് (ലേഖനത്തിന്റെ തലവാചകം). എഴുത്തച്ഛന്റെ ഹരിനാമകീർത്തനം തത്വചിന്താപ്രധാനവും ഭക്തിസംവർദ്ധകവുമായ ഒരു സ്തോത്ര

**വിശ്വഹിന്ദുപരിഷത്തും അതോടു ചേർന്നുള്ള പ്രസ്ഥാനങ്ങളും ദൈവദശകം സാർവ്വത്രികമായി ഉൾക്കൊള്ളുമ്പോഴും ഹിന്ദുസമുദായത്തിൽപ്പെട്ട വലിയൊരു ജനവിഭാഗം ദൈവദശകത്തിന് അയിത്തം കല്പിച്ച് അകറ്റിനിർത്തുന്നുണ്ട്.**

മാണ്. എന്നാൽ അതിലെ ഈശ്വരസങ്കല്പം "നാരായണനാണ് - വിഷ്ണു" വാണ്. പൂന്താനത്തിന്റെ ജ്ഞാനപ്പാനയാകട്ടെ 'കൃഷ്ണ'സങ്കല്പത്തിലൂന്നിയുള്ളതാണ്. ഈ രണ്ട് ഉത്കൃഷ്ട സ്തോത്രങ്ങളും അതാതു മൂർത്തിയെ ഉപാസിക്കുന്നവർക്കു മാത്രമേ കൂടുതൽ ഹിതകരമാകുന്നുള്ളൂ. ദൈവദശകത്തിലാകട്ടെ യാതൊരുവിധ മൂർത്തിസങ്കല്പവുമില്ല. ഏതു മൂർത്തിയേയും സങ്കല്പിക്കാമെന്നു മാത്രമല്ല, അമൂർത്തമായ നിർഗുണതത്ത്വത്തെ സ്തുതിക്കുകയും ചെയ്യാം. എന്നാൽ ഹരിനാമകീർത്തനവും ജ്ഞാനപ്പാനയും ഹൈന്ദവമനസ്സിൽ നിറഞ്ഞുനിൽക്കുന്നതുപോലെ ദൈവദശകം സ്വീകാര്യമാകുന്നില്ല. അതുകൊണ്ട് ദൈവദശകത്തിനോ അതെഴുതിയ ശ്രീനാരായണഗുരുവിനോ ഒരു കുറവും സംഭവിക്കുകയില്ലെന്ന് അച്യുതമേനോൻ വിലയിരുത്തുന്നു. ദൈവദശകം ജപിക്കാത്തവർക്കാണ് കുറവ് സംഭവിക്കുന്നത് എന്നാണ് അച്യുതമേനോന്റെ പക്ഷം.

വേദങ്ങളിലുള്ള ദേവതാസങ്കല്പത്തെക്കുറിച്ച് മുൻപ് പറഞ്ഞുവല്ലോ. വേദസംഹിതയിൽ കാണുന്ന നല്ലൊരു പ്രാർത്ഥന കൂടിയാണ് ഈശാവാസ്യോപനിഷത്ത്. അത് ശ്രീനാരായണഗുരു മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുണ്ട്. ശിവഗിരിയിലും ശ്രീനാരായണ മഠങ്ങളിലും പ്രാതഃസായംസന്ധ്യകളിലുള്ള നിത്യപ്രാർത്ഥനയിൽ ഈശാവാസ്യോപനിഷത്തും ഉൾപ്പെടുന്നു. മലയാളത്തിലെ മുഴുവൻ സനാതനധർമ്മ വിശ്വാസികൾക്കും ഒരുപോലെ ജപിക്കാവുന്ന ഒന്നാണ് ഗുരുവിന്റെ ഈശാവാസ്യോപനിഷത്ത് ഭാഷ എന്ന് സാദരം കുറിക്കട്ടെ. എന്നാൽ ഈ ഉപനിഷത്തിൽപോലും യമൻ, സൂര്യൻ തുടങ്ങിയ ദേവതമാർ കടന്നുവരുന്നുണ്ട്. "അങ്ങനെ നോക്കുമ്പോൾ വേദകാലത്തിനുശേഷമുണ്ടായ ഏറ്റവും ഉത്കൃഷ്ടമായ സ്തുതിയാണ് നാരായണഗുരുവിന്റെ ദൈവദശകം" എന്ന് ഗുരു നിത്യചൈതന്യയതി അഭിപ്രായപ്പെടുന്നു.

1914 കാലത്ത് ശിവഗിരിയിലെ സാധുക്കളായ വിദ്യാർത്ഥികൾക്കായി ഗുരു ചൊല്ലിക്കൊടുത്തതാണ് ദൈവദശകം എന്നു പറഞ്ഞുവല്ലോ. (1928-ലെ ധർമ്മം വാരിക കാണുക). ശ്രീ. മണമ്പൂർ ഗോവിന്ദനാശാന്റെ (കുമാരനാശാന്റെ ഗുരുനാഥൻ) നോട്ടുബുക്കിൽ ഈ കൃതി കണ്ടതായി ശ്രീ. ജി. പ്രിയദർശനൻ ഈയടുത്തകാലത്ത് ഈ ലേഖകനോട് പറയുകയുണ്ടായി. ഗുരുദേവന്റെ പല കൃതികളും എഴുതിസൂക്ഷിച്ചതും പിന്നീട് പ്രകാശനത്തിന് നൽകിയതും ശ്രീ മണമ്പൂർ ഗോവിന്ദനാശാനാണെന്നത് ശ്രദ്ധേയമാണ്.

അനുഷ്ഠുപ്പ് വൃത്തത്തിലാണ് ദൈവദശകത്തിന്റെ രചന. പത്തു പദ്യങ്ങളിൽ 320 അക്ഷരങ്ങളിലായി ശ്രീനാരായണഗുരു വലിയൊരു ആശയപ്രപഞ്ചത്തെ വരച്ചുകാണിക്കുന്നു. ദൈവദശകത്തിന്റെ ആരംഭം 'ദൈവമേ!' എന്നാണ്; അവസാനപദ്യത്തിലെ അവസാനപദം 'സുഖം' എന്നും. 'ദൈവമേ സുഖം' - എല്ലാവരുടെയും ലക്ഷ്യം സുഖസമ്പാദനമാണല്ലോ. ആ സുഖം ദൈവത്തെ സമാശ്രയിച്ചാൽ ലഭിക്കുമെന്ന് സൂചിതമായിരിക്കുന്നു. ഒന്നാംപദ്യത്തിൽ ഭവാബ്ധിയിൽപ്പെട്ട് ഉഴലുന്നവർ ദൈവത്തെ അഭയമൂർത്തിയായി കണ്ട് ശരണാഗതരാകണമെന്ന് സൂചിപ്പിക്കുന്നു. അവസാനത്തെ പദ്യത്തിലാകട്ടെ ഭവാബ്ധി മാറി ദൈവമഹസ്സായി തീരുന്നു. ഇടയ്ക്ക് ആഴിയിൽനിന്നും തിരമാലകളുണ്ടാകുന്നതുപോലെ എല്ലാ ജീവന്മാരും ദൈവത്തിൽനിന്നുണ്ടായതാണെന്ന് വെളിപ്പെടുത്തുന്നുണ്ട്. സച്ചിദാനന്ദസ്വരൂപമായ ദൈവസത്യത്തിലമരുന്ന ജീവന്മാർ ഈ ലോകത്ത് സുഖമായി വാഴുന്നു എന്ന സന്ദേശമാണ് ദൈവദശകം നൽകുന്നത്.

ഇനി ഓരോ പദ്യത്തെയും ഒന്ന് പരിചയപ്പെടാം:

*"ദൈവമേ! കാത്തുകൊൾകങ്ങു*
*കൈവിടാതിങ്ങു ഞങ്ങളെ;*
*നാവികൻ നീ ഭവാബ്ധിയ്ക്കൊ-*
*രാവിവൻ തോണി നിൻപദം"*

അല്ലയോ ദൈവമേ, അവിടുന്ന് ഞങ്ങളെ കൈവിടാതെ കാത്തുകൊള്ളേണമേ. അവിടുന്ന് ഭവാബ്ധിക്ക് നാവികനാണ്. അവിടത്തെ ദിവ്യമായ പദമാകട്ടെ ഒരു ആവിക്കപ്പലും.

പദ്യത്തിലെ 'ഒരു' എന്ന പ്രയോഗം കൊണ്ട് ദൈവത്തിന്റെ ഏകതയെ സൂചിപ്പിക്കുന്നു. ദൈവമേ! എന്നുള്ള സംബോധന ഭക്തർ ശരണാഗതരാകേണ്ടതിനെ സൂചിപ്പിക്കുകയാണ്. ഒരേയൊരു ദൈവം കാക്കുകയും കൊള്ളുകയും വേണം. അതായത് ദൈവം നമ്മെയെല്ലാം സംരക്ഷിച്ച് ഈശ്വരാനുഭൂതിയിൽ ലയിപ്പിക്കുകയും വേണം. ഇപ്പോൾ ഭവാബ്ധിയിലാണ്. ഭവാബ്ധി എന്നാൽ ദുഃഖഭൂയിഷ്ഠമായ സംസാര സമുദ്രം. സമുദ്രത്തിൽനിന്നും കരകയറുവാൻ കപ്പലും കപ്പിത്താനും വേണം.



ദൈവത്തിന്റെ പദമാണ് ആവിക്കപ്പൽ. ദൈവമാകട്ടെ ആ കപ്പലിലെ കപ്പിത്താനും. പദ്യത്തിലെ 'പദം' എന്നതിന് വാക്ക്, സ്ഥാനം, തൃപ്പാദം, മാർഗ്ഗം, തുരീയം, ഓംകാരം എന്നെല്ലാം അർത്ഥതലങ്ങളുമുണ്ട്. സംസാരസമുദ്രത്തിൽനിന്നും കരകയറുവാൻ ദൈവനാമത്തെ സമാശ്രയിക്കാം. അതിന് നാമജപം ഒരു ഉപാധിയാണ്. അതല്ലെങ്കിൽ ദൈവത്തിന്റെ സ്ഥാനം ഏറ്റവും മഹോന്നതമാണ്. ആ സ്ഥാനത്തെ സമാശ്രയിക്കാം. അതുമല്ലെങ്കിൽ ദൈവത്തിന്റെ തൃപ്പാദത്തിൽ ശരണാഗതരാവുക. അതുമല്ലെങ്കിൽ ദൈവികമാർഗ്ഗത്തിൽ സഞ്ചരിക്കുക. വേറൊന്ന് ജാഗ്രത്, സ്വപ്ന സുഷുപ്താവസ്ഥകൾക്കപ്പുറമുള്ള തുരീയപദത്തെ പ്രാപിക്കുക എന്നതാണ്. ഇതൊന്നുമല്ലെങ്കിൽ ഓങ്കാരോപാസന സ്വീകരിക്കുക. സംസാരസമുദ്രത്തിൽനിന്നും കരകയറുവാൻ ഇതിലേതെങ്കിലും ഒന്ന് സ്വീകരിക്കാവുന്നതാണ്. ദൈവം ഒരു കപ്പിത്താനെപ്പോലെ നമ്മെ ആനന്ദപൂരിതമായ 'കര'യിലേക്ക് നയിക്കുകതന്നെ ചെയ്യും.

'ദിവ്' എന്ന ധാതുവിൽനിന്നുമാണ് ദൈവം എന്ന പദത്തിന്റെ നിഷ്പത്തി. ദ്യോവിൽ – ആകാശത്തിൽ എല്ലായിടത്തും നിറഞ്ഞുനിൽക്കുന്നത് എന്നാണ് ഒരർത്ഥം. 'ദിവ്' എന്നതിന് പ്രകാശം എന്നും അർത്ഥമുണ്ട്. സ്വയം പ്രകാശിക്കുകയും മറ്റുള്ളവയെ പ്രകാശിപ്പിക്കുകയും ചെയ്യുന്ന യാതൊന്നുണ്ടോ അതാണ് ദൈവം. "തമേവ ഭാന്തം അനുഭാതി സർവ്വം തസ്യഭാസാ സർവ്വമിദം വിഭാതി" എന്ന് ഉപനിഷത്ത്

**ഒരു ഗുരുവിന്റെ തൃപ്പാദത്തെ ശരണംപ്രാപിച്ച് ആത്മസാധന ചെയ്യുന്നവന് അല്ലെങ്കിൽ സ്വയം പരമപദത്തെ പരിചിന്തനം ചെയ്ത് സ്വരൂപസ്മൃതി നേടുന്നവന് സംസാരസമുദ്രത്തിൽനിന്നും മോചനമുണ്ടാകുന്നു. അതിന് ദൈവകാരുണ്യം അഥവാ ഗുരുകാരുണ്യം ആവശ്യമാണ്. അതാണിവിടെ പ്രാർത്ഥിക്കപ്പെടുന്നത്.**

പഠിപ്പിക്കുന്നു. അതുള്ളതുകൊണ്ട് എല്ലാം പ്രകാശിക്കുന്നു. ഈ കാണുന്ന സൂര്യനും ചന്ദ്രനും നക്ഷത്രജാലങ്ങൾക്കും പ്രകാശം നൽകുന്നത് ദൈവമാണ്. സൗരയൂഥാദി നിഖില പ്രപഞ്ചവും നിലകൊള്ളുന്നത് ദൈവത്തിലാണ്. "കാണപ്പെടുന്നതൊക്കെയും സ്ഥൂലം, സൂക്ഷ്മം, കാരണം എന്നീ മൂന്നു രൂപങ്ങളോടുകൂടിയതും പരമാത്മാവിൽനിന്നുമുണ്ടായി അതിൽതന്നെ ലയിക്കുന്നതുമാകുന്നു" എന്ന് ഗുരു ഗദ്യപ്രാർത്ഥനയിൽ ഉപദേശിക്കുന്നുണ്ട്.

ഈ പ്രപഞ്ചത്തിൽ ഭാസിക്കുന്നതെല്ലാം ദൈവസത്യം മാത്രം. താനും ആ ദൈവസത്യംതന്നെയാണ്. പക്ഷേ താനത് അറിയുന്നില്ല. താനിപ്പോൾ അവിദ്യയിലാണ്. അവിദ്യാവശഗനാണ്. വേദാന്തശാസ്ത്രത്തിൽ അവിദ്യയിൽ പ്രതിബിംബിച്ച ഈശ്വരചൈതന്യത്തെയാണ് ജീവൻ എന്നു പറയുന്നത് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആ ജീവൻ – അങ്ങനെയുള്ള ജീവന്മാർ ഇപ്പോൾ ഭവാബ്ധിയിലാണ്. ആ ഭവാബ്ധിയിൽനിന്നും മോചനം ഉണ്ടാകണമെങ്കിൽ ദൈവാനുഗ്രഹം വേണം. ഇതിനാണ് ദൈവത്തെ സമാശ്രയിക്കുന്നത്. ജീവന് ഇപ്പോൾ സംഭവിച്ചിരിക്കുന്നത് സ്വരൂപവിസ്മൃതിയാണ്. വാസ്തവത്തിൽ ജീവൻ സച്ചിദാനന്ദസ്വരൂപമാണ്. എന്നാൽ "ആയിരം ത്രിപുടി വന്ന് അന്നാദിയിൽ പ്രിയമുയർന്ന് കഴിഞ്ഞപ്പോൾ ആടലാം കടലിൽ – ഭവാബ്ധിയിൽ പെട്ടുപോയതാണ്. ഇനി ആവരണവിക്ഷേപങ്ങൾക്കപ്പുറത്തെ സർവ്വസാക്ഷിയായി നിലകൊള്ളുന്ന പരമാത്മവസ്തുവിനെ പ്രാപിക്കണം. അതാണ് തന്റെ യഥാർത്ഥ നില. ആ നിലയിലെത്തുവാൻ ദൈവത്തിന്റെ പദത്തെ സമാശ്രയിക്കുക തന്നെ വേണം. തികച്ചും യോഗാത്മകമായ ഉപാസനയിലൂടെയേ ദൈവസത്യത്തെ പ്രാപിക്കാനാകൂ. അതിന് ദൈവാനുഗ്രഹം ഉണ്ടാകണം എന്നുമാത്രം.

ഇവിടെ ദൈവത്തെ ഒരു ഗുരുസ്വരൂപമായും അവതരിപ്പിക്കുന്നു. ജീവനിൽ സംഭവിച്ച അവിദ്യയെ ഒഴിച്ചുമാറ്റുന്നത് ഗുരുവാണ്. ഈ അവസരത്തിൽ കുമാരനാശാന്റെ ഗുരുപാദദശകത്തിലെ ഒരു ശ്ലോകം സ്മരിക്കാം.

*"ലോകേശൻ സൃഷ്ടി ചെയ്യുന്നിഹ –*
*മുഹുരപിമാം രക്ഷചെയ്യുന്നു വിഷ്ണു,*
*ശ്രീകണ്ഠൻ സംഹരിക്കുന്നിവർ മമ*
*ചിരസംസാരഹേതുക്കളല്ലോ*
*ശോകം ചേർക്കുന്ന ജന്മക്ഷയരുളു–*
*കളശേഷം കെടുക്കും കടാക്ഷം*
*തൂകും തുല്യം വെടിഞ്ഞുള്ളൊരു ഗുരു–*
*ചരണം സന്തതം ഞാൻ തൊഴുന്നേൻ"*

ബ്രഹ്മാവ് സൃഷ്ടിക്കുന്നു, വിഷ്ണു സ്ഥിതികർത്താവാണ്. ശിവൻ സംഹാരകർത്താവും. ഇവർ ചിരകാലമായി സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നിർവഹിക്കുന്നു. 'പുനരപി ജനനം പുനരപി മരണം' ഇതാണവസ്ഥ. എന്നാൽ ശോകമുണ്ടാക്കുന്ന ഈ അവസ്ഥയിൽനിന്നും മോചിപ്പിച്ച് മോക്ഷത്തെ പ്രദാനം ചെയ്യുവാൻ ഒരു സദ്ഗുരു തന്നെ വേണം. ആ സദ്ഗുരുവിന്റെ ചരണങ്ങൾ തുല്യം വെടിഞ്ഞുള്ളവയാണ്. നാം ശരണംപ്രാപിക്കേണ്ടത് ആ തൃപ്പാദത്തെയാണ്. ഒരു ഗുരുവിന്റെ തൃപ്പാദത്തെ ശരണംപ്രാപിച്ച് ആത്മസാധന ചെയ്യുന്നവന് അല്ലെങ്കിൽ സ്വയം പരമപദത്തെ പരിചിന്തനം ചെയ്ത് സ്വരൂപസ്മൃതി നേടുന്നവന് സംസാരസമുദ്രത്തിൽനിന്നും മോചനമുണ്ടാകുന്നു. അതിന് ദൈവകാരുണ്യം അഥവാ ഗുരുകാരുണ്യം ആവശ്യമാണ്. അതാണിവിടെ പ്രാർത്ഥിക്കപ്പെടുന്നത്.

*(തുടരും....)*



അനുഭവം

# ഗ്രഹങ്ങൾ തെളിച്ച വഴിയിൽ

**ടി.കെ. ശങ്കരനാരായണൻ**



**ജ്യോ**തിഷം പഠിപ്പിച്ചുതരാമോ എന്നന്വേഷിച്ചുകൊണ്ട് ആരെങ്കിലുമൊക്കെ ദിവസവും വരും. എത്രകാലം കൊണ്ട് പഠിച്ചുതീർക്കാം എന്നാണ് പലർക്കും അറിയേണ്ടത്. കൃത്യമായ ഒരു കാലദൈർഘ്യം പറയാൻ കഴിയാത്തതുകൊണ്ട് തൊട്ടും തൊടാതെയുമായിരിക്കും എന്റെ മറുപടി. അതോടെ പലരുടേയും ആവേശം അടങ്ങും. ചിലർ മടങ്ങും. ക്ഷമയുള്ളവർ എന്തു ത്യാഗം സഹിച്ചും പഠിച്ചേ തീരൂ എന്ന വാശിയിൽ ഉറച്ചു നില്ക്കും.

അങ്ങനെ താല്പര്യമുള്ള കുറച്ചു കുട്ടികൾക്കു വേണ്ടിയാണ് ചെറിയ നിലയിൽ ഒരു ജ്യോതിഷവിദ്യാലയം തുടങ്ങിയത് കല്ലേപ്പുള്ളിയിൽ നിന്നും ഒരു കൃഷ്ണൻ നമ്പൂതിരി മൂത്താന്തറയിൽ നിന്നും വനജ, മലമ്പുഴയിലെ വിനോദ്, കൂറ്റനാട്ടുനിന്നും രാജേന്ദ്രൻ, കോങ്ങാട്ടിലെ വിശ്വനാഥൻ... അങ്ങനെ കുറച്ചുപേരുടെ ഉത്സാഹം... എല്ലാവർക്കും വന്നുപോകാൻ സൗകര്യമുള്ള ഒരു ചെറിയ എൽ.പി. സ്കൂൾ... ഞായറാഴ്ച മാത്രം ക്ലാസ്സ്.... രണ്ടു മണിക്കൂർ വീതമുള്ള രണ്ടു ബാച്ച്. ആകെ നാൽപതുകുട്ടികൾ...പഠിക്കാനും പഠിപ്പിക്കാനും പറ്റിയ അന്തരീക്ഷം. ഇടവമാസത്തിൽ ഒരു ശുഭദിനത്തിൽ ശുഭമുഹൂർത്തത്തിൽ വിദ്യാലയം പ്രവർത്തനമാരംഭിച്ചു.

വലിയ ആവേശത്തോടെ ക്ലാസ്സിൽ വന്നിരുന്ന കുട്ടികൾ പക്ഷെ, സ്ഫുടം*



**ചെറിയ കുട്ടിയായിരിക്കുമ്പോൾ ത്തന്നെ ഞാൻ ആലോചിക്കുമായിരുന്നു ലോകത്ത് എത്ര പേർ പാടുന്നു.. എന്തുകൊണ്ട് ഒരു യേശുദാസ്? എത്രയോ പേർ എഴുതുന്നു... എന്തുകൊണ്ട് ഒരു എം.ടി.? ഒരു അതീത ശക്തി നമ്മെ നിയന്ത്രിക്കുന്നുണ്ടോ? അതായിരിക്കുമോ ഗ്രഹങ്ങൾ?**

ആരംഭിച്ചതോടെ എണ്ണത്തിൽ കുറയാൻ തുടങ്ങി. സ്ഫുടക്രിയ ബുദ്ധിമുട്ടായി തോന്നുന്നു എന്നു ചിലർ. സ്ഫുടം കഴിഞ്ഞ ശേഷം വരാമെന്ന് വേറെ ചിലർ. നാല്പതു കുട്ടികളുടെ സ്ഥാനത്ത് വെറും ഇരുപതു കുട്ടികൾ മാത്രമായപ്പോൾ എനിക്കും ആവേശം തണുത്തു.

ജ്യോതിശ്ശാസ്ത്രത്തിന്റെ അടിത്തറയല്ലേ സ്ഫുടം എന്ന എന്റെ ആശങ്ക ഏതളവിൽ കുട്ടികൾ ഉൾക്കൊണ്ടുവോ ആവോ?

ഒരു നാൾ ഒരു കുട്ടി വന്നു ചോദിച്ചു.

"ഡോക്ടറാവാനും എഞ്ചിനീയറാവാനും ഒക്കെ ചില യോഗങ്ങളില്ലേ സാർ? അതുപോലെ ജ്യോത്സ്യനാവാനും യോഗങ്ങളുണ്ടോ?"

"ഉണ്ട്."

"എന്റെ ജാതകത്തിൽ അതുണ്ടോ സാർ?"

ബുധൻ പിഴച്ചുനിൽക്കുന്നു. കേതു ബലമില്ലാത്ത രാശിയിൽ മറഞ്ഞിട്ട്. വ്യാഴം നീചത്തിൽ. ലഗ്നത്തിനും ഒമ്പതാം ഭാവത്തിനും പാപയോഗം.

ഇല്ല കുട്ടി....

"അപ്പോ പഠിച്ചാലും ഞാൻ ജ്യോത്സ്യനാവില്ല... അല്ലേ സാർ?"

അവൻ നിരാശനായി തിരിച്ചുപോയി.

ഞാൻ എന്റെ ഗുരുനാഥനെ ഓർമ്മിച്ചു. ജ്യോതിഷം പഠിക്കാനായി അദ്ദേഹം പല മുഖങ്ങളേയും സമീപിച്ചു. ചിലർ തിരക്കു പറഞ്ഞു. ചിലർ ജ്യോതിഷം നിനക്ക് വഴങ്ങില്ലെന്ന് വിധിയെഴുതി. ജ്യോതിഷിയാവാൻ കഴിയില്ലെന്ന ദുഃഖത്തിൽ അദ്ദേഹം തിരിച്ചന്തൂരിലെ മുരുകസന്നിധിയിൽ വീണു കരഞ്ഞു. എനിക്ക് ജ്യോതിഷം വഴങ്ങി വരണേ എന്ന് നിത്യവും മുരുകന്റെ കാൽക്കൽ തലയടിച്ച് പ്രാർത്ഥിച്ചു. ഉറക്കം അദ്ദേഹത്തെ വിട്ടകന്നു. ചിന്താമണ്ഡലത്തിൽ നവഗ്രഹങ്ങൾ ഇരുണ്ടും തെളിഞ്ഞും ചലിച്ചു. ഒരുദിവസം എന്തോ ഒരാത്മ ധൈര്യത്തിൽ വീടിന്റെ മുന്നിൽ അദ്ദേഹം ബോർഡു വെച്ചു.

"ജ്യോതിഡർ,
അടിമൈ ശെന്തിൽ ദിനകരൻ."

അറമുകനേരി എന്ന കൊച്ചു ഗ്രാമത്തിൽ ആ ബോർഡിനു മുന്നിൽ റേഷൻകടയിൽ എന്ന പോലെ ജാതകവുമായി ആളുകൾ ക്യൂ നിൽക്കാൻ തുടങ്ങി. തിരിച്ചന്തൂരിലെ മുരുകഭഗവാന്റെ അനുഗ്രഹമായിരിക്കുമോ എന്തോ അദ്ദേഹത്തിന്റെ പ്രവചനങ്ങൾ പലതും ഫലംകണ്ടുതുടങ്ങി. അയൽജില്ലകളിൽ നിന്നും അദ്ദേഹത്തെ തേടി ആളുകളെത്തി. വർഷങ്ങൾ പലതു കഴിഞ്ഞു. രാഷ്ട്രീയക്കാരും സിനിമക്കാരും അദ്ദേഹത്തെ ചെന്നൈയിലേക്ക് കൊണ്ടുപോകാൻ മത്സരിച്ചു. സിംഗപ്പൂർ-മലേഷ്യ നാടുകളിൽ നിന്നും ആളുകൾ അദ്ദേഹത്തെ അന്വേഷിച്ചു വന്നു. തമിഴ്നാട്ടിലെ അറിയപ്പെടുന്ന ജ്യോതിഷിയും 'ജ്യോതിഡഅരശ്' മാസികയുടെ പത്രാധിപരും തഞ്ചാവൂർ ശാസ്ത്രാ യൂണിവേഴ്സിറ്റിയിലെ വിസിറ്റിംഗ് പ്രൊഫസറും ആയിത്തീർന്നു കാലാന്തരത്തിൽ അദ്ദേഹം.

വാക്കിന്റേയും വിദ്യയുടേയും കാരകനായ ബുധൻ ജാതകത്തിൽ ഉച്ചനായിരുന്നു. ജ്ഞാനകാരകനായ കേതു അനുകൂലഭാവത്തിലും വ്യാഴം ലഗ്നാധിപത്യം വഹിച്ചു കേന്ദ്രത്തിലും. ഗ്രഹങ്ങളുടെ നിശ്ചയങ്ങൾക്കു പുറമെ തീവ്രമായ ഉപാസനയും അദ്ദേഹത്തെ പിന്തുണച്ചു.

"ആട്ടെ സാറുടെ അനുഭവമെന്താണ്?" കടമ്പഴിപ്പുറത്തെ രമേശിന് അതറിയണം.

"സാറെങ്ങനെ ജ്യോതിഷിയായി?"

സ്വന്തം ജീവിതാനുഭവങ്ങൾ...... അല്ലാതെന്താ?

"ഒന്നു വിശദമാക്കാമോ?"

ചെറിയ കുട്ടിയായിരിക്കുമ്പോൾ ത്തന്നെ ഞാൻ ആലോചിക്കുമായിരുന്നു ലോകത്ത് എത്ര പേർ പാടുന്നു. എന്തുകൊണ്ട് ഒരു യേശുദാസ്? എത്രയോ പേർ എഴുതുന്നു... എന്തുകൊണ്ട് ഒരു എം.ടി.?

ഒരു അതീതശക്തി നമ്മെ നിയന്ത്രിക്കുന്നുണ്ടോ? അതായിരിക്കുമോ ഗ്രഹങ്ങൾ?

വീട്ടിൽ ജ്യോതിഷവുമായി ബന്ധമുള്ള ആരുമുണ്ടായിരുന്നില്ല. ബാലപാഠ പുസ്തകങ്ങൾ പോലുമുണ്ടായിരുന്നില്ല. ഞാനും പല മുഖങ്ങളെ സമീപിച്ചു. എല്ലാവരും തിരക്കുള്ള ജ്യോത്സ്യന്മാർ. അവസാനം ജ്യോതിഷം പഠിപ്പിക്കുന്ന ഒരു സ്വകാര്യവിദ്യാലയത്തിൽ ചേർന്ന് അടിസ്ഥാനങ്ങൾ മനസ്സിലാക്കി. സമാന്തരമായി ആഴത്തിലുള്ള വായനയും നടന്നു. ബി.വി. രാമന്റെ എല്ലാ പുസ്തകങ്ങളും ഹൃദിസ്ഥമാക്കി.

മനസ്സിലെ പല സംശയങ്ങൾക്കും അതോടെ തെളിച്ചം കിട്ടി. തഞ്ചാവൂർ ശാസ്ത്രാ യൂണിവേഴ്സിറ്റിയിൽ എം. എ. ജ്യോതിഷം വിദൂരവിദ്യാഭ്യാസ കോഴ്സായി പഠിപ്പിക്കുന്നുണ്ട് എന്നു കേട്ടു. എല്ലാ മാസവും തഞ്ചാവൂർ വരെ ചെല്ലണം. നേരിട്ടുള്ള ട്രെയിൻ ബസ് സൗകര്യങ്ങളില്ലാത്തതുകൊണ്ട് ആ യാത്ര ദുഷ്കരമായിരുന്നു. എങ്കിലും തീവ്രമോഹംകൊണ്ട് ചേർന്നു. അത് വലിയ അനുഗ്രഹമായി. എന്തു സംശയങ്ങൾക്കും കൃത്യമായി മറുപടി തരാൻ കഴിവുള്ള ഒരു ഗുരുവിനെ കിട്ടി.

അടിമൈ ശെന്തിൽ ദിനകരൻ!

മഹാപണ്ഡിതൻ... അതിന്റെ ഒരഹങ്കാരവുമില്ലാത്ത ആൾ! വിനയാന്വിതൻ.... ആർക്കും എന്തു സംശയവുമായി എപ്പോഴും സമീപിക്കാവുന്ന വ്യക്തിത്വം! അദ്ദേഹത്തിൽ നിന്നും പകർന്നുകിട്ടിയ അറിവുകൾ ജ്യോതിഷ ജീവിതത്തിലെ മഹാസമ്പാദ്യങ്ങളായി. ശാസ്ത്രത്തെക്കുറിച്ച് അന്നുവരെ ഉണ്ടായിരുന്ന അജ്ഞതകൾക്ക് അവസാനമായി. ജ്യോതിഷം തെറ്റുകൂടാതെ കൈകാര്യം ചെയ്യാം എന്ന ആത്മവിശ്വാസമുണ്ടായത് അദ്ദേഹത്തിന്റെ ശിഷ്യത്വത്തിൽ നിന്നാണ്.

"ആട്ടെ...സ്വന്തം അനുഭവം വെച്ച് പറയുകയാണെങ്കിൽ ഈ ശാസ്ത്രത്തിൽ എത്രത്തോളം സത്യമുണ്ട് സാർ?"

ജാതകം കൃത്യമാണെങ്കിൽ വലിയ പരിധി വരെ സത്യം തന്നെയാണ് ഈ ശാസ്ത്രം. അതാണനുഭവം.

"ഒന്നു വിശദമാക്കാമോ?"

എന്റെ മുന്നിൽ ഒരു കുട്ടിയുടെ ജാതകം വരുന്നു. രണ്ടിൽ ചൊവ്വയും ഗുളികനും. രണ്ട് വാക്സ്ഥാനം. അവിടെ ചൊവ്വയും ഗുളികനും യോഗം ചെയ്താൽ 'വിക്ക്' പോലുള്ള സംസാരതടസ്സമുണ്ടാവാം. ഉറക്കെ സംസാരിക്കുന്നവരാകാം. അസഭ്യം പറയുന്നവരും നുണയന്മാരും കാര്യങ്ങളെ പെരുപ്പിച്ചു പറയുന്നവരുമാകാം. മുതിർന്നാൽ മദ്യപാനികളുമാവാം.

കുട്ടിയുടെ അമ്മയോട് ചോദിച്ചു

"ഇവന്റെ സംസാരം എങ്ങനെ?"

"ചെറിയൊരു തടസ്സമുണ്ട്..."

അവർ മനസ്സ് തുറന്നു. തുടർന്ന് കാരണവും വ്യക്തമാക്കി. അലുവ മുറിച്ചപ്പോൾ കത്തിയിൽ അവശേഷിച്ച ബാക്കി കുട്ടി ശ്രദ്ധിച്ചു. അത് തിന്നാൻ കത്തി വായിൽ വെച്ച് ഒറ്റ വലി. നാവ് രണ്ടായി. ആറ് സ്റ്റിച്ച് ഇടേണ്ടി വന്നു. അതിനാൽ സംസാരത്തിന് തടസ്സമുണ്ട്.

മറ്റൊരമ്മ.

പ്ലസ് ടു പാസ്സായ മകന്റെ പഠനം ഏതു ദിശയിലേക്ക് തിരിച്ചുവിടണം എന്ന് അവർക്കറിയണം. എനിക്ക് വിദ്യാഭ്യാസഭാവം മാത്രം നോക്കിയാൽ മതിയായിരുന്നു. എന്റെ എന്റെ കണ്ണു പതി





ഞ്ഞത് പക്ഷെ, ജാതകത്തിലെ ഒമ്പതാം ഭാവത്തിൽ, അവിടെ സൂര്യനും ചൊവ്വയും ശനിയും യോഗം ചെയ്തു നിൽക്കുന്നു. ഒമ്പത് പിതൃഭാവം. അവിടെ സൂര്യൻ നിന്നാൽ അച്ഛനോട് വേർപെട്ടവനുമായിരിക്കും മകൻ എന്നാണ് പ്രമാണം. സൂര്യനും ചൊവ്വക്കും പുറമെ വില്ലനായി ശനിയും.

മകന്റെ ഭാവിപഠനത്തെക്കുറിച്ച് അറിയാൻ വന്ന അമ്മയോട് എന്റെ ചോദ്യം ഇതായിരുന്നു.

"കുട്ടിയുടെ അച്ഛൻ എന്തു ചെയ്യുന്നു?"

നിമിഷനേരത്തെ മൗനം.

കുട്ടി ജനിച്ച് ഒരു മാസത്തിനുള്ളിൽ അച്ഛൻ അപകടത്തിൽ മരിച്ചതായി അവർ വിങ്ങി.

വ്യക്തിപരമായ ഇത്തരം ഓരോ അനുഭവങ്ങളും ശാസ്ത്രത്തോടുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതായിരുന്നു.

ഇന്നലെ–

അമ്പതോടടുത്ത മദ്ധ്യവയസ്കനായാൾ. ഇപ്പോഴത്തെ സമയമറിയാൻ വെറുതെ വന്നതാണ് എന്ന ഭാവത്തിൽ ഇരുന്നു. ലഗ്നാലും ചന്ദ്രാലും ഏഴാം ഭാവാധിപൻ ഉഭയരാശിയിൽ, കളത്രകാരകനായ ശുക്രനും ഉഭയത്തിൽ. ഉഭയം എന്നാൽ രണ്ട്. രണ്ടു വിവാഹത്തിന് യോഗമുള്ള ജാതകം.

ഞാൻ ചോദിച്ചു.

"വിവാഹം കഴിച്ചതാണോ? ബന്ധം



ഇപ്പോഴും നിലനില്ക്കുന്നുണ്ടോ? അതോ...”

ആദ്യമൊന്നും അയാൾ സമ്മതിച്ചില്ല. എന്റെ അറിവ് പരിശോധിക്കാൻ പല തന്ത്രങ്ങളും പയറ്റി. അവസാനം ഇറങ്ങും നേരം മനസ്സു തുറന്നു. ഇന്നലെ അയാളുടെ രണ്ടാം വിവാഹമായിരുന്നുവത്രെ.

“ജ്യോതിഷപ്രകാരമാണ് എല്ലാം സംഭവിക്കുന്നതെങ്കിൽ നമുക്ക് അതിനെ മാത്രം വിശ്വസിച്ചാൽ പോരെ സാർ? പലരുടേയും പ്രവചനങ്ങൾ തെറ്റുന്നുണ്ടല്ലോ?”

പത്തിരിപ്പാലയിൽ നിന്നും വരുന്ന ശിവദാസന് സംശയം.

കാലത്തിൽ വന്ന ആസുരമായ മാറ്റം പ്രവചനങ്ങൾ തെറ്റിക്കുന്നു എന്നതാണ് വാസ്തവം. സന്താനസംഖ്യയെക്കുറിച്ച് പരാമർശിക്കുന്ന ഒരദ്ധ്യായമുണ്ട് ജ്യോതിശാസ്ത്രത്തിൽ. ഒരാൾക്ക് എത്ര സന്താനങ്ങളുണ്ടാകും എന്ന് ചർച്ച ചെയ്യുന്ന അദ്ധ്യായം. അതുപ്രകാരമാണോ ഇപ്പോൾ സന്താനമുണ്ടാകുന്നത്? എന്തുകൊണ്ട് എല്ലാവർക്കും ഒരു സന്താനം?

മനുഷ്യന്റെ തീരുമാനം. മറ്റൊന്നുമല്ല.

മനുഷ്യന്റെ പ്രകൃതിവിരുദ്ധ തീരുമാനങ്ങൾ ഗ്രഹങ്ങളുടെ തീരുമാനങ്ങൾക്കു മേൽ അധികാരം സ്ഥാപിക്കുന്നു.

ദിനകരൻ സാർ പറയുമായിരുന്നു.





**ഓരോ ജാതകവും ഓരോ ജീവിതമാണല്ലോ. എന്റെ മുന്നിൽ ഓരോ ദിവസവും എത്രയോ ജാതകങ്ങൾ വരുന്നു. അതിലെ സങ്കീർണ്ണതകൾ കഥയെഴുത്തിന്റെ പ്രമേയസ്വീകരണത്തിന് ഏറെ സഹായകമാണ്. പല പുസ്തകങ്ങളും വായിച്ച അനുഭവങ്ങൾ, കണ്ട ജീവിതങ്ങൾ ജ്യോതിഷിയെന്ന നിലയിൽ പല വ്യാഖ്യാനങ്ങൾക്കും അനുഗ്രഹവുമാണ്.**

"Human decisions over power planetary decisions..."

ഗോചരവ്യാഴം ഏഴാംഭാവത്തിലൂടെ സഞ്ചരിക്കുമ്പോൾ നിശ്ചയമായും വിവാഹം നടക്കുമെന്ന് നമ്മൾ പ്രവചിക്കുന്നു. പക്ഷെ നടക്കുന്നില്ല. ആ സമയം പെൺകുട്ടിക്ക് ജോലി വേണമെന്ന് ശാഠ്യം. ജോലി കിട്ടിയാലോ നാലു കാശു സമ്പാദിക്കട്ടെ എന്നു ശാഠ്യം. അപ്പോഴേക്കും വ്യാഴം ഒമ്പതിലെത്തിയിട്ടുണ്ടാവും.

കൂറ്റനാട്ടുനിന്നും വരുന്ന രാജേന്ദ്രന് അറിയേണ്ടത് മറ്റൊന്ന്:

“ജ്യോത്സ്യനാവാൻ യോഗമുണ്ടെങ്കിൽ ജന്മനാൽത്തന്നെ അതു സംഭവിക്കണ്ടെ?”

വേണമെന്നില്ല, എന്റെ ഗുരുനാഥനിൽ നിന്നും കിട്ടിയ അറിവ് ഞാൻ രാജേന്ദ്രനുമായി പങ്കുവെച്ചു. ദശയുടെ ആനുകൂല്യം കൂടി കിട്ടണം. നിങ്ങളെ ജ്യോതിഷിയാക്കാൻ പ്രാപ്തനായ ഗ്രഹം എപ്പോഴാണോ ദശ നടത്തുന്നത്. അപ്പോഴേ നിങ്ങൾ ജ്യോത്സ്യനാവൂ... ചിലർ പത്തുവയസ്സിൽ നടനാവുന്നു.... ചിലർ അമ്പതുവയസ്സിലാണ് സിനിമിയിലേക്ക് രംഗപ്രവേശം ചെയ്യുന്നത്... അതുപോലെത്തന്നെ....

“ഒരു സംശയം ചോദിച്ചോട്ടെ സാർ”, ചെർപ്പുളശ്ശേരിക്കാരനായ രാമകൃഷ്ണൻ: “എല്ലാ രംഗത്തും പുതിയ പരീക്ഷണങ്ങൾ നടക്കുന്നു.. മുന്നേറ്റങ്ങൾ സംഭവിക്കുന്നു.... ജ്യോതിശാസ്ത്രത്തിൽ എന്തെങ്കിലും....”

പരീക്ഷണങ്ങളുണ്ടായിട്ടില്ല എന്നു പറഞ്ഞുകൂടാ... Stellar theory അഥവാ നക്ഷത്രസിദ്ധാന്തം അതിന്റെ ഭാഗമാണ്... നക്ഷത്രങ്ങളിലൂടെയും ഉപനക്ഷത്രങ്ങളിലൂടെയും കാര്യങ്ങളെ വിശകലനം ചെയ്യുന്ന രീതി... കൂടുതൽ സൂക്ഷ്മമാണത്... കെ.എസ്. കൃഷ്ണമൂർത്തിയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്... അതിനാൽ കൃഷ്ണമൂർത്തി പദ്ധതി എന്നും പറയാറുണ്ട്.

“സാർ അതു പരീക്ഷിച്ചു നോക്കിയിട്ടുണ്ടോ?”

പട്ടാമ്പിക്കാരി രമ.

ആദ്യം പാരമ്പര്യം തന്നെയാണ് പ്രയോഗിച്ചു നോക്കുന്നത്. ... കൃത്യമാവുന്നില്ല എന്നു തോന്നുമ്പോൾ നക്ഷത്രസിദ്ധാന്തം പുറത്തെടുക്കും.

“സാർ... ഒരു ചോദ്യം കൂടി, “കുഴൽമന്ദത്തുകാരൻ രാധാകൃഷ്ണൻ എഴുന്നേറ്റു... “അടിസ്ഥാനപരമായി സാർ ഒരു കഥാകൃത്താണല്ലോ.... കഥയെഴുത്തും ജ്യോതിഷവും ഒരുമിച്ചു കൊണ്ടുപോകാൻ കഴിയുന്നുണ്ടോ?”

നല്ല ചോദ്യം. എനിക്കിത് ഒരുതരം കൊടുക്കൽ വാങ്ങൽ പ്രക്രിയയാണ്. ഓരോ ജാതകവും ഓരോ ജീവിതമാണല്ലോ. എന്റെ മുന്നിൽ ഓരോ ദിവസവും എത്രയോ ജാതകങ്ങൾ വരുന്നു. അതിലെ സങ്കീർണ്ണതകൾ കഥയെഴുത്തിന്റെ പ്രമേയസ്വീകരണത്തിന് ഏറെ സഹായകമാണ്. പല പുസ്തകങ്ങളും വായിച്ച അനുഭവങ്ങൾ, കണ്ട ജീവിതങ്ങൾ ജ്യോതിഷിയെന്ന നിലയിൽ പല വ്യാഖ്യാനങ്ങൾക്കും അനുഗ്രഹവുമാണ്. അതിനാൽ കഥാകൃത്തിനെ ജ്യോതിഷിയും ജ്യോതിഷിയെ കഥാകൃത്തും പരസ്പരം പിന്തുണക്കുന്നുണ്ട്.

“നന്ദി സാർ...”

കുട്ടികൾ എഴുന്നേറ്റു.

നന്ദി.

മരക്കൊമ്പിൽ മൈനക്കും പോകാൻ സമയമായി.

“സ്ഫുടത്തിന്റെ പ്രധാന്യമെന്തെന്ന് ഒരുനാൾ ഈ കുട്ടികൾ മനസ്സിലാക്കും.... അത്ര എളുപ്പും പഠിക്കാൻ പറ്റിയ ശാസ്ത്രമല്ല ഇതെന്നും...”

മൈന തുടർന്നു.

അന്ന് വീണ്ടും അവർ തിരിച്ചു വരും....”

* സ്ഫുടം = ജനനസമയത്ത് ഗ്രഹം രാശിയുടെ ഏത് ഭാഗയിൽ ഏതു കലയിൽ നിൽക്കുന്നു എന്ന് കൃത്യമായി ഗണിച്ചുണ്ടാക്കുന്നത്.

# കവിമനസ്സിൽ പൊന്നോണം പൂത്തുലയുമ്പോൾ

**രാജ്മോഹൻ കൂവളശ്ശേരി**

**നമ്മുടെ പൈതൃകത്തെ പ്രണയിച്ചുപോന്ന ഏതൊരു സഹൃദയനും ഒരു ശോകസ്മൃതിയായി മാറുകയാണിന്ന് ഓണം. എങ്കിലും മനസ്സിന്റെ ശ്യാമതീരങ്ങളിൽ മധുരാനുഭൂതിയായി, ആവർത്തനവിരസതയില്ലാത്ത ആഘോഷമായി വീണ്ടും വരുന്നു പൊന്നോണം. നല്ലതിനെയെല്ലാം പൊന്നുപോലെ കാക്കണമെന്നാണല്ലോ. അതുകൊണ്ട് ഓണവും നമുക്ക് എന്നെന്നും പൊന്നുതന്നെ.**


പി. കുഞ്ഞിരാമൻനായർ


ഇടശ്ശേരി


ചങ്ങമ്പുഴ

**ഓ**ണം വന്നേ....പൊന്നോണം വന്നേ....മാമലനാട്ടിലെ

മാവേലിനാട്ടിലെ മാലോകർക്കുത്സവ കാലം വന്നേ...

ആ പഴയ ഗാനം ഒരിക്കൽകൂടി മനസ്സിലേക്ക് ചിറകടിച്ചെത്തുന്നു.

ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും സ്വന്തം ഹൃദയത്തിലിടംനൽകിയ മലയാളിക്ക് ഉത്സവങ്ങളുടെ ഉത്സവമാണ് ഓണം. അതുകൊണ്ടുതന്നെ വറുതിയുടെയും വല്ലായ്മയുടെയും ഊഷരത്തിൽ നില്ക്കുമ്പോഴും തുമ്പപ്പൂവിന്റെ തൂവെൺപട്ടുചാർത്തിയ തൊടികളിലൂടെ, ചിങ്ങനിലാവിന്റെ ശീതളപ്രഭ ചിന്തിയ വഴികളിലൂടെ ഓണം വരവായി നമ്മുടെ മനസ്സിലേക്ക്...

കേരളത്തിന്റെ കാർഷികസംസ്കാരവുമായി കൈകോർത്തുനിൽക്കുന്ന ചരിത്രവും ഐതിഹ്യവും പോയകാലവൈഭവത്തിന്റെ ഗൃഹാതുരസ്മരണകളായി ആണ്ടോടാണ്ട് നമ്മെ ഉണർത്തുന്നു. ഇന്ന് മലഞ്ചെരുവുകളിൽ തിമിർത്തു നിൽക്കുന്ന ഓണപ്പൂക്കളെവിടെ? ഓണവില്ലുകൊട്ടലും ഓണപ്പാട്ടും ഊഞ്ഞാലാട്ടവും പൂവടനെയ്തെടുക്കലുമെവിടെ?

നമുക്കു നഷ്ടമായ നമ്മുടെ സാംസ്കാരികത്തനിമയുടെ സ്ഫുരണങ്ങൾ ഓർമ്മയിൽ മാത്രം. അതെ, ഇന്ന് ശരിയായ ഓണം നമ്മുടെ ഓർമ്മയിലാണ്. അരിമാവുകൊണ്ട് കളമെഴുതി ഉറുമ്പിനും ഈച്ചക്കും ഓണം കൊടുക്കുന്നതും മഞ്ഞമുണ്ടും ഇലക്കുറിയും കുരവയും ആർപ്പുവിളിയും ഒന്നും കാണാനും കേൾക്കാനുമില്ലേ? ഉണ്ട്. മിനിസ്ക്രീനിൽ, റേഡിയോയിൽ, ഓഡിറ്റോറിയങ്ങളിൽ, നഗരങ്ങളിലെ വൻവിപണനമേളകളിൽ.

ഓണപ്പാട്ടുകൾ പോപ്പിന്റെയും

ജാസിന്റെയും അകമ്പടിയോടെ ചെകിടടപ്പിക്കുന്നു. കുത്തിയൊഴുകുന്ന ജനവാഹിനിക്ക് വസ്ത്രവൈവിദ്ധ്യങ്ങൾ, നയനാഭിരാമക്കാഴ്ചകൾ, ഇൻസ്റ്റന്റ് സദ്യ അങ്ങനെ ഒരു നൂറുകൂട്ടം. അപ്പോഴും കേൾക്കാം പാക്കനാരുടെ ചിലമ്പിച്ച ശബ്ദം-

"ആയിരംകാതം വടവടക്കുന്ന്
വരവതുണ്ടെന്റെ മാവേലിയാം
മാനുഴരുടെ വാഴിച്ചകാണാൻ
മാവേലിയാം വരവതുണ്ടേ...."

നമ്മുടെ പൈതൃകത്തെ പ്രണയിച്ചുപോന്ന ഏതൊരു സഹൃദയനും ഒരു ശോകസ്മൃതിയായി മാറുകയാണിന്ന് ഓണം. എങ്കിലും മനസ്സിന്റെ ശ്യാമതീരങ്ങളിൽ മധുരാനുഭൂതിയായി, ആവർത്തനവിരസതയില്ലാത്ത ആഘോഷമായി വീണ്ടും വരുന്നു പൊന്നോണം. നല്ലതിനെയെല്ലാം പൊന്നുപോലെ കാക്കണമെന്നാണല്ലോ. അതുകൊണ്ട് ഓണവും നമുക്ക് എന്നെന്നും പൊന്നു തന്നെ.

കവിഭാവനയെ ഉണർത്താൻ ഓണ

വരികെന്നുയിരിനുമുയിരേ,
പൊന്നുംചിങ്ങപ്പൂങ്കതിരേ.

*പി.കുഞ്ഞിരാമൻനായർ*

പ്രാകൃതസാമൂഹികനീതിയിൽ നിന്ന് പുരോഹിതന്റെയും ജന്മിയുടെയും മുതലാളിയുടെയും ആധിപത്യത്തിലേക്ക് മനുഷ്യവർഗ്ഗം അധഃപതിക്കുന്നതിന്റെ ചിത്രം അനുപമസൗന്ദര്യത്തോടുകൂടി തന്റെ കാച്ചിക്കുറുക്കിയ കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതു നോക്കുക:

പൃഥ്വിയിലന്നു മനുഷ്യർ നടന്ന പഥ
ങ്ങളിലപ്പൊഴധോമുഖവാമനൻ
ഇത്തിരിവെട്ടം മാത്രം കാൺമവ-
രിത്തിരിവട്ടം ചിന്തിയ്ക്കുന്നവർ;
മൂവടിമണ്ണിനിരന്നു, കവർന്നുവ-
ധിച്ചൂ,നശിപ്പോ,രല്പസുഖത്തിൻ
പാവകളി,ച്ചതു തല്ലിയുടച്ചു, ക-
രഞ്ഞുമയങ്ങിയുറങ്ങീടുന്നോർ,
സൽഗുണമഹിമ ചവിട്ടിയമർത്തി
വസുന്ധരയൊക്കെ സുന്ദരമാക്കി
സ്വർഗ്ഗപഥത്തിൽ നയിപ്പാനന്ധ
വിരക്തിയെ നിന്നുവിളിച്ചീടുന്നോർ

*വൈലോപ്പിള്ളി*

യായി സമൃദ്ധമായ ഒരു സദ്യയിൽ ഓണത്തെ ഒതുക്കുകയാണ് ഇന്ന് സാധാരണക്കാരൻ എന്ന് പരിഭവം.

'തിരുവോണം സ്റ്റേയിങ് ഇൻ കിച്ചൻ'
വിത്തരിച്ചോറും ചെറുപരിപ്പും നല്ല
പത്തുരുക്കു നെയ്യുമോലനുംകാളനും
വൃത്തംതികഞ്ഞുള്ള പർപ്പടം പായസം
കത്തിരിക്കാപ്പൊടിത്തൂവലും തോരനും
പുത്തരിച്ചുണ്ടയ്ക്ക പാവയ്ക്ക
കോവയ്ക്ക
വത്തൽ വറുത്തവക പലതിങ്ങനെ-
യഞ്ചാറുകൂട്ടം പ്രഥമൻ പഴന്നുറു-
ക്കുഞ്ചിക്കറി നല്ല മാങ്ങാക്കറികളും

എന്നിങ്ങനെയുള്ള സദ്യവട്ടം നമ്മുടെ വായിൽ വെള്ളമൂറിച്ച് ഓർമ്മയിൽ നിറയ്ക്കുന്നു.

വീണ്ടും കുട്ടിക്കാലത്തെ തന്റെ ഗ്രാമത്തിലേക്ക് ഭാവനച്ചിറകേറിപ്പോയി. അടിമുടി പൂത്തുലഞ്ഞ ഒരോണമായി മാറി ഞാനും. ഊഞ്ഞാലകളിൽ ചില്ലാട്ടമാടുന്ന ചെറുപ്പം. പഴക്കുല കെട്ടിത്തൂക്കി ഒഴിഞ്ഞ പാടത്ത് കിളിത്തട്ടുകളി മത്സരവും ക്ഷേത്രമൈതാനത്ത് തലപ്പന്ത്


*വൈലോപ്പിള്ളി*


*പാലാ നാരായണൻനായർ*


*തിക്കുറിശ്ശി*


*ഒ.എൻ.വി*

ത്തോളം പോന്ന മറ്റൊരു ഉത്സവം നമുക്കില്ല. അദ്ധ്വാനഭാരത്തിന്റെ ആലസ്യത്തിലും ദുരിതങ്ങളുടെ നീണ്ടവഴികളിലും നമ്മോടൊപ്പമുണ്ട് ഓണം.

പശികൊണ്ടുവലഞ്ഞാലും
പണിയെടുത്തെഴുന്നാലും
പലപലപന്തികേടിൽ മുഴുകിയാലും
വിലയേറും നിധിപോലെ
സൂക്ഷിയ്ക്കുമീ സ്മൃതി ഞങ്ങൾ
മലയാളമഹോത്സവം പൊൻതിരുവോണം.

*വെണ്ണിക്കുളം*

പഞ്ഞത്തിന്റെ മാറാപ്പുമായി വന്ന കറുത്ത കർക്കടകയാമിനി ചെമ്പകപ്പൂഭംഗി കലർന്ന മനോമോഹിനിയായ കന്യകയായി മാറുമ്പോൾ മനസ്സിന്റെ അറവാതിലുകൾ തുറന്നിട്ട് മലയാളി അവളെ സ്വാഗതം ചെയ്യുന്നു.

മൂടിയകാടിന്നിരുളണി
മഞ്ഞുപുതപ്പുകൾ മാറ്റി

തന്റെ പ്രജകൾ എങ്ങനെയൊക്കെ ജീവിക്കുന്നു എന്നറിയാൻ മഹാബലി തമ്പുരാൻ വരുന്ന സമയം...ഏകോദര സോദരങ്ങളുമായി കഴിഞ്ഞ നാം കാലത്തിനൊപ്പം സഞ്ചരിക്കുമ്പോൾ പഴയ മാവേലിപ്പാട്ട് പുതിയ ശൈലിയിൽ നമുക്ക് പാടാനാവുമോ.

ഓണക്കാലം സമാർദ്രമാക്കിയ
വാനം മുഖരിതമാകട്ടെ
പാടുകഞ്ഞങ്ങളുറച്ചുകഴിഞ്ഞു
മാനുഷരെല്ലാമൊരുപോലെ.

*ഇടശ്ശേരി*

മലയാളത്തിന്റെ വിളികേട്ട് കടലുകൾക്കരെ നിന്ന് ഇവിടെയെത്തി കേരളത്തെ സ്വന്തം വീടാക്കിയ ചിലരുണ്ട്. മലയാണ്മയുടെ ഓണം അവരിൽ പലർക്കും കേട്ടറിവു മാത്രമാണ്. നാക്കിലയിലെ ഓണപ്പഴമയില്ലെങ്കിലും സാമ്പാറും അവിയലും തോരനും ഓലനും ഉപ്പേരിയും പായസവുമൊക്കെ

കളിയും ഇളവെയിൽതുമ്പികൾ മൂളിപ്പറക്കുന്നു. കോടിയുടുത്ത നിനവുകൾ നിറഞ്ഞ നിമിഷങ്ങൾ; ഹൃദയം കായലോളപ്പരപ്പിൽ ചാഞ്ചാടുന്നു. അകലെ നിന്നെത്തുന്ന പൂമണമുള്ള കാറ്റിൽ ഒരു വഞ്ചിപ്പാട്ടിന്റെ വായ്ത്താരി-

തെയ്തെയ്തകതകതോം......
പിന്നെ പെണ്ണുങ്ങൾ വട്ടമിട്ടിരുന്നു പാടുന്നു:
ആരകൈയ്‌ലാരകൈയ്‌ലോ..
മാണിക്യചെമ്പഴുക്കാ

പുൽമേടുകളിലും പർവതസാനുക്കളിലും പുഴയോരത്തുമെല്ലാം കണ്ണാന്തളിയും മുക്കൂറ്റിയും കോളാമ്പിയും തുമ്പയും കണ്ണിറുക്കിച്ചിരിക്കുന്നു. തിരുമുറ്റത്ത് മാബലിമന്നനൊരു തറ. സുഭഗമായ കാലത്തിന്റെ ഓർമ്മകൾ വർണ്ണങ്ങളായി പെയ്തിറങ്ങുമ്പോൾ...

അത്തപ്പൂവണിമുറ്റത്തോരോ
പുത്തൻകനവുകളുണരുന്നൂ

വൃത്തങ്ങളിലായ് വിടരുന്നു
നിറവും പൊരുളും തിരളുമ്പോൾ,
നവനവരസികത ചൂടും ഭാവന
ഭുവനവിലാസം വീശുമ്പോൾ,
വിവിധവികാരവിലോഭിതജീവിത
വിരചിതനാടകമാടുമ്പോൾ,
ഓണപ്പുലരൊളി തട്ടിമിനുങ്ങി-
ക്കാണാം കലയുടെ കൈവല്യം!

*പാലാ നാരായണൻനായർ*

കേരളസംസ്കാരത്തിന്റെ വിജയക്കൊടിയായി വാനിടമെങ്ങും പാറാതെയാകാനാകുമോ നാടിന്നകം തുറന്നുകാട്ടുന്ന ഈ ഉത്സവപ്രഭാപൂരത്തിന്. ഹൃദ



യത്തിലെന്നെന്നും പുലരുന്ന പൊന്നോണത്തിന്.

പൊന്നോണമാണിന്നീ കേരളത്തിൽ
പുണ്യംപുലരുമീയാരാമത്തിൽ
പൊന്തിച്ച പൊന്നുകൊടിമരത്തിൽ
പാറിപ്പറക്കുന്നു കാന്തിചിന്തി
കേരളസംസ്കാരവൈജയന്തി

*ചങ്ങമ്പുഴ*

ചിങ്ങവയൽവരമ്പിലൂടെ പാണൻ വരുന്നു. പാഴമ്പാട്ടുകൾ മൂളുന്ന ഓണത്തുമ്പിയും പാണനാരും ഒന്നായി, ഒരു പ്രാക്തനസംസ്കൃതിയുടെ അകംപൊരുളാവുന്നു.

അതാ, തെയ്യങ്ങളുടെ ആകാരപ്പൊലിമ അടിവെച്ചെത്തുന്നു. ആവണിപ്പൊൻപുലരിയുടെ അനുഗ്രഹവർഷം പോലെ ഓണത്താറാടുന്നു. ഓണപ്പൊട്ടനും വരുന്നു.

ചിങ്ങമാസത്തിലെ ഓണത്തുന്നാൾ
ഭംഗിയായ് വരികയെന്നരുളിച്ചെയ്തു
ചിങ്ങമാസത്തിലെ ഓണത്തുന്നാൾ
മാവേലിതാനും വരുമിവിടെ.

ചെണ്ടയുടെ ചടുലതാളത്തിനൊപ്പം തെയ്യമുറയുന്നു.

കതിർക്കനം തുളുമ്പുന്ന ഓർമ്മകളിൽ നിറയുന്ന മന്നവൻ മലയാളമക്കളെ ഒന്നായിക്കണ്ടു. എത്ര പാടിയാലും തീരാത്ത അപാദാനങ്ങളുടെ രത്നാകരം.

ഓണവില്ലുകൊട്ടി നമ്മ-
ളെത്രവട്ടം പാടീ
ഓർമ്മകളിൽ വാഴുമൊരു
മന്നവനെപ്പറ്റി
അസുരനെന്ന പേരുചൊല്ലി-

**മലയാളത്തിന്റെ വിളികേട്ട് കടലുകൾക്കരെ നിന്ന് ഇവിടെയെത്തി കേരളത്തെ സ്വന്തം വീടാക്കിയ ചിലരുണ്ട്. മലയാണ്മയുടെ ഓണം അവരിൽ പലർക്കും കേട്ടറിവു മാത്രമാണ്. നാക്കിലയിലെ ഓണപ്പഴമയില്ലെങ്കിലും സാമ്പാറും അവിയലും തോരനും ഓലനും ഉപ്പേരിയും പായസവുമൊക്കെയായി സമൃദ്ധമായ ഒരു സദ്യയിൽ ഓണത്തെ ഒതുക്കുകയാണ് ഇന്ന് സാധാരണക്കാരൻ എന്ന് പരിഭവം.**

യാരുവിളിച്ചാലും
വസുധയുടെ മക്കളെയാ
നൃപനൊരുപോൽ കണ്ടൂ

*ഒ എൻ വി*

ആഹ്ലാദാരവങ്ങൾ നുരകുത്തുമ്പോൾ ഊഞ്ഞാലിടാതെ വയ്യ. ഊഞ്ഞാൽ പെൺകുട്ടികൾക്ക് സംവരണം ചെയ്തതോ....... എന്നാൽ തനിയ്ക്കു പന്തു വാങ്ങിത്തരിക എന്ന ന്യായം പ്രവർത്തിക്കാത്ത അച്ഛനെ കവിതയിൽ വീഴ്ത്തി കാര്യം സാധിച്ച ബാലനെ ഓണകുസൃതിയായി ഗണിക്കാം.



*പ്രഭാവർമ്മ*

ഓമനയ്ക്കൂഞ്ഞാലു കെട്ടിക്കൊടുത്തു
ഓണപ്പന്തൊന്നുമിനിയ്ക്കുവാങ്ങീല
ആണയിട്ടോതുന്നു തന്നില്ലയെങ്കിൽ
കോണകമുടുക്കാതെ റോഡിൽ നടക്കും

*തിക്കുറിശ്ശി*

പുതുതലമുറയ്ക്കായി നാം മറക്കാതെ കാത്തുവെയ്ക്കുക മലയാളത്തിന്റെ ഓണപ്പഴമ. ഓലകളിലുറങ്ങുന്ന 'മിത്തി'ലെ നൂതനജീവിതാവബോധത്തെ സാംശീകരിച്ച് ഓമൽമലർമൊട്ടുകൾക്ക് പകർന്നുകൊടുക്കുക.

തൊടിയിലൂഞ്ഞാലുകെട്ടണം, ശ്രാവണ
പ്പഴമയെല്ലാം മറന്നുപോകുന്നുവോ?
പഴയ പൊന്നോണനാളിന്റെ പൂവിളി
പുലരിയാകെ പുനർജനിക്കുന്നുവോ
നഗരകാന്താരമദ്ധ്യത്തിൽ നിന്നല്പ
സമയമേ കൈവരുനമുക്കിന്നാണ്ടു
പിറവിതോറുമീമണ്ണിൽ വന്നെത്തുവാൻ
വിഫലസ്വപ്നങ്ങൾ പ്രത്യാനയിയ്ക്കുവാൻ!

*പ്രഭാവർമ്മ*

സമതയുടെ സന്ദേശം തമ്പേറുമുഴക്കുന്ന ഓർമ്മകളിലൂടെ പിന്നിലേയ്ക്കു സഞ്ചരിയ്ക്കുമ്പോൾ ഈ ഹൈടെക് യുഗത്തിന്റെ പടിവാതിലിൽ നിന്ന് പഴമയുടെ മഹോത്സവത്തെ കവിമനസ്സിനൊപ്പം ഒരിയ്ക്കൽ കൂടി സ്വപ്നം കാണാം; സ്വാഗതം ചെയ്യാം.

മലനാടെന്നും സ്വപ്നം കാണും
മധുരോത്സവമേ വന്നാലും!



# മാധവചൈതന്യം

**മാധവദാസ്**

**മാധവ്ജിയുടെ ശ്രേഷ്ഠമായ ആശയങ്ങൾ പ്രാവർത്തികമാക്കാൻ സാധിച്ചാൽ അത് വലിയൊരു ധർമ്മജാഗരണപ്രവാഹമാകും. ആദ്ധ്യാത്മികതയുടെ സാമൂഹിക വികാസമാകും. അതിന്റെ ഗുണഭോക്താക്കൾ നമ്മൾ ആകണമെന്നില്ല, ഭാവിതലമുറയായിരിക്കാം. നമുക്കു ലഭിച്ച പൈതൃകത്തെ മുന്നോട്ടു കൊണ്ടുപോകേണ്ടത് അവരാണ്. അത്തരമൊരു കൈമാറലിന് മാധവ്ജിയുടെ ദർശനം ഏറ്റവും അനുയോജ്യമാണ്.**

പ്രകൃതിഭംഗികൊണ്ടു മാത്രമല്ല കേരളം ദൈവത്തിന്റെ സ്വന്തം നാടാകുന്നത്. ഗോകർണ്ണം മുതൽ കന്യാകുമാരി വരെ എന്ന സങ്കല്പത്തിൽ മാറ്റം വന്നെങ്കിലും ഇന്നത്തെ കേരളത്തിലും അങ്ങോളമിങ്ങോളം പുരാതനമായ കാവുകളും ക്ഷേത്രങ്ങളും പടർന്നുകിടക്കുന്നു. കേരളത്തിന്റെ മലയോരങ്ങളിലും ഇടനാട്ടിലും സമുദ്രതീരത്തുമായി അവ ജനജീവിതത്തിന്റെ ഭാഗമായി സഹസ്രാബ്ദങ്ങളായി പരിലസിക്കുന്നു. പരമ്പരാഗതമായ ഏതെങ്കിലുമൊരു ആരാധനാസമ്പ്രദായം ലഭിച്ചവരാണ് കേരളത്തിലെ ഹൈന്ദവസമൂഹത്തിലെ വിവിധ സമുദായങ്ങളെല്ലാം തന്നെ. ഈ വൈവിധ്യങ്ങളുടെ സത്തയാണ് കേരളീയത. ശൈവമോ ശാക്തേയമോ വൈഷ്ണവമോ ഒക്കെയായ വിവിധ സമ്പ്രദായങ്ങളെ മാറ്റി നിർത്തിക്കൊണ്ട് കേരളീയത എന്നൊന്നില്ല.

രാഷ്ട്രീയ സ്വയംസേവകസംഘത്തിന്റെ പ്രചാരകനായി വിവിധതലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മാധവ്ജിയുടെ സാംസ്കാരികമായ പഠനഗവേഷണ പ്രവർത്തനങ്ങളുടെ പശ്ചാത്തലം കേരളീയതയെക്കുറിച്ചുള്ള അന്വേഷണം കൂടിയാണ്. കേരളത്തിന്റെ സവിശേഷ പശ്ചാത്തലത്തിലെ മാർക്സിസ്റ്റ് സ്വാധീനത്തെക്കുറിച്ചും ഹൈന്ദവരുടെ സാമൂഹികസമസ്യകളെ കുറിച്ചുമുള്ള പഠനങ്ങൾക്ക് ശേഷം മാധവ്ജിയുടെ ധിഷണ സഞ്ചരിച്ചത് കേരളത്തിന്റെ താന്ത്രികപാരമ്പര്യത്തെക്കുറിച്ചുള്ള ഗഹനമായ മനനങ്ങളിലേക്കാണ്. വിശാലഹിന്ദുസമ്മേളനം, ക്ഷേത്രസംരക്ഷണസമിതിയുടെ പ്രവർത്തനങ്ങൾ എന്നതിനൊപ്പം ബ്രാഹ്മണ്യം എന്നത് ഗുണകർമ്മാധിഷ്ഠിതമാണെന്ന ആർഷസന്ദേശത്തിന്റെ ആവിഷ്കാരമായ പാലിയം വിളംബരം എന്ന ചരിത്രപ്രസിദ്ധമായ, സാമൂഹിക സമരസതയുടേതായ പദ്ധതി കർമ്മപഥത്തിൽ എത്തിക്കാനുള്ള ആത്മാർത്ഥപരിശ്രമം കൂടിയായിരുന്നു അദ്ദേഹത്തിന്റെ ധന്യജീവിതം. അതിന്റെ സ്ഥാപനരൂപമായാണ് മാധവ്ജി തന്ത്രവിദ്യാപീഠം സ്ഥാപിച്ചത്. വാസനയും സാധനയുമുള്ളവർക്ക് ജാതിഭേദങ്ങൾക്ക് അതീതമായി പൂജാപദ്ധതികൾ പഠിക്കാം എന്നാണ് യുക്തിയും അനുഭവവും ശാസ്ത്രവും

അടിസ്ഥാനമാക്കി മാധവ്ജി സ്ഥാപിച്ചത്. ശ്രീനാരായണീയ വൈദീകപരമ്പരയിലെ പറവൂർ ശ്രീധരൻ തന്ത്രികളെപ്പോലുള്ളവരുടെ ഉറ്റസുഹൃത്തായിരുന്നു മാധവ്ജി. അദ്ദേഹത്തിന്റെ സുഹൃദ്വലയം അതിവിപുലമായിരുന്നു.

തിരക്കേറിയ പ്രചാരകജീവിതത്തിനിടക്കും അദ്ദേഹത്തിന്റെ സാധനയും എഴുത്തും പഠനവും മുന്നേറി. പള്ളത്ത് നാരായണൻ നമ്പൂതിരിയിൽനിന്നും അദ്ദേഹം ദീക്ഷിതനായി. ഗുരുകുലരീതിയിൽ അദ്ദേഹം തന്ത്രവിദ്യയുടെ ഗഹനതകളിലേക്ക് ഇറങ്ങി. പഠനവുമായി ബന്ധപ്പെട്ട് ധാരാളം യാത്ര ചെയ്യുകയും വിവിധ സമ്പ്രദായങ്ങളിലെ പ്രമുഖരുമായി ആശയവിനിമയങ്ങൾ നടത്തുകയും ചെയ്തു. അടിയന്തരാവസ്ഥയിലെ ഒളിവുകാലം അദ്ദേഹം കൂടുതൽ എഴുതാനുള്ള അവസരമാക്കി മാറ്റി. വിവിധ വിഷയങ്ങളിൽ പലകാലത്തായി അന്നത്തെ ആനുകാലികസംഭവങ്ങളിൽ ഇടപെട്ടുകൊണ്ട് മലയാളത്തിലെ പ്രമുഖ മാധ്യമങ്ങളിലെല്ലാം അദ്ദേഹം എഴുതിയ ലേഖനങ്ങളും പ്രബന്ധങ്ങളും അത്യന്തം ശക്തവും സുന്ദരവുമാണ്. മാധവ്ജിയുടെ 'ക്ഷേത്രചൈതന്യരഹസ്യം' ഗ്രന്ഥം കാലാതിവർത്തിയായി അതിന്റെ യാത്ര തുടരുന്നു. പതിനെട്ട് അധ്യായങ്ങളായി പരന്നുകിടക്കുന്ന ഈ ഗ്രന്ഥം ക്ഷേത്രതത്ത്വസാരമാണ്. ക്ഷേത്രപുരോഹിതർക്കും ഭക്തന്മാർക്കും സംഘാടകർക്കും വഴികാട്ടിയായ ഈ ഗ്രന്ഥം മാധവ്ജിയുടെ സർഗ്ഗാത്മകവൈഭവത്തിന്റെ ബാക്കിപത്രമാണ്.

ക്ഷേത്രചൈതന്യത്തെ സാമൂഹിക ചേതനയുമായി കൂട്ടിയണക്കി ജാതിക്കതീതമായ കൂട്ടായ്മ വളർത്തുവാനാണ് മാധവ്ജി ക്ഷേത്രസംരക്ഷണ സമിതിയിലൂടെ ലക്ഷ്യമിട്ടത്. ക്ഷേത്രസങ്കല്പത്തെകുറിച്ചുള്ള യാഥാസ്ഥിതിക കാഴ്ചപ്പാടുകളല്ല മാധവ്ജി പിന്തുടർന്നത്. മാധവ്ജിയുടേത് സ്വാമി വിവേകാനന്ദന്റെയും നാരായണഗുരുവിന്റെയും നവോത്ഥാനമൂല്യങ്ങളായിരുന്നു. കേരളത്തിന്റെ സാമൂഹിക പുരോഗതിയിൽ വിവിധ സമ്പ്രദായങ്ങളിലുള്ള ക്ഷേത്രങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാനുണ്ടെന്നും ക്ഷേത്രങ്ങൾ ജനങ്ങളെ ഭിന്നിപ്പിക്കാനല്ല, മറിച്ച് ഒന്നിപ്പിക്കാനുള്ളതാണെന്നുമുള്ള അദ്വൈതവീക്ഷണമായിരുന്നു ആ മഹാമനീഷിയുടേത്. അറിവ് അനുഭവമാക്കി മാറ്റിയ, അതിലൂടെ സാധാരണക്കാരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെന്ന, ജനങ്ങളിൽ നിന്നും പഠിച്ച, അവരെ സ്നേഹിച്ച, സാമൂഹികനേതാവായിരുന്നു അദ്ദേഹം. വിദ്യ കൊണ്ട് വിനയമുണ്ടാകുന്നു എന്ന ഭാരതീയദർശനത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു അദ്ദേഹം. ഒപ്പം നാരായണഗുരുവിന്റെ ദർശനമായ 'വാദിക്കാനും ജയി



ക്കാനുമല്ല അറിയാനും അറിയിക്കാനും' എന്നതിന്റേതും. അറിഞ്ഞും അറിയിച്ചുമാണ് അദ്ദേഹം മികവുറ്റരീതിയിൽ സംഘടനാപ്രവർത്തനങ്ങൾ നടത്തിയത്. പ്രവർത്തിച്ച മേഖലകളിലെല്ലാംതന്നെ അദ്ദേഹം തന്റെ സവിശേഷമായ മുദ്രപതിപ്പിച്ചു. അദ്ദേഹത്തിന്റെ ക്ഷേത്രജാഗരണ പ്രവർത്തനങ്ങളുടെ പുസ്തകരൂപം 'ക്ഷേത്രചൈതന്യരഹസ്യ'വും, സ്ഥാപനരൂപം 'തന്ത്രവിദ്യാപീഠ'വും, സംഘടനാരൂപം 'ക്ഷേത്രസംരക്ഷണസമിതി'യും ആയി വളർന്നു. തന്ത്രവിദ്യയെ ആധാരമാക്കി അദ്ദേഹം നടത്തിയ പ്രഭാഷണങ്ങൾ നേരിട്ടു കേട്ടവർ ഇന്നും സൗന്ദര്യാനുഭൂതിയോടെ അത് സ്മരിക്കുന്നത് കേട്ടിട്ടുണ്ട്. കേരളത്തിലെ സുപ്രധാനമായ ഒരു ദേവസ്വത്തിൽ ഉയർന്ന സ്ഥാനം വഹിച്ച മാർക്സിസ്റ്റ് നോമിനിയായ ഒരു കോളേജ് അധ്യാപകൻ അക്കാലത്ത് മാധവ്ജിയുമായി വേദി പങ്കിട്ടതിനെപ്പറ്റിയും മാധവ്ജിയുടെ സാന്നിധ്യത്തിന്റെയും പ്രഭാഷണത്തിന്റെയും പ്രത്യേകതകളെക്കുറിച്ചും ഈ ലേഖകനോട് സൂചിപ്പിക്കുകയുണ്ടായി. മാധവ്ജിയെയും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ആശയത്തെയും സംഘടനയെയും വിമർശിക്കുന്നവർക്ക് പോലും അദ്ദേഹത്തെ അവഗണിക്കാനാകുമായിരുന്നില്ല എന്നതിന് അനേകം ഉദാഹരണങ്ങളുണ്ട്. കണ്ണൂരിലെയും മറ്റും പരമ്പരാഗത മാർക്സിസ്റ്റ് ഗ്രാമങ്ങളിലെ ക്ഷേത്രപുരോഹിതരും ഭാരവാഹികളും ക്ഷേത്രസംബന്ധിയായ വിഷയങ്ങളിലെ റഫറൻസ് ഗ്രന്ഥമായി 'ക്ഷേത്രചൈതന്യരഹസ്യം' സ്വീകരിച്ചുപോരുന്നുണ്ട്. ഒരു ക്ഷേത്രം നശിച്ചാൽ അത്രയും അന്ധവിശ്വാസം നശിച്ചു എന്ന് പ്രചരിപ്പിച്ചവരുടെ പിൻമുറക്കാർതന്നെ ക്ഷേത്രസംരക്ഷകരായി മാറി. തകർന്നതോ തകർക്കപ്പെട്ടതോ ആയ ക്ഷേത്രങ്ങളെ സമൂഹം നവീകരിച്ചു. വ്യാപകമായ തോതിൽ ക്ഷേത്രപുനരുദ്ധാരണങ്ങൾ നടന്നു. ക്ഷേത്രാരാധനയിൽ താൽപര്യമുള്ളവർക്ക് ആശ്രയിക്കാവുന്ന ആധികാരികഗ്രന്ഥമായതുകൊണ്ടാണ് ഈ ഗ്രന്ഥം ഇത്രയേറെ പ്രചാരം നേടിയത്. രാഷ്ട്രീയത്തിനും മറ്റും അതീതമായി മാധവ്ജി അവതരിപ്പിച്ച ആശയങ്ങളെ പതുക്കെയാണെങ്കിലും കേരളം സ്വാംശീകരിച്ചു തുടങ്ങിയിട്ടുണ്ട്.

നിത്യകർമ്മങ്ങൾപോലും നേരാംവണ്ണം നടത്താൻ കഴിയാത്ത ധാരാളം ക്ഷേത്രങ്ങൾ 1960 കളിലും 70 കളിലും കേരളത്തിലുണ്ടായിരുന്നു എന്നതൊരു യാഥാർത്ഥ്യമാണ്. ഇതിന് ഒരു കാരണം ഭൂപരിഷ്കാരമാണ്. ക്ഷേത്രവരുമാനവും ഭൂമിയും ഗണ്യമായി കുറഞ്ഞു. ഹൈന്ദവർ തന്നെ ക്ഷേത്രങ്ങളിൽനിന്നും അകലുന്ന സ്ഥിതിയായി. ഏവർക്കും ക്ഷേത്രപ്രവേശനം ലഭിച്ചിട്ടും ആ സാഹചര്യം പ്രയോജനപ്പെടുത്തി വളരാൻ ക്ഷേത്രാധികാരികളും ശ്രമിച്ചില്ല. ക്ഷേത്രതത്ത്വം സാധാരണക്കാരന് അപ്രാപ്യമായിത്തുടർന്നു. ക്ഷേത്രഭൂമി സംരക്ഷിക്കേണ്ടവർ തന്നെ ഭൂമി അന്യാധീനപ്പെട്ടുപോകുന്നത് നിസ്സഹായരായി നോക്കിനിന്നു. ഈ ദുരവസ്ഥയിലാവണം കേളപ്പജി തളിസമരം നടത്തുന്നതും പിന്നീട് കേരളക്ഷേത്രസംരക്ഷണസമിതി പിറന്നതും. പിന്നീട് ഉണ്ടായത് അത്ഭുതകരവും സംഘടിതവുമായ ധർമ്മജാഗരണമാണ്. 1980 കളുടെ തുടക്കം മുതൽ തന്നെ മാറ്റങ്ങൾ ദൃശ്യമായിത്തുടങ്ങി. 1990കളിൽ ഹിന്ദുസമൂഹം ക്ഷേത്രങ്ങളിലേക്ക് ഒഴുകി. 2000ന് ശേഷമാകട്ടെ ചില ക്ഷേത്രങ്ങളെങ്കിലും സജീവമായി സേവനമേഖലയിലേക്ക് പ്രവേശിക്കുന്ന ആശാവഹമായ സംഗതിയാണ് ദൃശ്യമാകുന്നത്, ജന്മം കൊണ്ട് 'അഹിന്ദു' എന്ന് വിശേഷിപ്പിക്കപ്പെടുന്നവർപോലും ക്ഷേത്രങ്ങളോട് ആഭിമുഖ്യം കാണിച്ചുതുടങ്ങിയിട്ടുണ്ട്.

ഇതിനെല്ലാം അടിസ്ഥാനമായത് മാധവ്ജിയുടെയും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന മഹാപ്രസ്ഥാനത്തിന്റെയും ആശയചൈതന്യമാണ്. ഈ ആശയത്തിൽ പ്രചോദിതരായി. എത്രയോ പ്രശസ്തരും അപ്രശസ്തരുമായവർ കഠിനാധ്വാനം ചെയ്തു.

മാധവ്ജിയെ സ്മരിക്കേണ്ടത് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളെ പുതിയ കാലത്തേക്ക് കൊണ്ടുപോയിക്കൊണ്ടാകണം. ഇന്നത്തെ ക്ഷേത്രാന്തരീക്ഷത്തെക്കുറിച്ചും ആത്മപരിശോധന നടത്തേണ്ടതാണ്. "വിദ്യാഭ്യാസപരമായും വൈദ്യശുശ്രൂഷാപരമായും ഉള്ള സാധുജനസേവനങ്ങൾ നടപ്പിലാക്കാനുള്ള ഉത്തമരംഗങ്ങൾ ക്ഷേത്രങ്ങൾ തന്നെയാണ്" എന്നായിരുന്നു മാധവ്ജിയുടെ ഉദ്ബോധനം. ക്ഷേത്രാരാധനയുടെ സാമൂഹികമാനത്തിലേക്കാണ് അദ്ദേഹം ദിശാബോധം നൽകുന്നത്.

# ബാലകാരുണ്യം 2014

**സെപ്തംബർ 11,12,13**

**വി**ശ്വഹിന്ദുപരിഷത്ത് സേവാവിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബാല-ബാലികാശ്രമങ്ങളിലെ വിദ്യാർത്ഥികളുടെ ഓണക്കാലസംഗമമായ ബാലകാരുണ്യം ഈ വർഷം പാലായിലാണ് നടക്കുന്നത്. നിരാധാരരും നിർധനരുമായ 500 ഓളം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പങ്കെടുക്കുന്ന ഈ പരിപാടിക്ക് പാലാ കടപ്പാട്ടൂർ ശ്രീമഹാദേവ ക്ഷേത്രം ആഡിറ്റോറിയമാണ് വേദിയാകുന്നത്. പരിപാടിയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഓണക്കോടിയും ഓണസദ്യയും നൽകുന്നതാണ്. അതോടൊപ്പം കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദികൂടിയായിരിക്കും ഇത്.

സുമനസ്സുകളായ നിരവധിപേരുടെ കാരുണ്യം കൊണ്ടാണ് ഈ പരിപാടി നടക്കുന്നത്. അതിനാൽ ഈ വർഷത്തെ ഓണക്കോടി വാങ്ങുമ്പോൾ നിങ്ങൾ ഈ കുരുന്നുകളെ കൂടി ഓർമ്മിക്കുക. ഒരു ചെറിയ വിഹിതം ഇവർക്കായി മാറ്റിവെക്കുക.

**ഒരു കുട്ടിക്കുള്ള ഓണക്കോടി: 750 ക.**

**ഒരു കുട്ടിയുടെ ഓണസദ്യ : 150 ക.**

ഒരാൾക്ക് എത്ര കുട്ടികൾക്ക് വേണമെങ്കിലും സ്പോൺസർ ചെയ്യാവുന്നതാണ്. താല്പര്യമുള്ളവർക്ക് ബാലാശ്രമങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസവും മറ്റുചെലവുകളും സ്പോൺസർ ചെയ്യാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്:

**കെ. പി. നാരായണൻ 9446121862**



# ശാസ്താക്ഷേത്രനാമകോശം

പ്രൊഫ. എ.വി. ശങ്കരനാരായണൻ

കേരളത്തിലങ്ങോളമിങ്ങോളമുള്ള ചെറുതും വലുതുമായ ക്ഷേത്രങ്ങളുടെ ലഘുവിവരണം തയ്യാറാക്കാനുള്ള ഒരെളിയ ശ്രമമാണ് ക്ഷേത്രനാമകോശ പരമ്പരയിലെ ഗ്രന്ഥങ്ങൾ. പരമ്പരയിലെ ഗ്രന്ഥങ്ങളുടെ രചനയ്ക്കാവശ്യമായ വിവരങ്ങൾ നൽകി സഹായിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നന്ദിപൂർവ്വം സ്മരിക്കട്ടെ. ഈ പരമ്പരയിലെ പ്രഥമ ഗ്രന്ഥമായ 'ശിവക്ഷേത്രനാമകോശ'ത്തെ തുടർന്നു പ്രസിദ്ധീകരിക്കുന്ന ശാസ്താക്ഷേത്രനാമകോശ'ത്തിന്റെ രചനയ്ക്കായി ശാസ്താക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ അയച്ചുതരാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

**തീർത്ഥഭൂമി പബ്ലിഷേഴ്സ്**

**മീനച്ചിൽ പി.ഒ, കോട്ടയം, mail: avsankaranarayanan@gmail.com, Mob: 9447143383**

N.B: *ശിവക്ഷേത്രനാമകോശത്തിൽ ചേർക്കാനുള്ള ചിത്രങ്ങളും മറ്റും അയച്ചുതരാത്തവർ കഴിവതും വേഗം അയച്ചുതരിക.*


ഉത്സവങ്ങളും കരിമരുന്നും ആന എഴുന്നള്ളിപ്പും ഗാനമേളയും നാടകവുമായും മാത്രം നമ്മുടെ ക്ഷേത്രസങ്കല്പം പരിമിതപ്പെട്ടുപോകരുത്. ഹിന്ദുധർമ്മത്തെ ഇത്തരത്തിൽ പരിമിതപ്പെടുത്തുന്നത് ശരിയല്ല. ദരിദ്രനാരായണന്മാരുടെ അഭയകേന്ദ്രങ്ങളായി ക്ഷേത്രങ്ങൾ മാറണം. ക്ഷേത്രങ്ങൾ ഒരു ആശ്വാസമാകണം. മാധവ്ജിയുടെ സ്വപ്നം പോലെ ഓരോ ക്ഷേത്രവും സേവനകേന്ദ്രങ്ങൾ കൂടിയാകണം. ഒരു ക്ഷേത്രത്തോടൊപ്പം സ്ഥായിയായി ഒരു സേവനപ്രവർത്തനമെങ്കിലും രൂപകല്പന ചെയ്തുനടപ്പാക്കാൻ കഴിഞ്ഞാൽ 2020 ആകുമ്പോഴേക്കും കേരളത്തിന്റെ മുഖച്ഛായ തന്നെ മാറും. ക്ഷേത്രാരാധനയും സേവനപ്രവർത്തനങ്ങളും ഒരുമിച്ചുകൊണ്ടുപോകാൻ കഴിഞ്ഞാൽ അത് ഭാവിതലമുറക്ക് ഒരു അനുഗ്രഹമാകും. ഭൂതകാലത്ത് നിന്നും പഠിക്കേണ്ടവ പഠിച്ച് വർത്തമാനകാലത്തിൽ ശ്രദ്ധയോടെ പ്രവർത്തിക്കുമ്പോൾ ഭാവി അനുകൂലമാകും. സോമനാഥക്ഷേത്രത്തിന്റെ ചരിത്രം ഇതിന് ഒരു ഉദാഹരണമാണ്. മാധവ്ജിയുടെ ശ്രേഷ്ഠമായ ആശയങ്ങൾ പ്രാവർത്തികമാക്കാൻ സാധിച്ചാൽ അത് വലിയൊരു ധർമ്മജാഗരണപ്രവാഹമാകും. ആദ്ധ്യാത്മികതയുടെ സാമൂഹിക വികാസമാകും. അതിന്റെ ഗുണഭോക്താക്കൾ നമ്മൾ ആകണമെന്നില്ല, ഭാവിതലമുറയായിരിക്കാം. നമുക്കു ലഭിച്ച പൈതൃകത്തെ മുന്നോട്ടു കൊണ്ടുപോകേണ്ടത് അവരാണ്. അത്തരമൊരു കൈമാറലിന് മാധവ്ജിയുടെ ദർശനം ഏറ്റവും അനുയോജ്യമാണ്.

ഭാവിതലമുറക്കായി അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ പുതിയ പതിപ്പുകൾ ഇറക്കേണ്ടതുണ്ട്. വിവിധ ആനുകാലികങ്ങളിലായി ചിതറിക്കിടക്കുന്ന അദ്ദേഹത്തിന്റെ ലേഖനങ്ങളും പ്രബന്ധങ്ങളും കുറിപ്പുകളും സമാഹരിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളുടെ ശബ്ദരേഖകൾ ഉണ്ടെങ്കിൽ അവ പുതിയ സംവിധാനങ്ങളിൽ ഇറക്കേണ്ടതുണ്ട്. ഇതിന് നേതൃത്വം കൊടുക്കാൻ മാധവ്ജിയുടെ ഓർമ്മ പ്രേരണയാകട്ടെ.

## അറിയിപ്പ്

കഴിഞ്ഞ പ്രചാരമാസത്തിൽ വരിക്കാരായവർക്ക് അടുത്തലക്കം (1190 കന്നി) കൂടി മാത്രമേ മാസിക ലഭിക്കുകയുള്ളൂ. വരിക്കാർ എത്രയും പെട്ടെന്ന് വരിസംഖ്യ പുതുക്കി സഹകരിക്കണമെന്ന് താത്പര്യപ്പെടുന്നു. - മാനേജർ

**ഫോൺ : 9539078234**

**അനുസ്മരണം**



പി.എസ്. കാശിവിശ്വനാഥൻ

# സമാജത്തിനുവേണ്ടി ജീവിച്ച ഒരാൾ



**പ**രിചയപ്പെട്ടവർക്ക് ഒരിക്കലും മറക്കാനാവാത്ത വ്യക്തിത്വത്തിന്റെ ഉടമയാണ് പരേതനായ ശ്രീ ഗിരിരാജ് കിശോർ (1920 ഫെബ്രുവരി 4 – 2014 ജൂലൈ 13). ഒരു പിതാവിനെ എന്നപോലെയാണ് ആരും അദ്ദേഹത്തെ ഓർക്കുക. അതുപോലെ തിരിച്ച് അദ്ദേഹത്തിന് എല്ലാവരോടും സ്നേഹവും വാത്സല്യവുമായിരുന്നു. തന്റെ വിശ്വാസപ്രമാണങ്ങളോടും ആദർശത്തോടുമുള്ള നിഷ്ഠ അദ്ദേഹത്തെ അമരനാക്കുന്നു.

ഗിരിരാജ്ജി ഒരു സംഘാടകനായിരുന്നു. ഒരു സംഘാടകനെങ്ങിനെയായിരിക്കണമെന്ന് സംസ്കൃതത്തിൽ ഒരു ചൊല്ലുണ്ട്.

*യോജകത്വം വിധിജ്ഞത്വം*
*കുശലത്വം ച കർമ്മസു*
*യന്ത്രതന്ത്രപരിജ്ഞാനം*
*സംഘകാര്യോപകാരകം*
*വക്തൃത്വം ഗീതാഗാനം ച*
*കഥാകഥനകൗശലം*
*യത്തേ നൈതേഽധിഗന്തവ്യ*
*ലോകസംഘാടകാ ഗുണാ:*

അറിവ്, കൗശലം, യന്ത്രതന്ത്രപരിജ്ഞാനം, കഥാകഥനകൗശലം ഇതെല്ലാമുള്ള ആളായിരുന്നു ശ്രീ ഗിരിരാജ്ജി.

എവിടെ എത്തിയാലും കുറെ ആളുകൾ അദ്ദേഹത്തിന്റെ കൂടെ കൂടും. അവരുടെ ആവശ്യങ്ങൾ ശ്രദ്ധാപൂർവ്വം കേട്ട് അവയ്ക്കൊക്കെ പരിഹാരം നല്കാൻ അദ്ദേഹത്തിന്നറിയാമായിരുന്നു. ഒരാൾ പറയും: “എനിക്ക് എപ്പോഴും തുമ്മലാണ്. എന്താണ് ഞാൻ ചെയ്യേണ്ടത്?” ഉടനെ അദ്ദേഹം മറുപടി പറയും, “കോസാവിൽ ഒന്ന് കഴിച്ചുനോക്കൂ. എന്റെ കയ്യിലൊരു ഗുളികയുണ്ട്. ഞാൻ തരാം. ഇതുകൊണ്ട് മാറിയില്ലെങ്കിൽ ഡോക്ടറെ കാണിക്കണം”. പലപ്പോഴും അദ്ദേഹത്തിന്റെ ഗുളികകൾ കൊണ്ട് പലരുടെയും രോഗം മാറിയിട്ടുണ്ട്.

ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ സഹയാത്രികർക്ക് പ്രശ്നമുണ്ടായാൽ അതിൽ അദ്ദേഹം ഇടപെടുമായിരുന്നു. ഒരിക്കൽ എന്തോ കാര്യം സംബന്ധിച്ച് ഒരു ടിക്കറ്റ് എക്സാമിനറും യാത്രക്കാരനും തമ്മിൽ വഴക്കുണ്ടായി. ന്യായം യാത്രികന്റെ പക്ഷത്തായിരുന്നു. ഗിരിരാജ്ജി ഉടനെ ഇടപെട്ടു. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലായിരുന്നു സംഭവം. അന്ന് അടൽജി ഒരു വലിയ റെയിൽവേ യൂണിയന്റെ നേതാവായിരുന്നു. ഗിരിരാജ് പറഞ്ഞു: “നിങ്ങളുടെ യൂണിയൻ നേതാവിനെ എനിക്കറിയാം. അദ്ദേഹം എന്റെ സഹോദരനാണ്. നിങ്ങൾ ചെയ്യുന്നതു തെറ്റാണ്. മര്യാദക്ക് നിങ്ങൾ പെരുമാറിയില്ലെങ്കിൽ നിങ്ങളുടെ ജോലി തെറിക്കും.” കാര്യം പന്തിയല്ലെന്ന് മനസ്സിലാക്കിയ ഉദ്യോഗസ്ഥൻ ഉടൻ താഴ്ന്നു. എങ്ങനെയോ അയാൾ അടുത്ത സ്റ്റേഷനിൽ വിവരം അറിയിച്ചു. അവിടെ വണ്ടി നിന്നപ്പോൾ സ്റ്റേഷൻമാസ്റ്റർ ഉൾപ്പെടെ കുറെ റെയിൽവേ ഉദ്യോഗസ്ഥന്മാർ വന്ന് പ്രശ്നം പരിഹരിച്ചു. ഗിരിരാജ്ജിയോട് മാപ്പ് പറഞ്ഞു, ചെറിയ ഒരു കാപ്പി സൽക്കാരം നടത്തുകയും ചെയ്തു.

ഒരു പ്രചാരകനായാൽ അയാൾ എന്തുചെയ്യാനും പ്രാപ്തിനേടണം എന്ന ചിന്തയാണ് ഉന്നതബിരുദങ്ങളുള്ള അദ്ദേഹത്തെ ഒരു കോളേജ് പ്രിൻസിപ്പൽ ആക്കിയത്. ഗ്വാളിയോർ രാജമാതാവിന്റെ ഉടമസ്ഥതയിലുള്ള കോളേജായിരുന്നു അത്. അന്ന് മദ്ധ്യപ്രദേശിൽ കൊള്ളക്കാരുടെ ശല്യം വളരെയായിരുന്നു. ഒരിക്കൽ കുറച്ചു കൊള്ളക്കാർ അദ്ദേഹത്തിന്റെ ഓഫീസിലെത്തി.



യാതൊരു പേടിയും കൂടാതെ പ്രിൻസിപ്പൽ അവരുടെ നേതാവിനെ നേരിട്ടു. ആ സമയത്ത് കൊള്ളത്തലവൻ പറഞ്ഞ ചില കാര്യങ്ങൾ ഗിരിരാജ് പലപ്പോഴും പറയാറുണ്ട്. "നിങ്ങളുടെ കോളേജും വിദ്യാഭ്യാസവുമെല്ലാം മനുഷ്യനെ ആടുകളാക്കുന്നതാണ്. ഞാൻ മണ്ണിൽ നിന്നും സിംഹങ്ങളെ വാർത്തെടുക്കുന്നവനാണ്." അത് ഗിരിരാജ്ജിക്ക് ഒരു വെളിപാട് പോലെയായിരുന്നു. "മാതൃകാപുരുഷന്മാരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസമാണ് വേണ്ട"തെന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകളാണ് അദ്ദേഹത്തിന് ഓർമ്മ വന്നത്.

വിദ്യാഭ്യാസസമൂഹത്തിനോടുള്ള ബന്ധമാണ് ഗിരിരാജ് ജിയെ വിദ്യാർത്ഥി പരിഷത്തിലേക്ക് നയിച്ചത്. കുറെക്കാലം അദ്ദേഹം അതിൽ പ്രവർത്തിച്ചു. ഒരു തവണ അതിന്റെ അഖിലേന്ത്യാ പ്രസിഡന്റുമായി. പിന്നെ അദ്ദേഹം രാഷ്ട്രീയത്തിലേക്കാണ് നിയോഗിക്കപ്പെട്ടത്. കുറച്ചുകാലം രാജസ്ഥാൻ മുഖ്യമന്ത്രിയായിരുന്ന ഷെഖാവത്തിന്റെ വലംകയ്യായിരുന്നു. ബി.ജെ.പി.യുടെ നാഷണൽ എക്സിക്യൂട്ടീവ് മെമ്പറായി. ആരും അറിയപ്പെടാതെപോയ ഒരു 'അമിത്ഷാ' ആയിരുന്നു അദ്ദേഹം. പിന്നെയാണ് വിശ്വഹിന്ദുപരിഷത്തിലേക്ക് വരുന്നത്. ആധുനിക ഭാരതചരിത്രത്തിലെ മഹാഭാരതമായിരുന്ന രാമജന്മഭൂമി പ്രസ്ഥാനത്തിന്റെ മുഖമല്ലെങ്കിലും നട്ടെല്ലായിരുന്നു ഗിരിരാജ്കിഷോർ. വെറുതെയല്ല ഇതു സംബന്ധിച്ച് അദ്ദേഹത്തിന് പല തവണ ജയിലിൽ പോകേണ്ടി വന്നത്. ഞാൻ എല്ലാ കാര്യങ്ങളും ആചാര്യജിയുമായി സംസാരിക്കാറുണ്ടെന്ന് അശോക്ജി പറയാറുണ്ട്.

നായകനായി രംഗത്തുവരാനല്ല അദ്ദേഹത്തിന് ആഭിമുഖ്യം. സിനിമയുടെ ഭാഷയിൽ പറഞ്ഞാൽ അദ്ദേഹം ഒരു സംവിധായകനായിരുന്നു. നടനല്ലായിരുന്നു. 'യോജകാസ്തത്രദുർലഭ' എന്നാണല്ലോ പ്രമാണം. അങ്ങിനെ ദുർലഭനായ ഒരാളെയാണ് അടുത്തയിടെ നമുക്ക് നഷ്ടപ്പെട്ടത്. അദ്ദേഹത്തെക്കുറിച്ച് ഈ കുറിപ്പെഴുതിയതുകൊണ്ട് അദ്ദേഹത്തോടുള്ള കടപ്പാട് തീരുന്നില്ല. അദ്ദേഹത്തിന്റെ ഓർമ്മ മനസ്സിൽ എന്നും നിലനിൽക്കും. മരണശേഷവും തന്റെ ശരീരം മറ്റുള്ളവർക്ക് ഉപകരിക്കുമെന്ന് ഉറപ്പാക്കാൻ അദ്ദേഹം തന്റെ ശരീരം വൈദ്യശാസ്ത്രപഠനത്തിന് വിട്ടുകൊടുക്കണമെന്ന് എഴുതിവെച്ചിരുന്നു. അതനുസരിച്ച് അദ്ദേഹത്തിന്റെ മൃതദേഹം മെഡിക്കൽ കോളേജിലേക്ക് വിട്ടുകൊടുത്തു.

1987 ൽ അദ്ദേഹം പാലക്കാട് ജില്ലയിലെ കല്ലടിക്കോട് ഒരു വി.എച്ച്.പി പരിപാടിയിൽ പങ്കെടുക്കാൻ വന്നിരുന്നു. പി.എം.എസ് നായരുടെ വീട്ടിലായിരുന്നു ബൈഠക്ക്. അദ്ദേഹത്തിന് ഐജി രാജനെ പരിചയപ്പെടുത്തി. പിന്നീട് രാജൻ വിശ്വഹിന്ദുപരിഷത്തിന്റെ പ്രവർത്തനങ്ങളുമായി നല്ലബന്ധം പുലർത്തുന്നതിനിടയാക്കി. മാറാട് അദ്ദേഹം രണ്ടുതവണ സന്ദർശനം നടത്തി ആക്രമണത്തിനിരയായവരുടെ കുടുംബങ്ങളെയും ബന്ധുക്കളെയും സന്ദർശിച്ചിരുന്നു.

1984 ൽ ആണെന്നാണ് ഓർമ്മ. അന്ന് വി.എച്ച്.പി പ്രഭാരിയും മാർഗ്ഗദർശകനുമായിരുന്ന പരേതനായ മാനനീയ മോറോ പന്ത് പിംഗളേ 'പ്രഖണ്ഡ്' എന്ന സംഘടനാസ്പദമായ ആശയത്തെ ആദ്യമായി പ്രവർത്തകർക്ക് പരിചയപ്പെടുത്തുവാനുള്ള ബൈഠക്കിനു വേണ്ടി തൃശ്ശിവപേരൂർ തിരുവമ്പാടി ക്ഷേത്രത്തിന്റെ പിറകിലുള്ള പാർവ്വതി ശങ്കരമണ്ഡപത്തിൽ എത്തിച്ചേർന്നിരുന്നു. അദ്ദേഹത്തോടൊപ്പം വി.എച്ച്.പി. ജനറൽ സെക്രട്ടറിയായിരുന്ന ഗിരിരാജ്ജിയും വന്നിരുന്നു. അവർ താമസിച്ചിരുന്നത് തിരുവമ്പാടിയിലെ പ്രശസ്ത ആയുർവേദ വൈദ്യൻ ശ്രീ രാമപണിക്കരുടെ വീട്ടിലായിരുന്നു.

ബൈഠക് കഴിഞ്ഞ് മാ: മോറോപന്ത്ജി യാത്രയായി. അതിനുശേഷം ഗിരിരാജ്ജി കൂടെയുണ്ടായിരുന്ന അഖിലേന്ത്യാ ഉപാദ്ധ്യക്ഷനായിരുന്ന ഡോ. പി. രാമചന്ദ്രനോട് ഗുരുവായൂർക്ക് പോകാനുള്ള തന്റെ താത്പര്യം അറിയിച്ചു. മറ്റു വാഹനസൗകര്യങ്ങളെല്ലാം ഒഴിവാക്കി രാമചന്ദ്രൻമാസ്റ്ററുടെ സ്കൂട്ടറിലാണ് അവർ പോയത്. ഗിരിരാജ്ജിയാണ് സ്കൂട്ടർ കുറെ ദൂരം ഓടിച്ചത്. അന്ന് അദ്ദേഹത്തിന് 65 വയസ്സു കാണും. ക്ഷേത്രദർശനത്തിനുശേഷം വടക്കാഞ്ചേരി ജ്ഞാനാശ്രമത്തിലും പോവുകയുണ്ടായി.

പലതവണ സംഘടനാ പ്രവർത്തനത്തിനായി അദ്ദേഹം കേരളം സന്ദർശിച്ചിട്ടുണ്ട്. പ്രവർത്തകർക്കിടയിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെന്നറിഞ്ഞാൽ താമസിയാതെ അദ്ദേഹം അവിടെയെത്തി ഓരോ പ്രവർത്തകനെയും പ്രത്യേകം വിളിച്ചു സംസാരിച്ച് അവ പരിഹരിക്കുമായിരുന്നു. പ്രവർത്തകരിൽ പൂർണ്ണവിശ്വാസം അർപ്പിച്ച് അവരെ പ്രോത്സാഹിപ്പിക്കുന്ന രീതിയായിരുന്നു അദ്ദേഹത്തിന്റേത്.

(വി.എച്ച്.പി അഖിലേന്ത്യാ ജോ. സെക്രട്ടറിയാണ് ലേഖകൻ.)



# നിളാതീരത്തെ ദേവീക്ഷേത്രങ്ങൾ

## രായിരനെല്ലൂർ ദുർഗ്ഗാഭഗവതിക്ഷേത്രം

**ഡോ. രാജൻ ചുങ്കത്ത്**



**പ**രശുരാമൻ പ്രതിഷ്ഠനടത്തിയ 108 ദുർഗ്ഗാലയങ്ങളിലൊന്നാണ് രായിരനെല്ലൂർ ദുർഗ്ഗാഭഗവതിക്ഷേത്രം. ക്ഷേത്രമുറ്റത്തു നിന്ന് കിഴക്കോട്ടു നോക്കിയാൽ നാറാണത്തു ഭ്രാന്തൻ കല്ലുരുട്ടിക്കയറ്റിയിരുന്ന രായിരനെല്ലൂർ മല കാണാം. ഭാരതപ്പുഴയുടെ പ്രധാന പോഷകനദിയായ തൂതപ്പുഴയിലേക്ക് ക്ഷേത്രത്തിൽനിന്ന് രണ്ടു കി.മീ ദൂരമുണ്ട്.

പഞ്ചപ്രാകാരരൂപമാതൃകയനുസരിച്ച് അഞ്ചു തലത്തിൽ വലയിതമാക്കപ്പെട്ട മഹാക്ഷേത്രം വളരെ മനോഹരമായിരുന്നു. അകത്തെ ബലിവട്ടത്തിനു പുറമെ 'അന്തഹാര' എന്നചുറ്റമ്പലം. 'മദ്ധ്യഹാര' എന്ന വിളക്കുമാടം. 'ബാഹ്യഹാര' എന്ന പുറത്തെ ബലിവട്ടം (ശീവേലിപ്പുര). 'മര്യാദ' എന്ന പുറംമതിൽ (ആനപ്പള്ളമതിൽ) എന്നിവയായിരുന്നു പഴയ ഭഗവതിക്ഷേത്രത്തിന്റെ പഞ്ചപ്രാകാരരൂപം. ഇതിനും പുറമെ അഗ്രശാല, അഗ്രമണ്ഡപം, പത്തായപ്പുര, ഗോപുരം എന്നിവയെല്ലാം അടങ്ങുന്ന ഒരു മഹാക്ഷേത്രസമുച്ചയം. എന്നാൽ ഇതിലെ ശ്രീകോവിൽ ഒഴിച്ച് എതാണ്ട് എല്ലാംതന്നെ ടിപ്പുവിന്റെ പടയോട്ടകാലത്ത് തകർക്കപ്പെട്ടു. പീഠത്തിൽനിന്നും ഭക്തരിലാരോ പറിച്ചെടുത്ത ഭഗവതിയുടെ വിഗ്രഹം സമീപത്തെ ക്ഷേത്രക്കിണറ്റിൽ ഒളിപ്പിച്ചു. അതിനിടക്ക് വിഗ്രഹത്തിന്റെ പാദം പൊട്ടിപ്പോയി. പടയോട്ടം കഴിഞ്ഞ് കിണറ്റിൽ നിന്ന് വീണ്ടെടുത്ത് പൊട്ടിയ വിഗ്രഹം തന്നെ പുന:പ്രതിഷ്ഠ നടത്തി. പിന്നീട് നടന്ന പ്രശ്നത്തിലും പൊട്ടിയ വിഗ്രഹം മാറ്റേണ്ടതില്ല എന്നാണ് കണ്ടത്. ചുറ്റമ്പലം, നടപ്പന്തൽ, ഇരുനില പത്തായപ്പുര, ഉപക്ഷേത്രങ്ങൾ എന്നിവ മാത്രമാണ് പിൽക്കാലത്ത് പൊളിച്ചുപണിതത്. 1983 ൽ ശ്രീകോവിൽ പുതുക്കിപ്പണിതു. പണ്ട് തകർക്കപ്പെട്ട ചില ഭാഗങ്ങൾ ഇപ്പോഴും ക്ഷേത്രമുറ്റത്ത് ചിതറിക്കിടപ്പുണ്ട്.





തിരുവേഗപ്പുറയിലും പരിസരത്തുമുള്ള പത്തില്ലക്കാരുടെ ക്ഷേത്രമായിരുന്നു ഇത്. പിൽക്കാലത്ത് എപ്പോഴോ ക്ഷേത്രം സാമൂതിരിയുടേതായി. ഇപ്പോൾ H.R. & C.E ആണ് കണക്കുകൾ പരിശോധിക്കുന്നതെങ്കിലും നിത്യനിദാനം സമൂതിരി നിയമിക്കുന്ന മാനേജരാണ്.

ഭൂപരിഷ്കരണനിയമം വരുംമുമ്പ് 60,000 പറ നെല്ല് പാട്ടം ലഭിച്ചിരുന്ന ക്ഷേത്രമായിരുന്നു ഇത്. ഇപ്പോൾ ക്ഷേത്രം നിൽക്കുന്ന രണ്ട് ഏക്കർ ഭൂമി മാത്രം.

സാന്ധാര മാതൃകയിലുള്ള ദ്വിതല ഇരട്ടശ്രീകോവിൽ. കിഴക്കോട്ടുമുഖം. അഞ്ചുപടവുകളുള്ള സോപാനത്തിന് വ്യാളീമുഖം കൊത്തിയ വാതിൽമാടം. അറ്റം വളഞ്ഞ് മയൂരസിംഹമുള്ള 'പ്രണാളം'. മുഖ്യവാതിലിന് പുറമെ ശ്രീകോവിലിന് തെക്കും വടക്കും പടിഞ്ഞാറുമായി മൂന്ന് ഘനദ്വാരങ്ങളുണ്ട്. ശ്രീകോവിലിനു മുന്നിലെ മുഖമണ്ഡപത്തോടു ചേർന്ന് ചതുരാകൃതിയിൽ ഒരു നടപ്പന്തൽ. അകത്തെ ബലിവട്ടത്തിന്റെ വടക്കുകിഴക്കെ കോണിലാണ് കിണർ.

പ്രധാന മൂർത്തി ദുർഗ്ഗ. കിഴക്കോട്ട് ദർശനം. നാലടിയോളം (135 സെ.മീ.) ഉയരമുള്ള ശിലാവിഗ്രഹം നിൽക്കുന്ന നിലയിലാണ്.

ചുറ്റമ്പലത്തിലേക്ക് നാലു ഭാഗത്തുനിന്നും പ്രവേശനമുണ്ട്. വലിയ ബലിക്കല്ല് ചുറ്റമ്പലത്തിന് പുറത്ത്. പണ്ടിത് അഗ്രമണ്ഡപത്തിനോട് ചേർന്നായിരുന്നത്രെ. തിടപ്പള്ളി തെക്കുകിഴക്ക് ഭാഗത്താണ്. അതിൽ കിഴക്കോട്ട് ദർശനമായി ഗണപതി, വിഷ്ണു, വേട്ടക്കൊരുമകൻ എന്നിവർ. വടക്കുപടിഞ്ഞാറെ കോണിൽ കിഴക്കോട്ട് ദർശനമായി അയ്യപ്പന് മറ്റൊരു ഉപക്ഷേത്രമുണ്ട്. നിൽക്കുന്ന നിലയിലുള്ള ദുർഗ്ഗയുടെ ശിലാവിഗ്രഹത്തിന് 135 സെ.മി. ഉയരമുണ്ടെന്ന് പറഞ്ഞല്ലോ. ശിവലിംഗത്തിന് 45സെ.മീ. ഉയരമുണ്ട്. ഇരിക്കുന്ന നിലയിലുള്ള ഗണപതിക്ക് 30 സെ.മീ. ഉയരമുണ്ട്. അയ്യപ്പൻ, വിഷ്ണു, വേട്ടയ്ക്കൊരു മകൻ എന്നിവർക്ക് ഉയരം യഥാക്രമം 23, 7, 30 സെ.മീ. ഒന്നിനും പ്രത്യേകം രൂപമില്ല.

ദിവസം മൂന്നുനേരം നമ്പൂതിരി പൂജയുള്ള ക്ഷേത്രത്തിന് തന്ത്രം പടിഞ്ഞാറെപ്പാട്ട് ശ്രീധരം ചുമരത്ത് മനക്കാർക്ക്. പുഷ്പാഞ്ജലി, വിളക്കുമാല, ശർക്കരപായസം എന്നിവയാണ് പ്രധാന വഴിപാടുകൾ. ഇവിടെ സന്താനലബ്ധിക്ക് പ്രത്യേകം വഴിപാട് പതിവുണ്ട്. ആൺകുട്ടി പിറക്കാൻ ഓട്ടുകിണ്ടിയിലും, പെൺകുട്ടി പിറക്കാൻ ഓടത്തിലും നെയ്യ് നിറച്ച് സമർപ്പിക്കും. മീനമാസത്തിലെ മകയിരത്തിന് കൊടിയേറി എട്ടുദിവസത്തെ ഉത്സവം പണ്ട് ഉണ്ടായിരുന്നു. ഇപ്പോൾ ഉത്സവമില്ല.

**ഇവിടെ സന്താനലബ്ധിക്ക് പ്രത്യേകം വഴിപാട് പതിവുണ്ട്. ആൺകുട്ടി പിറക്കാൻ ഓട്ടുകിണ്ടിയിലും, പെൺകുട്ടി പിറക്കാൻ ഓടത്തിലും നെയ്യ് നിറച്ച് സമർപ്പിക്കും. മീനമാസത്തിലെ മകയിരത്തിന് കൊടിയേറി എട്ടുദിവസത്തെ ഉത്സവം പണ്ട് ഉണ്ടായിരുന്നു. ഇപ്പോൾ ഉത്സവമില്ല.**

***യാത്രാസൂചി:-***

പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറ പഞ്ചായത്തിൽ വളാഞ്ചേരി-കൊല്ലം- പട്ടാമ്പി റൂട്ടിലെ നടുവട്ടം വായനശാല സ്റ്റോപ്പ്. പട്ടാമ്പി 14 കി.മി. വളാഞ്ചേരി 6 കി.മീ. അടുത്ത റെയിൽവേ സ്റ്റേഷൻ പട്ടാമ്പി. വിമാനത്താവളം കരിപ്പൂർ.

വാർത്ത

# തൃശ്ശിവപുരിയെ കാവിയണിയിച്ച് വിശ്വഹിന്ദുപരിഷത്ത് സമ്മേളനം



വടക്കുംനാഥന്റെ പ്രദക്ഷിണവീഥികളെ കാവിയണിയിച്ച വിശ്വഹിന്ദുപരിഷത്തിന്റെ മൂന്നുദിവസത്തെ സംസ്ഥാന സമ്മേളനം പ്രസ്ഥാനത്തിന്റെ ഭാവിപരിപാടികൾക്ക് കരുത്തുപകരുന്നതായി. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിൽ ആദ്ധ്യാത്മികാചാര്യന്മാരും സാംസ്കാരികനായകരും തങ്ങളുടെ സാന്നിദ്ധ്യമറിയിച്ചു.

സാംസ്കാരിക തലസ്ഥാനത്തെ ശ്രദ്ധേയമായ ശങ്കരാചാര്യമഠങ്ങളിലൊന്നായ ബ്രഹ്മസ്വംമഠത്തിന് സമീപമുള്ള ശങ്കരമഠം ഓഡിറ്റോറിയമായിരുന്നു സമ്മേളനത്തിന് വേദിയായത്. സന്യാസിശ്രേഷ്ഠരായ തെക്കേമഠം മൂപ്പിൽ സ്വാമിയാർ ശങ്കരാനന്ദ ബ്രഹ്മഭൂതി, ചിന്മയാമിഷൻ തൃശൂർ കേന്ദ്രം ആചാര്യൻ സ്വാമി ഗഭീരാനന്ദ, പൂങ്കുന്നം വിവേകാനന്ദ വിജ്ഞാനഭവനം അദ്ധ്യക്ഷനും പ്രബുദ്ധകേരളം പത്രാധിപരുമായ സ്വാമി സദ്ഭവാനന്ദ, സ്വാമി വിശുദ്ധാനന്ദപുരി, സ്വാമി പ്രേമാനന്ദ എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ചു. ശങ്കരാനന്ദ സ്വാമിയാർ സമ്മേളനം ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

ജനങ്ങളിൽ ധാർമ്മികാവബോധം സൃഷ്ടിക്കാൻ വിശ്വഹിന്ദുപരിഷത്തിന് സാധിക്കണമെന്ന് ഉദ്ഘാടനപ്രഭാഷണത്തിൽ സ്വാമി അഭിപ്രായപ്പെട്ടു. ഹിന്ദുക്കൾക്ക് നേരെയുള്ള കടന്നുകയറ്റത്തെ ഒറ്റക്കെട്ടായി നേരിടണമെന്നും ഇതിന് സന്യാസിസമൂഹം മുന്നിട്ടിറങ്ങണമെന്നും സ്വാമി പറഞ്ഞു.

ഗുരുവായൂർ ക്ഷേത്രം തന്ത്രി ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട് അദ്ധ്യക്ഷത വഹിച്ചു. ഇന്ന് ഹിന്ദു എന്നു പറയാൻ പലർക്കും ഭയമാണ്. വർഗ്ഗീയവാദിയായി ചിത്രീകരിക്കപ്പെടുമോയെന്ന തോന്നലാണ് ഇതിനു കാരണം, ഇത് മാറ്റേണ്ട കാലമായെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ വി.എച്ച്.പി. സംസ്ഥാന പ്രസിഡന്റ് റിട്ട. ജസ്റ്റിസ് എം. രാമചന്ദ്രൻ മാർഗ്ഗദർശനം നൽകി. ഭരണനിർവഹണത്തിൽ പരാജയപ്പെട്ട ഗുരുവായൂർ ക്ഷേത്രഭരണസമിതി പിരിച്ചുവിടണമെന്നും അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചുപിടിക്കണമെന്നും പശ്ചിമഘട്ട സംരക്ഷണത്തിൽനിന്നും സർക്കാർ പിന്മാറരുതെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

വിവിധ രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച തിയ്യാടി രാമൻ നമ്പ്യാർ, ഡോ. വി.ജി. സുരേഷ്, അരുൺ മോഹൻ, അഡ്വ. കെ. ജയചന്ദ്രൻ, വയലി പ്രദീപ് എന്നിവരെ യോഗത്തിൽ അനുമോദിച്ചു.

സ്വാമി ഗഭീരാനന്ദ, സ്വാമി സദ്ഭവാനന്ദ, സ്വാമി വിശുദ്ധാനന്ദപുരി, വി. എച്ച്.പി. അഖിലേന്ത്യാ ജോ. സെക്രട്ടറി കാശിവിശ്വനാഥൻ, ക്ഷേത്രീയ സംഘടനാ സെക്രട്ടറി സുധാംശു പട്നായിക്, സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് ബി.ആർ. ബലരാമൻ, ജനറൽ സെക്രട്ടറി വി. മോഹനൻ, വൈസ് പ്രസിഡന്റുമാരായ സരള എസ്. പണിക്കർ, പി. കെ. ഭാസ്കരൻ, ഡോ. മല്ലിക, കെ. കെ. പിള്ള, മാതൃശക്തി ക്ഷേത്രീയ സംയോജിക ലക്ഷ്മി എസ്. റാവു, ആർ.എസ്.എസ്. തൃശൂർ മഹാനഗർ സംഘചാലക് ജി. മഹാദേവൻ എന്നിവർ സംസാരിച്ചു. ബജ്‌രംഗദൾ സംസ്ഥാന സംയോജക് പി.ജി. കണ്ണൻ സ്വാഗതവും സ്വാഗതസംഘം ജനറൽ കൺവീനർ സി.കെ. മധു നന്ദിയും പറഞ്ഞു. ചടങ്ങിൽ പത്മശ്രീ പെരുവനം കുട്ടൻ മാരാർ, ആർ.എസ്.എസ് പ്രാന്തീയ സേവാപ്രമുഖ് കെ. കൃഷ്ണൻകുട്ടി, വ്യവസ്ഥാപ്രമുഖ് കെ. ശ്രീനിവാസൻ, ഭാരതീയ വിചാരകേന്ദ്രം സംസ്ഥാന പ്രസിഡന്റ് ഡോ. മോഹൻദാസ് എന്നിവരും സംബന്ധിച്ചു. സമാപനയോഗത്തിൽ വി. എച്ച്. പി. ക്ഷേത്രീയ സംഘടനാ സെക്രട്ടറി സുധാംശു പട്നായിക് മുഖ്യപ്രഭാഷണം നടത്തി. വി.എച്ച്.പി ജനറൽ സെക്രട്ടറി വി. മോഹനൻ, സംഘടനാ സെക്രട്ടറി എം.സി. വത്സൻ, ജോ. സെക്രട്ടറി ഐ.ബി. ശശി, ടി. രാജശേഖരൻ, സംസ്ഥാന ട്രഷറർ കെ.പി. നാരായണൻ, അഖിലേന്ത്യാ വൈസ്പ്രസിഡന്റ് കെ.വി. മദനൻ തുടങ്ങിയവർ സംസാരിച്ചു.



# സുവർണ്ണജയന്തി സ്വാഗതസംഘം



വിശ്വഹിന്ദുപരിഷത്ത് സുവർണ്ണജയന്തി ആഘോഷങ്ങളുടെ നടത്തിപ്പിനായുള്ള സ്വാഗതസംഘം രൂപീകരിച്ചു. കലൂർ പാവക്കുളം മഹാദേവക്ഷേത്രം ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ വി എച്ച് പി സംസ്ഥാന പ്രസിഡന്റ് റിട്ട. ജസ്റ്റിസ് എം രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ബ്രഹ്മചാരി തപസ്യാമൃത ചൈതന്യ (അമൃതാനന്ദമയി മഠം) ഉദ്ഘാടനകർമ്മം നിർവഹിച്ചു. ചിന്മയമിഷൻ സ്റ്റേറ്റ് കോർഡിനേറ്റർ സ്വാമി വിവിക്താനന്ദ സരസ്വതി അനുഗ്രഹപ്രഭാഷണം നടത്തി. കോവിൽമല രാജാവ് രാമൻ രജമന്നാൻ, പ്രൊഫ. തുറവൂർ വിശ്വംഭരൻ, ആമേട വാസുദേവൻ നമ്പൂതിരി, കെ. വി. മദനൻ എന്നിവർ സംസാരിച്ചു.

സ്വാഗതസംഘം ഭാരവാഹികൾ:

അദ്ധ്യക്ഷൻ: വൈസ് അഡ്മിറൽ കെ. എൻ. സുശീൽ.

ജനറൽ കൺവീനർ: എസ്. ജെ. ആർ. കുമാർ, ഖജാൻജി: പി. ശ്രീനിവാസപ്രഭു




കഥ



പേരൂർ ഗോപാലകൃഷ്ണൻ

# രാവുണ്ണ്യാരുടെ ഓണങ്ങൾ

**ചി**ങ്ങക്കൊയ്ത്ത്. ഓണക്കൊയ്ത്ത് കറ്റമെതിച്ചുകൂട്ടിയ നെൽക്കൂമ്പാരം. കിഴക്കോട്ടുതിരിഞ്ഞുനിന്ന് കാര്യസ്ഥൻ കുഞ്ഞുണ്ണി അളവ് തുടങ്ങി. ആദ്യം പൊലിപിടിച്ചു.

പൊലി ഒന്ന്, പൊലി രണ്ട്, പൊലി മൂന്ന്.... ഒമ്പതളന്നാൽ പത്തെണ്ണില്ല. വരികപൊലി. പത്തും പത്തിന്റെ ഇരട്ടികളുമെല്ലാം വരിക പൊലിയാണ്. അതാണ് അളവിന്റെ രീതി. എല്ലാം പറനിറച്ചളവാണ്. കൊടുക്കുമ്പോൾ ആദ്യത്തേത് 'നിറപ്പനും' പിന്നെല്ലാം 'വടിപ്പനും'.

ഓണ 'അളവ്' വാങ്ങാൻ മുറ്റത്തും എറയത്തും അവകാശികൾ.

അവകാശമുറപ്പിക്കാൻ ആശാരി നാരായണന്റെ ഇരുപ്പുപലക, കൊല്ലൻ രാമന്റെ കറിക്കത്തി, കവറ രാമന്റെ പുത്തൻ പനമ്പ്, പറയൻ മാധവന്റെ കുണ്ടുമുറം, കുമ്പാരൻ വീരഭദ്രന്റെ പാൽക്കലം, പാണൻ ബാലന്റെ ഓലക്കുട...

വിളക്കത്ര, വെളുത്തേടത്ത് അവകാശികൾ മറ്റുള്ളവർക്കൊപ്പം വരില്ല. അവർ മുന്തിയ ജാതിയാണ്. അരിയാണ് അവകാശം. തേങ്ങയും വെറ്റില മുറുക്കാനും വേറെ.

കണിയാൻ കൃഷ്ണപ്പണിക്കർ എറയത്തു നിൽക്കില്ല. പൂമുഖത്ത് കയറിയിരിക്കും.

വിഷുവിന് 'ചാലിടു'വാനും, ആദ്യത്തെ കൊയ്ത്തിനും 'കന്നുപൂട്ടി നിർത്താനും' മാതേവരെ വെക്കാനും എടുക്കാനും മുഹൂർത്തം നോക്കി 'ഓല'വെയ്ക്കുന്നത് പണിക്കരാണ്. ഉണ്ണികളുടെ ചോറൂണിനും തറവാട്ടിലെ കല്യാണങ്ങൾക്കും നല്ലദിവസം നോക്കാനും ജാതകമെഴുതാനും പണിക്കർ വേണം. കൃഷ്ണപ്പണിക്കർ സംസ്കൃതം പഠിച്ചയാളായതുകൊണ്ട് തറവാട്ടിൽ ആദരവുണ്ട്. പെണ്ണുങ്ങൾ വിദുഷികളാണ്. കർക്കടകത്തിൽ സംസ്കൃതത്തിലുള്ള വാത്മീകിരാമായണമാണ് പാരായണം ചെയ്യുക.

പൂമുഖത്ത് കുറേ ചെറുകിട മാന്യന്മാരുമുണ്ടാകും. അവർക്കു പുത്തരിക്കു പുന്നെല്ലു വേണം. കൊയ്ത്തായിട്ടില്ല. കൊയ്താൽ ഉണക്കിച്ചേറി മടക്കിക്കൊടുക്കും.

തട്ടാൻ വാസു കാരണവരുമായി തെറ്റാണ്. തറവാട്ടിലെ ഉണ്ണികൾക്കു ഇരുപത്തെട്ടിന് കാതുകുത്തുന്നതും കല്യാണങ്ങൾക്ക് പണ്ടം



വര: **ഗോപിദാസ്**

പണിയുന്നതും വാസുവാണ്. ഒരനന്തിരവൾക്കു പെട്ടെന്നൊരു കല്യാണം വന്നു. കാരണവർ സവാരിവണ്ടിയിൽ പാലക്കാട് പോയി മന്ദാടിയാർ ജ്വല്ലറിയിൽനിന്ന് പണ്ടംവാങ്ങി. വാസു പ്രതിഷേധിച്ചു. 'മൂത്താരുടെ ഓണ അളവില്ലെങ്കിലും വാസു പട്ടിണികിടക്കില്ല. ആലിമാപ്ലേടെ വീട്ടില് മുന്നൂറ്റി അറുപത്തി അഞ്ച് ദിവസോം പണിയാനുള്ള സ്വർണ്ണംണ്ട്".

കാര്യസ്ഥൻ എല്ലാവർക്കും 'അളവ്' അളന്നുകൊടുത്തു. 'എറപ്പണിക്കാർക്ക്' കുടുംബത്തിലെ എണ്ണം നോക്കി തരാതരംപോലെ. തലയാൾക്ക് പ്രത്യേകവും. പുറംപണിക്കാർക്ക് നിറപറ ഒന്നുവീതം.

നാല്പതു പെണ്ണുങ്ങളും പത്താണുങ്ങളുമുണ്ട് സ്ഥിരം പണിക്ക്.

എല്ലാവരും പിരിയാൻനേരത്ത് കാരണവർ പറഞ്ഞു. 'ഓണം ഉത്രാടത്തിന് എല്ലാവരും ഉണ്ണാൻ വരണം. ഇങ്ങോട്ട് വരാൻവയ്യാത്തോര്ക്ക് പകർച്ച കൊണ്ടുപോയി കൊടുക്കണം'.

അകത്തെ സ്ത്രീകൾ അടക്കംപറഞ്ഞു. 'റാവുത്തർ ഇത്രേം നേരായിട്ടും വന്നില്ലല്ലോ'.

പറഞ്ഞുതീരും മുമ്പേ റാവുത്തർ മുന്നിലും മൂന്നു തലച്ചുമടുകൾ പിന്നിലുമായി പടിയിറങ്ങിവന്നു. തുണി റാവുത്തർ അഥവാ മുണ്ടുകാരൻ റാവുത്തർ. റാവുത്തർക്ക് സ്വന്തം 'തറി'യുണ്ട്, നെയ്ത്തുണ്ട്. മണ്ണൂർ കാവുപറമ്പിലാണ് നൂലുണക്കും ചായംമുക്കലും.

പുറന്തളത്തിൽ കെട്ടഴിച്ച് തുണികൾ നിരത്തി - ഓണക്കോള്. ആണുങ്ങൾക്ക്, പെണ്ണുങ്ങൾക്ക്, കുട്ടികൾക്ക്, പണിക്കാർക്ക് ഓണപ്പുടവക്കെട്ട് മാറ്റിവെക്കും. ഒരു പൊതിയും. അത് കാരണവർക്കുള്ള ഡബിൾ നാടക്കോണകം.

പെണ്ണുങ്ങൾ ചുറ്റും കൂടി. ഒന്നര, മുണ്ട്, ഒറ്റത്തോർത്ത്, ഈരെഴ നേര്യത്, വേഷ്ടി.....

കസവ് സ്വർണ്ണനൂലാ, നൂറുക്ക് നൂറാ. ഇത് അങ്ങാടിത്തുണ്യല്ലാ പൂവൻപഴാ...

റാവുത്തർ ഓരോന്നിന്റെയും ഗുണങ്ങൾ വർണ്ണിക്കും.

'വെളക്ക് കൊള്ത്തണ്ട നേരത്താ ഒരു കച്ചോടം'. മുത്തശ്ശി പിറുപിറുക്കും.

റാവുത്തർ പറയും - 'ഓണത്തിനും വിഷുവിനും സന്ധ്യേം പെലർച്ചേം ഒരുപോലാ മുത്തശ്ശ്യേ'.

കാരണവർ കച്ചവടത്തിലിടപെടില്ല. കച്ചവടം കഴിയുമ്പോൾ നേരമിരുട്ടും. റാവുത്തരുടെ കെട്ടുതുണികൾ മാത്രം ബാക്കിയാവും. അതിൽ ഓരോ നിറപ്പൻ കൊടുക്കും. അവകാശമല്ല, സന്തോഷത്തിന്. ഇറങ്ങുമ്പോൾ പറയും, 'ഈ തറവാടുള്ളോടത്തോളം കാലം ഈ റാവുത്തര് നെയ്ത്ത് നിർത്തില്ല.'

പണ്ടാരക്കളത്തിൽ രാവുണ്ണിനായർ ഇപ്പോൾ നഗരത്തിലാണ് താമസം മകന്റെ കൂടെ. വയസ്സ് തൊണ്ണൂറായെങ്കിലും ആരോഗ്യവാൻ. വായിക്കാൻ കണ്ണട വേണ്ട. നടക്കാൻ സഹായി വേണ്ട. മകന്റെ വിലക്കുകൊണ്ട് കാറോടിക്കാറില്ല.

ഓർമ്മകളുടെ മുറ്റത്ത് പൂക്കളം.

നാലുകെട്ട്, നടുമുറ്റം, പടിപ്പുര, പത്തായപ്പുര, പതിനാലു കള്ളി തൊഴുത്ത്, പശുത്തൊഴുത്തും ഉരൽപ്പുരയും, വിറകാലയും വേറെ. തൊഴുത്തുനിറയെ കാളയും പോത്തും. പത്തായം നിറയെ നെല്ല്. മഞ്ച നിറയെ അരി. നിറഞ്ഞ കലവറ. സമ്പത്തും സമൃദ്ധിയും നിറഞ്ഞ തറവാടിനെക്കുറിച്ച് രാവുണ്ണിനായർ അഭിമാനംകൊണ്ടു.

പണ്ടാരക്കളം തറവാടിന്റെ ഐശ്വര്യത്തിന്റെ പിന്നിലുമുണ്ടൊരു ഓണക്കഥ. മുത്തശ്ശി പറഞ്ഞുകേട്ടതാണ് - മുത്തശ്ശി കേട്ടത് മുത്തശ്ശിയുടെ മുത്തശ്ശിയിൽനിന്ന്.

അന്നൊരു തിരുവോണമായിരുന്നു. ഉച്ചനേരത്തൊരു വൃദ്ധൻ കയറിവന്നു. വിശക്കുന്നു, ഭക്ഷണം വേണം. ഒരമ്മയും മകനും മാത്രമുള്ള വീട്. അന്നത്തെ വീട്ടമ്മ നാക്കിലയിട്ട് ചോറും കറികളും വിളമ്പി. ഊണുകഴിഞ്ഞ് അരക്കോലായിലിരുന്ന് അയാളുടെ കഥ പറഞ്ഞു:

'ഞാൻ ഒരു ജന്മിയായിരുന്നു. പതിനായിരം പറ നെല്ല് പാട്ടം കിട്ടിയിരുന്ന ജന്മി. പത്തു പെൺകുട്ടികളുടെ കൂടി ജന്മിയായ ഒരു ബ്രാഹ്മണൻ. മക്കളെ കെട്ടിച്ചയച്ചപ്പോഴേക്കും ഭൂമി മുഴുവൻ പോയി. ഭാര്യ മരിച്ചു. വീട് ജപ്തി ചെയ്തു.

ബ്രാഹ്മണന് ദ്വിജൻ എന്നു പര്യായമുണ്ട്. ഉപനയനം കഴിഞ്ഞാൽ രണ്ടാം ജന്മം. പൂണൂല് കണ്ടാൽ താഴ്ന്ന ജാതിക്കാർ ഭക്ഷണം തരില്ല. അതുകൊണ്ട് അതറുത്തുകളഞ്ഞു. ഇതെന്റെ മൂന്നാം ജന്മമാണ്. യാചകൻ. വൃദ്ധൻ സാമാന്യം വലിയൊരു സഞ്ചി കെട്ടഴിച്ചു. 'ഇതിവിടെ ഇരിക്കട്ടെ. വിലയൊന്നും വേണ്ട.'

വെള്ളികെട്ടിയ നെൽപ്പറ, ചെറിയ നിലവിളക്ക്, ചെറിയ കിണ്ടി.

'ഇനി ഇതൊന്നും എനിക്കാവശ്യമില്ല. ഞാൻ കാശിക്കു പോകുന്നു. നിങ്ങൾക്ക് സർവ്വസമ്പത്തും ഐശ്വര്യങ്ങളുമുണ്ടാകും'. സാധനങ്ങൾ പുറത്തെടുക്കുമ്പോൾ ഒരു ഗ്രന്ഥമുണ്ടായിരുന്നു. അതു സഞ്ചിയിൽതന്നെ വെച്ചു. 'എനിക്കിതുമതി, ഭാഗവതം.

പിന്നീട് സർവ്വസമ്പത്തും ആ കുടുംബത്തിനുണ്ടായി എന്നു മുത്തശ്ശിക്കഥ.

ഏറെക്കാലം തിരുവോണത്തിന് നിലവിളക്കിനു മുമ്പിൽ രണ്ടില ചോറ് നിവേദിക്കുമായിരുന്നു. ഒന്ന് മഹാബലിക്കും, മറ്റൊന്ന് ഒരുപിടി ചോറ് യാചിച്ചുവന്ന ബ്രാഹ്മണനും.

വലിയമ്മാവന്റെ കാലത്താണ് വീട് തറവാടായത്.

ഒത്ത ഉയരം. അതിനൊത്ത വണ്ണം. വശം ചേർത്ത് കെട്ടിവെച്ച കുടുമ. മുട്ടിനുതാഴെ നിൽക്കുന്ന ഒറ്റത്തോർത്ത്. പല്ലുതേച്ച് മുഖം കഴുകി പ്രാതൽ. ഒരു തേങ്ങ മുഴുവൻ ചിരവിയിട്ട ചുടുകഞ്ഞി. ഓലക്കുടയും കൈക്കോട്ടുമായി പാടത്തേക്ക്. കാളയും പോത്തും പത്തേറ് കന്നുമായി പൂട്ടുപണിക്കാർ പിന്നാലെ.

കരികൊണ്ട് പൂട്ടി ഉഴവാക്കണം. 'ചവിട്ടി'കെട്ടി കട്ട ഉടയ്ക്കണം. 'കരിമ്പറം' പൂട്ടി നിരപ്പാക്കണം. 'ഊർച്ചയും വെള്ളെക്കാലും' കൊണ്ട് കാളയുടെയും പോത്തിന്റെയും കരുത്തറിയണം. കണ്ടം കലങ്ങിമറിയണം.

'നഞ്ച'ക്കും 'പുഞ്ച'ക്കും 'മുണ്ട'കനും വിത്തു വേറെയാണെങ്കിലും മണ്ണ് ഒന്നുതന്നെ.

'കാണം വിൽക്കാതെ ഓണമുണ്ണണം' അതാണമ്മാമന്റെ പുതുമൊഴി, അതിന് കഠിനാദ്ധ്വാനം വേണം.

ഓണത്തിന് മുമ്പ് പൊലി അളക്കണമെങ്കിൽ 'വിത്തും കൈക്കോട്ടും' വിളി കേട്ടാൽ വയലുണരണം. കട്ട പൊടിക്കണം, വിത്തിറക്കണം - ചമ്പാൻ, ചിറ്റേനി, ചെങ്കഴമ, പൊന്നാര്യൻ....

കർക്കിടകത്തിൽ 'നിറ'ക്കണ്ടത്തിൽ ചമ്പാൻ വിളയും. പുതുകതിരരിഞ്ഞ് അരിമാവണിഞ്ഞ് നിറയ്ക്കണം.

'ഇല്ലംനിറ വല്ലംനിറ പത്തായം നിറ നിറോ നിറ'. തൊടിയിൽ പച്ചക്കറികൾ കായ്ച്ചു തുടങ്ങും. മത്തൻ, കുമ്പളം, വെള്ളരി, വെണ്ട, വഴുതിന, പയർ, ചേമ്പ്, ചേന.

ഓണമാവുമ്പോഴേക്കും പണ്ടാരക്കളം ഭണ്ഡാരക്കളം തന്നെയാവും. മുത്തശ്ശിക്കഥയിലെ ബ്രാഹ്മണന്റെ അനുഗ്രഹം കൊണ്ടോ കാരണവർ വല്യാമ്മന്റെ അദ്ധ്വാനംകൊണ്ടോ? രണ്ടുമാവാം!

അന്നൊരു തിരുവോണമായിരുന്നു. കരിവീട്ടിക്കസേരയിലിരുന്ന് കാരണവർ എല്ലാവർക്കും ഓണപ്പുടവ കൊടുത്തുകൊണ്ടിരുന്നു. പതിവില്ലാത്തവിധം ഓരോ വെള്ളി ഉറുപ്പികയും കണിയാൻ കൃഷ്ണപ്പണിക്കർ ചോദിച്ചു:

'എന്താണാവോ പതിവില്ലാതെ?'

'അടുത്തകൊല്ലത്തെ വിഷുക്കൈനീട്ടം'.

പണിക്കരുടെ മനസ്സിലെവിടെയോ മുള്ളുതറച്ചു. കാരണവരുടെ ജാതകം കാണാപ്പാഠമായ പണിക്കർ പുറത്തിറങ്ങി തോളിലെ തോർത്തുകൊണ്ട് കണ്ണു തുടച്ചു.

'കണ്ടകശ്ശനി' - കൊണ്ടേപോകൂ.

'ചാമിയാരേ'. വിളി ഉച്ചത്തിലാണെങ്കിലും ശബ്ദം ഇടറിയിരുന്നു. ചാമിയാർ ഓടിയെത്തി.

'ഒന്നു താങ്ങടോ'.

ചാമിയാരും കണിയാരും ഒന്നുരണ്ടു പേർ വേറെയും ചേർന്ന് താങ്ങിയെടുത്ത് ചാരുകസേരയിൽ കിടത്തി. ആകെ വിയർപ്പ്. കാലുകൾക്ക് തളർച്ച.

കന്നുകാലിവൈദ്യനാണ് ചാമിയാർ. അല്പസ്വല്പം നാട്ടുവൈദ്യവുമുണ്ട്.

'താൻ തൊഴുത്തിലൊന്നു ശ്രദ്ധിക്കണം'. രണ്ടുദിവസം മുമ്പ് കാരണവർ പറഞ്ഞതോർത്തു. 'എടോ അകത്തുള്ളോരെ പോലെ നോക്കണം, തൊഴുത്തിലുള്ളോരേം. അവർ മിണ്ടാപ്രാണികളാണ്. അവറ്റ എല്ലുമുറിയെ പണിയെടുത്തിട്ടാണ് മനുഷ്യർ മൂന്നുനേരം വെട്ടിവിഴുങ്ങുന്നതും ഓണം, വിഷു, തിരുവാതിര കൊണ്ടാടുന്നതും. മനസ്സിലാവുന്നുണ്ടോടോ കുഴിയാനേ?'

ചാമിയാർ മഞ്ഞപ്പിത്ത വൈദ്യനുമാണ്. അയാൾക്കു മാത്രമറിയാവുന്ന ഒറ്റമൂലി. ചെറിയ പൂവൻപഴം തുരന്ന് അതിൽ ഒരു കുഴിയാനയെ വെച്ച് അടയ്ക്കും. രോഗിക്ക് വിഴുങ്ങാൻ കൊടുക്കും. ഒരുദിവസം കാരണവർ അതു കണ്ടുപിടിച്ചു. ഇഷ്ടം തോന്നുമ്പോഴൊക്കെ ചാമിയാരെ 'കുഴിയാനെ' എന്നു വിളിക്കും.

അപ്പോത്തിക്കിരി മാധവൻനായർ വന്നു പരിശോധിച്ചു. വാതമാണ്. ആയുർവേദമായിരിക്കും നല്ലത്.

അറക്കൽ അയ്യപ്പൻകുട്ടി വൈദ്യരുടെ ചികിത്സ. നവരച്ചോറ്, ധാര, എണ്ണ, വസ്തി, കുഴമ്പ്, കഷായം.

സംസാരശേഷി നഷ്ടപ്പെട്ടില്ല. ഒരു കൈയിന് സ്വാധീനമുണ്ട്. ഒരുദിവസം കിടന്നകിടപ്പിൽ പറഞ്ഞു: 'എനിക്കു പാടത്തു പോകണം'. നടക്കാത്ത കാര്യമെന്ന് കരുതി കാര്യസ്ഥൻ നെടുവീർപ്പിട്ടു.

'മൂന്നാംനിലയിൽ മഞ്ചലിരിപ്പുണ്ട്, ഇറക്കിക്കൊണ്ടുവാ.'

ചെറുവാല്യക്കാരുടെ ചുമലുകളിൽ മഞ്ചൽത്തണ്ടുകളമർന്നു. അടുക്കിവെച്ച തലയണകളിൽ തലചായ്ച്ച് പാടം മുഴുവൻ ചുറ്റിക്കണ്ടു. വൃശ്ചികക്കുളിരിൽ, നനുത്ത കിഴക്കൻകാറ്റിൽ നെല്ലോലകൾ നൃത്തംവെക്കുന്നത് കണ്ട് വല്യമ്മാമൻ നിർവൃതികൊണ്ടു.

അക്കൊല്ലത്തെ പാണ്ടിയോണത്തിന് - മകരപ്പൊങ്കലിനെ അങ്ങനെയാണ് കാരണവർ പറയുക - വലിയമ്മാമൻ കണ്ണടച്ചു. സ്വച്ഛന്ദമൃത്യുവിനായി ഉത്തരായനം വരെ ശരശയ്യയിൽ കിടന്ന പണ്ടാരക്കളത്തിലെ ഭീഷ്മർ.

കാരണവർ മരിച്ചകൊല്ലം 'വലച്ചിലോണം' - ദുഃഖാചരണ ഓണം. പൊലിയില്ല, അവകാശികൾക്കളവില്ല, പൂക്കളമില്ല, മാതേരില്ല, ഓണപ്പുടവയില്ല, സദ്യവട്ടങ്ങളില്ല, ആചാരങ്ങളില്ല.

രാവുണ്ണ്യാർ നല്ലോണങ്ങളുടെ ഓർമ്മയിൽ മുഴുകി. അത്തം പത്തോണം. തൊടിയിലും വേലിയിലും പറമ്പിലും നിറയെ പൂക്കൾ. ഉണ്ണികൾ പൂവെല്ലാം പറിച്ച് മുറ്റത്ത് പൂക്കളിടും. രണ്ടു പനമ്പ് വട്ടത്തിൽ. താനും അവരിലൊരുണ്ണിയായിരുന്നല്ലോ. ചിങ്ങം വന്നാൽ പിന്നെ എല്ലാറ്റിനും ഓണത്തിന്റെ പിൻബലമുണ്ട്. ഓണവെയിൽ, ഓണനിലാവ്, ഓണക്കുല, ഓണപ്പുടവ, ഓണസദ്യ.... എന്തിന്, തല്ലുപോലും ഓണത്തല്ലാണ്.

ഓണക്കാലത്ത് വലിയമ്മാമനും പണിക്കരും തമ്മിലൊന്ന് ഉരസും. നേരംപോക്കിന്.

പണിക്കർ വാമനന്റെ പക്ഷമാണ്. "മഹാവിഷ്ണു പരശുരാമനായി അവതരിച്ച് സൃഷ്ടിച്ചതാണ് കേരളം. മഹാബലി സ്വർഗ്ഗത്തിലേക്കു പോകുമ്പോൾ ഈ മണ്ണും മനുഷ്യരേം കൊണ്ടുപോകും. വീണ്ടും കടലാവും. തൃകാലജ്ഞാനിയായ വിഷ്ണുവിന് ഇതറിയാം. അതുകൊണ്ടാണ് വാമനൻ ബലിയെ പാതാളത്തിലേക്കയച്ചത്. ഒരുതരി മണ്ണുപോലും വാമനൻ കൊണ്ടുപോയില്ലല്ലോ. അതുകൊണ്ട് വാമനനെയാണ് പൂജിക്കേണ്ടത്."

"പണിക്കരേ, താൻ മഹാബലിയെ എഴുന്നെള്ളിക്കാനുള്ള മുഹൂർത്തമാണല്ലോ ഓലയിൽ കുറിച്ചിരിക്കുന്നത്".

'അതു വയറുപെഴപ്പ്'

'പന്ത്രണ്ട് രാശികളിൽ കവിടി നിരത്തുന്ന പണിക്കരേ, താനൊരു തിരിഞ്ഞ പന്ത്രണ്ടാണല്ലേ?' രണ്ടുപേരും ചിരിക്കും. അതും ഒരോണച്ചിരി.

പണിക്കർ പറഞ്ഞതിലും ശരിയില്ലേ? യഥാർത്ഥത്തിൽ മണ്ണല്ലേ ഓണത്തിനടിസ്ഥാനം. പരശുരാമൻ മഴുവെറിഞ്ഞ് സൃഷ്ടിച്ചതും വാമനൻ യാചിച്ചു വാങ്ങിയിട്ടും കൊണ്ടുപോകാത്തതുമായ മണ്ണ്! രാജാക്കന്മാർ പുനീർ വീഴ്ത്തിയും നാടുവാഴികൾ നീരട്ടിപ്പേറായും, ചാർത്തായും, കാണമായും ജന്മമായും പിന്നീട് തീറായും പാട്ടമായും പട്ടയമായും പകർന്നാടിയ ഈ മണ്ണ്.

വലിയമ്മാമൻ പണ്ടാരക്കളത്തിലെ കാരണവർ. രാരപ്പൻനായർ മരിക്കുമ്പോൾ താൻ കുട്ടിയായിരുന്നു. പത്താംതരം പാസ്സായി അച്ഛനെ കാണാൻ പോയി.

'എന്റെ അനുഭവം നിനക്കുണ്ടാവരുത്. വിരോധമില്ലെങ്കിൽ എന്റെ പെങ്ങൾ ശാരദയുടെ കൂടെ കഴിയാം. അവളുടെ ഭർത്താവ് സർക്കാരാപ്പീസിൽ ശിപായിയാണ്. കുട്ടികളില്ല. കോളേജ് അടുത്താണ്. ഫീസിനുള്ള കാശ് ഞാനുണ്ടാക്കിത്തരാം. പണ്ടാരക്കളത്തിലെ സൗകര്യമൊന്നുമുണ്ടാവില്ല.

അച്ഛൻ ചെണ്ടകൊട്ടുകാരനാണ്. വലംതലയിൽ വട്ടംപിടിക്കാൻ മാത്രമേ മാരാന്മാർ വിളിക്കൂ. ചുരുങ്ങിയ കാശേ കൊടുക്കൂ. പണ്ടാരക്കളത്തിൽ സംബന്ധാലോചിക്കാൻ ഒരു യോഗ്യതയുമില്ല.

പഠിക്കുമ്പോൾ അച്ഛൻപെങ്ങൾ പറഞ്ഞുകേട്ട വിവരങ്ങൾ.

മുപ്പതുവയസ്സു കഴിഞ്ഞിട്ടും അമ്മയ്ക്ക് കല്യാണം കഴിഞ്ഞില്ല. പല ആലോചനകളും വന്നതാണ്. നിറം കറുപ്പ്. അകത്തെ പെണ്ണുങ്ങളും അയൽക്കാരും പേരിട്ടുവിളിച്ചതിങ്ങനെ - കുയിലമ്മ. അടുപ്പിൽ തീയൂതിയും അടുക്കളപ്പാത്രങ്ങൾ കഴുകിയും കുയിലമ്മയുടെ സ്വപ്നങ്ങൾ കൂടുതൽ കറുത്തു.

ഓണം അത്തം. കൃഷ്ണപ്പണിക്കർ ഓലകൊണ്ടുവന്നു. കൂടെ ഒരാളുണ്ടായിരുന്നു - വെളുത്ത് സുമുഖൻ. അധികം ഉയരമില്ല.

"ആരാ അത് പണിക്കരേ?"

പണിക്കർ മാത്രം അകത്തുകയറി എന്തോ രഹസ്യം പറഞ്ഞു: 'ഒന്നാലോചിച്ചാലോ. ചെണ്ടക്കാരനാണെങ്കിലും ചന്തക്കാരനാണ്.'

ഓണം ഉത്രാടത്തിന് ചെണ്ടക്കാരൻ കുയിലമ്മയുടെ കഴുത്തിൽ താലികെട്ടി. പണ്ടാരക്കളത്തിലെ സംബന്ധക്കാരുടെ കൂട്ടത്തിൽ ഒരാൾ ചെണ്ടക്കാരനുമായി. അടുത്ത ചിങ്ങത്തിൽ കുയിലമ്മയ്ക്ക് ഒരാൺകുട്ടി പിറന്നു. ആ ഉണ്ണിയായിരുന്നത്രെ താൻ. അന്നത്തെ രാവുണ്ണി ഇന്നത്തെ പി.കെ.ആർ. നായർ.

കോളേജിൽ പഠിക്കുന്നകാലത്ത് തറവാട്ടിൽപോക്കു കുറഞ്ഞു. എന്താണ് വരാത്തതെന്ന് ആരും അന്വേഷിച്ചതുമില്ല. മുത്തശ്ശി മാത്രം "ചെക്കനെന്തേ വന്നില്ലല്ലോ" എന്നു പിറുപിറുത്തുവത്രേ. പിന്നെ അതും നിന്നു.

രാവുണ്ണ്യാരുടെ ഓർമ്മയുടെ വിളനിലങ്ങളിൽ കളകൾ മുളച്ചുകൊണ്ടിരുന്നു.

വല്യമ്മാമന്റെ കാലശേഷം വലിയച്ഛൻ - വലിയമ്മയുടെ ഭർത്താവ് - തറവാട്ടിലെ കാര്യക്കാരനായി ചാരുകസേരയിൽക്കിടന്ന് കാരണവരായി മെതിയടിക്കുപകരം ലെതർച്ചെരിപ്പിട്ടു. ഒറ്റത്തോർത്തിനുപകരം 'എഴുന്നേറ്റി ഏഴ്' മൽമൽമുണ്ടുടുത്തു. വെള്ള പോപ്ലിൻ ഷർട്ട് ധരിച്ചു. ഓലക്കുടക്കു പകരം പതിനാലാം നമ്പ്ര് ശീലക്കുടയും പിടിച്ച് പാടവരമ്പുകളിൽനിന്ന് പണിക്കാർക്ക് കല്പനകൾ നൽകി.

പറിക്കുന്തോറും കളകൾ മുളയ്ക്കുന്നു. കർക്കിടകത്തിൽ ഒരു ഞായറാഴ്ച ആൽസൻകുട്ടി മാപ്ല പെരുങ്കായത്തിന്റെ വലിയ സഞ്ചിയിൽനിന്ന് ഒരു തേക്കിലപ്പൊതിയെടുത്ത് ഉമ്മറത്തുവെച്ചു.

കുളികഴിഞ്ഞ് രാമായണം വായിക്കുന്ന മുത്തശ്ശിക്ക് ഛർദ്ദിക്കാൻ വന്നു.

"എന്താ മാധവി ഒരു മണം. അടുക്കളേന്നാണോ?" വേലക്കാരി മാധവി മുത്തശ്ശിയുടെ ചെവിയിൽ പറഞ്ഞു.

'മാംസം'

'ശിവശിവ! ബ്രാഹ്മണന്റെ വിളക്കും കിണ്ടിയും പറയും വെച്ച് പൂജിക്കുന്ന

തറവാടാണ്. മഹാലക്ഷ്മിയാണകത്ത്.'
*'നമ്മുടെ വീര്യബലങ്ങളും കീർത്തിയും*
*നന്മയുമർത്ഥപുരുഷകാരാദിയും*
*നഷ്ടമായ് വന്നിതൊടുങ്ങിസുകൃതവും*
*കഷ്ടകാലം നമുക്കാഗതം നിശ്ചയം.'*

വീണ്ടും ഓക്കാനം വന്നപ്പോൾ മുത്തശ്ശി അവിടെവെച്ച് വായന നിർത്തി പുസ്തകം മടക്കി. പിന്നെ മരിക്കുംവരെ അവർ രാമായണം വായിച്ചിട്ടില്ലത്രെ.

വലിയച്ഛന്റെ ഭരണകാലം സ്ത്രീകൾക്കും സംബന്ധക്കാർക്കും സുവർണ്ണകാലമായിരുന്നു. മുണ്ടുകാരൻ റാവുത്തരുടെ പണ്ടാരക്കളത്തിലെ കച്ചവടം പേരിനു മാത്രമായി. പിന്നീടയാൾ വരാതായി.

കുത്താമ്പുള്ളിയിൽ നിന്ന് കൈത്തറി സാരികളും നഗരത്തിൽനിന്ന് വിവിധതരം മിൽതുണികളും നേരിട്ടു വാങ്ങാൻ തുടങ്ങി.

എല്ലാ ഞായറാഴ്ചകളിലും ആൽസൻകുട്ടി മാപ്ലേടെ തേക്കിലപ്പൊതി മുടങ്ങാതെ വന്നിരുന്നു.

വലിയച്ഛന് പുതിയ പേരുകിട്ടി. പണ്ടാരക്കളത്തിലെ പുതുകാരണവർ.

ഒരു ഉത്രാടസന്ധ്യ.

'ചെണ്ടയെ കാണുന്നില്ലല്ലോ'. ഒപ്പം ആരുടെയൊക്കെയോ ചിരിയും പരിഹാസവും.

നേർകോലും ഇലത്താളവും ചേർന്ന ഒലമ്പൽപോലെ.

റാന്തൽവിളക്കിന്റെ നേരിയ വെളിച്ചത്തിൽ പുതുകാരണവരെ കണ്ടു. എല്ലാവർക്കും തന്നെ പുച്ഛമാണ്.

ചെണ്ടക്കയർ വലിച്ചുമുറുക്കും പോലെ ഞരമ്പുകൾ വലിഞ്ഞുമുറുകി. ആ ശുംഭന്റെ മുഖത്തൊരു പാണ്ടികൊട്ടാൻ തോന്നി. കുയിലമ്മയേയും തന്റെ മകനെയും ഓർത്ത് ക്ഷമിച്ചു, സഹിച്ചു.

പിറ്റേന്ന് തിരുവോണത്തിനും അതേ അനുഭവം. 'ചെണ്ടയ്ക്ക് രസം വിളമ്പിയില്ലേ'.

എച്ചിൽക്കൈയുമായി എഴുന്നേറ്റു പടിയിറങ്ങി പാടത്തെ 'അറ്റക്കഴായ'യിൽ കൈകഴുകി മുന്നോട്ടു നടന്നു. പിന്നീടൊരിക്കലും പണ്ടാരക്കളത്തിലെ ചോറുണ്ടിട്ടില്ല, അഭിമാനിയായ തന്റെ അച്ഛൻ.

ഓണക്കൊയ്ത്തു കഴിഞ്ഞ പാടത്ത് ഉഴവ് നടത്തണം. പക്ഷേ കന്നുകാലികൾക്കു ദീനം. വൈദ്യൻ ചാമിയാര് വന്നുനോക്കി. 'പുതുക്കാരണവരേ സംഗതി നടക്കില്ല. ഇത് പകർച്ചദണ്ണമാണ്. കണ്ടം പൂട്ടാൻ വേറെ വഴികാണണം'.

പണ്ടൊക്കെ കാളയ്ക്കും പോത്തിനും കർക്കിടകത്തിൽ സുഖചികിത്സയുണ്ട് - 'കോഴിമരുന്ന്'. കോഴിയെ കൊന്ന് തീകാച്ചി പപ്പയും പൂടയും കളഞ്ഞ് കൊത്തിനുറുക്കി പച്ചമരുന്നും അങ്ങാടിമരുന്നും ചേർത്തിടിക്കും.



'ഓരില, മൂവില, ചെറൂള, ചിറ്റമൃത്, അയമോദകം, വെളുത്തുള്ളി, ചുക്ക്, കുരുമുളക്, നെല്ലിക്ക, ജാതിക്ക, മാശിക്ക .. അങ്ങനെ മരുന്നുകൾ പലതരം വേപ്പിൻകഷായവും ആട്ടിയ നല്ലെണ്ണയും മഞ്ഞൾപ്പൊടിയും ചേർത്ത് കുഴച്ച് ഉരുളകളാക്കി കൊടുക്കും. ചാമിയാരാണ് മേൽനോട്ടം. മരുന്ന് ചെന്നാൽ ഒരു കൊല്ലത്തേക്ക് കുളമ്പുരോഗം, കുരലടപ്പൻ, മുണ്ടിനീര്, ദഹനക്കേട്, ഒന്നും വരില്ല. അവക്ക് കരുത്ത് കൂടും.

വലിയമ്മാവൻ മരിച്ചശേഷം ഈ പതിവൊന്നും ഇല്ലാതായി. കാളയുടെയും പോത്തിന്റെയും കരുത്ത് കുറഞ്ഞപ്പോൾ പത്തായം നിറയാതായി.

ദീനം വന്നു കുറേയെണ്ണം ചത്തു. മറ്റുള്ളവയെ ആൽസൻകുട്ടി മുഖാന്തിരം കശാപ്പിനുകൊടുത്തു. തൊഴുത്തു കാലിയായി.

പുതുകാരണവർ ട്രാക്ടർ വാങ്ങി. പൊള്ളാച്ചി ലക്ഷ്മണനാണ് പണം സഹായിച്ചത്.

ഒത്തതടിയും ഉയരവും. കൊമ്പൻമീശ കൂളിങ്ഗ്ലാസ്. സിൽക്കുജുബ്ബയും മുണ്ടും. കാതിൽ കടുക്കൻ, കഴുത്തിൽ കട്ടിസ്വർണ്ണച്ചെയിൻ, പത്തുവിരലിലും മോതിരം. എല്ലാ മലയാളമാസവും ഒന്നാം തീയ്യതി ലക്ഷ്മണൻ വരും. മുറ്റത്തേക്കിറങ്ങില്ല. പടിപ്പുരത്തിണ്ണയിലിരിക്കും. വലിയച്ഛൻ അങ്ങോട്ടു പോകും. സംസാരിക്കും. നാട്ടിൽ അയാൾക്കു മറ്റൊരു പേരുണ്ട്. പൊള്ളാച്ചിവട്ടി. വട്ടി എന്നാൽ പലിശ എന്നാണത്രെ അർത്ഥം.

കാര്യങ്ങൾ അത്ര പന്തിയല്ലെന്നു കണ്ട വലിയ മുത്തശ്ശി പുതുകാരണവരോട് ചോദിച്ചു

'എന്തിനാ കടം വാങ്ങണേ?'

'എനിക്കു വേണ്ടിയല്ല, ഈ തറവാടിന്റെ പേരും പെരുമയും നിലനിർത്തണ്ടെ? വലിയമ്മാമയെ ഓർക്കണ്ടേ?

ഒരു ദീർഘനിശ്വാസത്തോടെ മുത്തശ്ശി ഓർത്തു. തന്റെ ആങ്ങള രാരപ്പൻനായരെ. ഒറ്റത്തോർത്തുടുത്ത് ഓലക്കുടചൂടി കൈക്കോട്ടും പിടിച്ച് പാടവരമ്പിലൂടെ നടന്നുനീങ്ങുന്ന കാരണവരെ. പണ്ടാരക്കളം തറവാട്ടിലെ മഹാബലിയെ.

ഓണത്തോടടുത്ത ഒരു ദിവസം പൊള്ളാച്ചി ലക്ഷ്മണൻ പൂമുഖത്തേക്ക് കയറിവന്നു. എല്ലാവരും കേൾക്കെ ഉറക്കെപ്പറഞ്ഞു.

"നാൻ ലക്ഷ്മണൻ സത്യകൃത്യമായി നടപ്പവൻ. നാൻ നമ്പിയത് ഇന്ത കാരണവരെയല്ല. ഈ തറവാടിനെ. ഇന്തലക്ഷ്മണനെ നിങ്ങളാൽ രാവണനാക്കരുത്'.

മുതലും പലിശയും പലിശയുടെ പലിശയും ചേർത്ത് കണക്കാക്കിയപ്പോൾ തറവാട്ടിലെ ഇരുപ്പൂനിലം ലക്ഷ്മണന്റേതായി.

"കൊഞ്ചം പലിശ ബാക്കിയിർക്ക്. അതു പറവായില്ലൈ. അന്ത ട്രാക്റ്റർ പോതും.'

ലക്ഷ്മണൻ പതിനായിരം ഉറുപ്പിക വലിയ മുത്തശ്ശിയുടെ കയ്യിൽ വെച്ചു കൊടുത്തു' ഇത് എടപാടിന്റെ സന്തോഷത്തിന്."

(തുടരും)

# കൊല്ലവർഷം 1190-ാമാണ്ട് ചിങ്ങമാസം എങ്ങനെ?




### വിശേഷദിവസങ്ങൾ

1-ന് ആവണിപ്പിറപ്പ്, വിഷ്ണു പ്രദിപുണ്യ കാലം 12-ന് കളഭം. ദക്ഷാസാവർണ്ണിമന്വാദി. ഗോകുലാഷ്ടമി. 3-ന് മംഗളഗൗരിവ്രതം. 5-ന് ഏകാദശിവിളക്ക്. 6-ന് പ്രദോഷം. 7-ന് കേരള ജയന്തി. 9-ന് ഓച്ചിറ 13-ന് വിനായകചതുർത്ഥി, 17-ന് സിദ്ധലക്ഷ്മിവ്രതം. 20-ന് ഏകാദശി, 21-ന് പ്രദോഷവ്രതം. വാമനാവതാരം, മൃത്യുയോഗം, ആഗമാനന്ദസ്വാമി ജയന്തി. 22- ന് തിരുവോണം. 23-ന് ശ്രീനാരായണ ജയന്തി. 30-ന് അഷ്ടമിരോഹിണി, ശ്രീകൃഷ്ണജയന്തി.

| | | | |
|---|---|---|---|
| ശി | ച | | |
| | 13 ബു - കന്നി<br>15 ശു - ചിങ്ങം<br>19 കു - വൃശ്ചികം | | ര ശു ഗു |
| | | | ബു |
| | | മ കു | സ |

**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)**
ഉദരരോഗങ്ങളോ, നേത്രരോഗങ്ങളോ കാണാം. വിവാഹകാര്യത്തിൽ തീരുമാനമാകില്ല. ഗൃഹം മോടിപിടിപ്പിക്കുക, ജലസംഭരണികൾ നിർമ്മിക്കുക, ഗൃഹത്തിൽ സൽക്കർമ്മങ്ങൾ നടത്തുക, ഭൂമിസംബന്ധമായ പ്രശ്നങ്ങൾ, ദൂരയാത്രകൾ, മാതൃരോഗം, തൊഴിൽരംഗത്തുയർച്ച, കലാപ്രവർത്തനങ്ങൾ. പൊതുവെ ഗുണദോഷമിശ്രഫലം.

**എടവക്കൂറ് (കാർത്തിക 3/4, രോഹിണി, മകയീര്യം 1/2)**
പൊതുവെ വളരെ അനുകൂലസമയംതന്നെ. തൊഴിൽരംഗത്തുയർച്ചയും ഉദ്ദേശിച്ച സ്ഥലത്തേക്കുള്ള മാറ്റങ്ങളും മേലധികാരികളുടെ പ്രീതിയും അംഗീകാരവും. ഉദ്ദേശിച്ചവിധം വിവാഹകാര്യങ്ങളിൽ തീരുമാനമാകും. ദൂരദേശയാത്രകൾകൊണ്ട് നേട്ടം, മത്സരപരീക്ഷകളിൽ നല്ല വിജയം എന്നിവ. ഗൃഹത്തിൽ അല്പം ചില കലഹങ്ങളോ അസ്വസ്ഥതകളോ കണ്ടേക്കാം.

**മിഥുനക്കൂറ് (മകയീര്യം 1/2, തിരുവാതിര, പുണർതം 3/4)**
മത്സരപരീക്ഷകളിൽ വിജയം നിശ്ചിതം. അലസതയും മടിയും മൂലം ചില നല്ല അവസരങ്ങൾ കൈവിട്ടുപോകും. സർക്കാർ അംഗീകാരങ്ങളോ, പുരസ്കാരങ്ങളോ കിട്ടും. കലാകായികരംഗങ്ങളിൽ വിജയം. ഗൃഹനിർമ്മാണപ്രവൃത്തികൾ നടക്കും. അത്യാവശ്യചിലവുകൾ, യാത്രകൾ ആവശ്യമായി വരാം.

**കർക്കടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)**
ഗുണദോഷമിശ്രഫലങ്ങൾതന്നെ. യാത്രകൾ സഫലമാകും. തൊഴിൽരംഗത്തുയർച്ച, സാമ്പത്തികഉയർച്ച, വസ്തുവാഹനങ്ങൾ വാങ്ങാം. മത്സരപരീക്ഷകളിൽ ജയം. വ്യവഹാരജയം. ഗുരുസ്ഥാനികരുമായി ഒത്തുചേരാൻ അവസരം. കുടുംബചരിദ്രത-കളത്രദുരിതം-കഷ്ടനഷ്ടങ്ങൾ എന്നിവ ഫലം.

**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4)**
പൊതുവെ അനുകൂലം. അംഗീകാരങ്ങൾ, വിവാഹതീരുമാനം, തൊഴിൽപുഷ്ടി, ആരോഗ്യം തൃപ്തികരം, വസ്തുവാഹനങ്ങൾ വാങ്ങാം. ഗൃഹനിർമ്മാണം നടക്കും. വ്യവഹാരവിജയം, മത്സരപരീക്ഷകളിൽ വിജയം, മാതൃബന്ധുക്കൾക്ക് ഹാനി, സന്താനദുരിതം, കാൽപാദരോഗങ്ങൾ എന്നിവ ശ്രദ്ധിക്കുക.

**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)**
സാമ്പത്തികകഷ്ടനഷ്ടങ്ങൾ, തീരുമാനങ്ങൾ നടപ്പാക്കാൻ പ്രയാസം. നിശ്ചയിച്ചുറപ്പിച്ച വിവാഹാദികാര്യങ്ങളിൽ കാലതാമസം. തൊഴിൽരംഗത്തുയർച്ച, മത്സരപരീക്ഷകളിൽ തോൽവി. വ്യവഹാരപരാജയം. ദൂരദേശയാത്രകൾ. വസ്തുവഹകൾ നഷ്ടപ്പെടുക. ഉദരവ്യാധി. ബന്ധുജനങ്ങൾ തമ്മിൽ കലഹം. മാതൃബന്ധുക്കൾക്ക് ദുരിതം. സഹോദരദുരിതം. കുട്ടികൾക്ക് അരിഷ്ടത ഫലം.

**തുലാക്കൂറ് (ചിത്തിര 1/2, ചോതി, വിശാഖം 3/4)**
ഗുണദോഷമിശ്രഫലം. തൊഴിൽരംഗത്ത് അംഗീകാരങ്ങൾക്കും സാമ്പത്തികനേട്ടങ്ങൾക്കും വസ്തുവാഹനാദികൾ മൂലം കഷ്ടനഷ്ടങ്ങൾ, അപകടങ്ങൾ, വിവാഹതീരുമാനങ്ങൾ അലസിപ്പോകുക, ദൂരയാത്രകൾ ഇഷ്ടഫലപ്രാപ്തിവരുത്താം. പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കും. മത്സരപരീക്ഷകളിൽ വിജയം. വ്യവഹാരവിജയം എന്നിവയും ഫലം. ഗൃഹസുഖം കുറയും. അസ്വസ്ഥത മാറില്ല.

**വൃശ്ചികക്കൂറ് (വിശാഖം 1/4, അനിഴം, തൃക്കേട്ട)**
ഗുണഫലങ്ങൾ കണാം. മത്സരപരീക്ഷകളിലും വ്യവഹാരങ്ങളിലും വിജയം. വിവാഹതീരുമാനങ്ങൾ നടക്കും. പുതിയ തൊഴിലിൽ പ്രവേശിക്കാം. ഗൾഫ് യാത്രായോഗം നീണ്ടുപോകും. ദൈവിക, ധാർമ്മിക കാര്യങ്ങളിൽ പങ്കെടുക്കാം. വാഹനാപകടം സൂക്ഷിക്കുക. കാൽപാദ ഉദരരോഗങ്ങൾക്ക് സാദ്ധ്യത കാണുന്നു.

**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം 1/4)**
ഗുണദോഷമിശ്രഫലങ്ങൾ. സാമ്പത്തിക ഉയർച്ച, തൊഴിൽരംഗത്തുയർച്ച. മേലധികാരികളുടെ പ്രീതി. വസ്തു-വാഹന സംബന്ധമായി സാമ്പത്തിക മാനസിക പ്രശ്നങ്ങൾ ഉടലെടുക്കാം. ഗൃഹനിർമ്മാണം തടസ്സപ്പെടുവാനും നിയമപ്രശ്നങ്ങൾ വന്നുചേരുവാനും - കളത്രാരിഷ്ടത, വിനോദയാത്രകൾ, പുണ്യക്ഷേത്രദർശനങ്ങൾ എന്നിവയ്ക്കും യോഗം ഉണ്ട്.

**മകരക്കൂറ് (ഉത്രാടം 1/3, തിരുവോണം, അവിട്ടം 1/2)**
വളരെ അനുകൂലഫലങ്ങൾ. ദീർഘകാലമായി പ്രതീക്ഷിക്കുന്ന പല കാര്യങ്ങളിലും തീരുമാനമാകും. വിവാഹം, വാഹനലാഭം, ഗൃഹനിർമ്മാണം എന്നിവ നടക്കാം. തൊഴിൽരംഗത്ത് അംഗീകാരവും സ്ഥലമാറ്റവും, മത്സരപരീക്ഷകളിൽ വിജയം, വ്യവഹാരവിജയം എന്നിവയും ഫലം തന്നെ.

**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)**
ദൂരയാത്രകൾ ആവശ്യമായി വരും. ആരോഗ്യപ്രശ്നങ്ങൾ അലട്ടും. തൊഴിൽശ്രമങ്ങൾ വിജയിക്കില്ല. സാമ്പത്തികപ്രയാസങ്ങളും മാനസികപ്രയാസങ്ങളും കൂടും. മത്സരപരീക്ഷകൾ, വ്യവഹാരങ്ങൾ എന്നിവയിൽ തോൽവി, കളത്രാരിഷ്ടത, ദൂരദേശയാത്രകൾ, ഉദരരോഗം ഫലം.

**മീനക്കൂറ് (പൂരൂരുട്ടാതി 1/4, ഉതൃട്ടാതി, രേവതി)**
പൊതുവെ മോശമില്ല. കലാകായികരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ശോഭനമായ കാലം തന്നെ. അംഗീകാരങ്ങളും പുരസ്കാരങ്ങളും പ്രതീക്ഷിക്കാം. തൊഴിൽശ്രമങ്ങൾ വിജയിക്കും. സാമ്പത്തികനേട്ടങ്ങൾക്കും വസ്തുവാഹനാദികൾ വാങ്ങാനും മത്സരപരീക്ഷകളിലും വ്യവഹാരങ്ങളിലും വിജയിക്കും. മാതൃഗുണം, കളത്രപുത്രസുഖം ഫലം.